KOTTAYAM PUBLIC LIBRARY

Call No. M 294.532 Acc. No. 45415

Author [illegible]

Title [illegible]

938

ശ്രീ ശങ്കരഭഗവൽ പാദകൃത

# അപരോക്ഷാനുഭൂതി

(ഭാഷാവ്യാഖ്യാനസഹിതം)

ജ്ഞാനാനന്ദാശ്രമ പ്രസിദ്ധീകരണം.

...AM PUBLIC LIBRARY
45415
...TTAYAM.

പ്രസാധകൻ:

ജിജ്ഞാസുവും മുമുക്ഷുവുമായ ഒരു ഭക്തൻ

1969
ഒന്നാംപതിപ്പ് കോപ്പി: 500

NATIONAL BOOK S...
SPCS LTD.
BR. KOTTAYAM.

വ്യാഖ്യാതാവ്

സ്വാമി ജ്ഞാനാനന്ദസരസ്വതി.

# SREE SANKARABHAGAVAL PADAKRITHA

# APAROSHANUBOOTHI

(With Malayalam Commentary)

M 294.532

Publishers:

**GNANANANDASRAMAM**

KONDAYUR

Printed at:- SIVA PRESS, KOOTTANAD.

*First Impression 500 Copies*

*1969.*

**Price: Rs: 2,**

# മുഖവുര.

ഉപനിഷത്തുക്കളെക്കൊണ്ടു സംശയംതീൎന്ന തത്വബോധമുറക്കാത്തവൎക്കു പ്രകരണങ്ങളെപ്പോലെ അനുഗ്രഹദായികളായ ഗ്രന്ഥങ്ങൾ മറെറാന്നും തന്നെ ഇല്ലെന്നുപറയണം. വേണ്ടത്ര ശാസ്ത്രപരിചയവും, തപോനിഷ്ഠയും, സത്വശുദ്ധിയുമൊക്കെയുള്ളവൎക്കേ ഉപനിഷത്തുകളെക്കൊണ്ടുമാത്രം തത്വബോധത്തിൽ ദൃഢതകിട്ടാനിടയുള്ളു. അവയെല്ലാം പ്രായേണ കുറവായിരിക്കുന്ന ഇക്കാലത്തു് ജിജ്ഞാസുക്കളായ വേദാന്തവിദ്യാൎത്ഥികൾക്കു് ഏററവും പററിയ ഗ്രന്ഥങ്ങൾ പ്രകരണങ്ങൾ തന്നെയാണെന്നുപറയണം. വേദാന്തശാസ്ത്രത്തിലെ പ്രകരണഗ്രന്ഥവിഭാഗത്തിൽ ശ്രീ ശങ്കരഭഗവൽപാദരെപോലെ ഇത്രയധികം മുതൽക്കൂട്ടുണ്ടാക്കിയ മറെറാരാചാൎയ്യൻ വേദാന്തികളുടെ മണ്ഡലത്തിലിതേവരെ ഉണ്ടായിട്ടില്ലെന്നും പറയണം. അവിടുത്തെ അനേകങ്ങളായ പ്രകരണഗ്രന്ഥങ്ങളിൽ ആകൃതികൊണ്ടു ചെറുതെങ്കിലും തത്വപ്രതിപാദനംകൊണ്ടു പൂൎണ്ണമായ ഒന്നാണു് 'അപരോക്ഷാനുഭൂതി' യെന്ന ഈ കൊച്ചുപുസ്തകം. പേരുകൊണ്ടുതന്നെ ജീവനെ ചരിതാൎത്ഥനാക്കുന്ന അദ്വൈതജ്ഞാനത്തെ പ്രകാശിപ്പിക്കുന്നതാണു് ഈ ഗ്രന്ഥമെന്നു വെളിവാവുന്നുണ്ടല്ലൊ. സ്ഥൂലപ്രപഞ്ചം മുതൽ പ്രകൃതിയടക്കമുള്ള തത്വങ്ങളെ മുഴുവൻ നിരൂപിച്ചു് ആത്മതത്വത്തെ നിരാവരണം ചെയ്തുകാണിക്കുന്ന ഒരത്ഭുതപ്രതിപാ

ദനമാണ് ഇതിലെ ഉള്ളടക്കം. ജിജ്ഞാസുക്കൾക്ക് വളരെ പ്രയോജനമുള്ള ഒന്നാണ് ഈ പ്രകരണമെന്ന് നിസ്സംശയം പറയാവുന്നതാണ്. ഞങ്ങളുടെ മലയാളവ്യാഖ്യാനം വേണ്ടത്ര പ്രയോജനപ്പെട്ടിട്ടുണ്ടോ എന്ന് വായനക്കാർ തീർച്ചപ്പെടുത്തട്ടെ

ഞങ്ങളുടെ മററു പ്രസിദ്ധീകരണങ്ങളെന്നപോലെ ഈ പ്രകരണ വ്യാഖ്യാനവും മാസികയിൽ ഖണ്ഡശഃ പ്രസിദ്ധപ്പെടുത്തിയതാണ്. ഒരിക്കൽ വായിച്ചുപേക്ഷിക്കപ്പെടേണ്ടവയല്ലല്ലോ വേദാന്ത പ്രകരണങ്ങൾ. പുസ്തകരൂപത്തിൽ പ്രത്യേകം പ്രസിദ്ധീകരിക്കാതെ അതു നിലനില്ക്കാനും വയ്യ. ആ നിലക്ക് ഞങ്ങളുടെ മററു പ്രസിദ്ധീകരണങ്ങളെന്നപോലെ ഇതും ജിജ്ഞാസുക്കളുടെ ഇച്ഛയെ മുൻനിർത്തി പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുകയാണ്. ഇതിൻെറ അച്ചടിച്ചിലവുകളെല്ലാം സദയം നിർവ്വഹിച്ചുതന്ന ഉദാരനും, ത്യാഗസമ്പന്നനുമായ ഭക്തനോടു ഞങ്ങളുടെ അകൈതവമായ നന്ദിയെ അറിയിച്ചുകൊണ്ടും, ഈ പുസ്തകത്തെ ഇത്രയും വൃത്തിയായി അടിച്ചുതന്ന കൂററനാട്ട് 'ശിവ' പ്രസ്സുകാരോടു ഞങ്ങൾക്കുള്ള നന്ദിയെ രേഖപ്പെടുത്തിക്കൊണ്ടും ഈ പുതിയ പ്രസിദ്ധീകരണത്തെ വായനക്കാരുടെ മുമ്പിൽ വെച്ചുകൊള്ളുന്നു.

ജ്ഞാനാനന്ദാശ്രമം, 16—7—1969.

ജ്ഞാനാനന്ദാശ്രമ പ്രവർത്തകന്മാർ

# അപരോക്ഷാനുഭൂതി

ശ്രീ ഹരിം പരമാനന്ദ-
മുപദേഷ്ടാരമീശ്വരം
വ്യാപകം സർവ്വലോകാനാം
കാരണം തം നമാമ്യഹം. 1

സാരം:—പ്രകരണാരംഭത്തിൽ നിർവ്വിഘ്നപരിസമാപ്തിക്കു വേണ്ടി ഗുരുവിനേയും ഇഷ്ടദേവതയേയും കൂട്ടിയിണക്കി വർണ്ണിച്ചുകൊണ്ടു വന്ദിക്കുന്നു. മനുഷ്യാകാരേണ അവതരിച്ച സാക്ഷാൽ ഈശ്വരൻ തന്നെയാണു് ഗുരുവെന്നാണു് സിദ്ധാന്തം. അതിനാൽ ഇഷ്ടദേവതാസ്വരൂപിയായ ഈശ്വരനും ജ്ഞാനോപദേഷ്ടാവായ ഗുരുവും രണ്ടല്ല. ഈശ്വരനെ ഗുരുവായും ഗുരുവിനെ ഈശ്വരനായും കരുതുന്നതിൽ ഔചിത്യഭംഗവുമില്ല. ആ നിലക്കാണു് ഇവിടെ ഗുരുവിനേയും ഈശ്വരനേയും ഒന്നായി കൂട്ടിയിണക്കി വർണ്ണിച്ചിരിക്കുന്നതു്. ആനന്ദസ്വരൂപിയും, ജ്ഞാനോപദേഷ്ടാവായ ആചാര്യനും, ജഗന്നിയന്താവായ ഈശ്വരനും, അപരിച്ഛിന്നപരിപൂർണ്ണാകാരനും,

ജഗത്തിൻെറ നിമിത്തോപാദനകാരണവുമായ ശ്രീഹരിയെ—സകല മായാഭാവങ്ങളേയും ഹരിച്ച കേവലാദ്വൈതപരമാനന്ദഭാവത്തെ പ്രദാനം ചെയ്യുന്ന ആ ശ്രീഹരിയെ—ഞാൻ നമസ്കരിക്കുന്നു. ഇവിടെ "ആ" എന്ന വിശേഷണം കൊണ്ടു അവസ്ഥാത്രയത്തിൽനിന്നും കരണത്രയത്തിൽനിന്നും അതീതമായ കേവലസത്തയേയും, ശ്രീശബ്ദംകൊണ്ടു് ഐശ്വര്യാദിവിഭൂതികളേയും, ഹരിശബ്ദംകൊണ്ടു മായാനിരാസത്തിൽ ശേഷിക്കുന്ന കേവലപദത്തേയും, കാരണശബ്ദംകൊണ്ടു ജഗദുൽപ്പത്ത്യാദിസ്ഥിതിലയങ്ങളേയും വ്യഞ്ജിപ്പിക്കുകയും ചെയ്തിരിക്കുന്നു.

അപരോക്ഷാനുഭൂതിർവൈ
പ്രോച്യതേ മോക്ഷസിദ്ധയേ
സത്ഭിരേഷാ പ്രയത്നേന
വീക്ഷണീയാ മുഹുർമ്മുഹുഃ 2

സാരം:—മുമുക്ഷുക്കൾക്കു മോക്ഷാനുഭൂതിക്കുവേണ്ടി അപരോക്ഷാനുഭൂതിയുടെ സ്വഭാവത്തെപ്പറയാം. സജ്ജനങ്ങൾ കഴിച്ചോക്കെ പ്രയത്നിച്ചിട്ടെങ്കിലും ഈ പ്രകരണത്തെ ഇടയ്ക്കൊക്കെ വായിക്കേണ്ടതും പഠിക്കേണ്ടതുമാണു്. എന്തുകൊണ്ടെന്നാൽ ആത്മാവിൻെറ അപരോക്ഷതാഭാവത്തെ അറിയാതെ എത്രകാലം കഴിഞ്ഞാലും ഒരാൾ മുക്തനാവാൻ പോവുന്നില്ല. അതിനാൽ മുമു

ക്ഷം അപരോക്ഷാനുഭൂതിയുടെ സ്വഭാവത്തെ ശരിക്കറിയുകതന്നെ വേണം. പ്രപഞ്ചബോധമുള്ളപ്പോൾ ആത്മാവിൻെറ അപരോക്ഷാനുഭാവത്തെക്കുറിച്ചുശരിയായറിവുണ്ടാവാൻ വിഷമമാണു്. എങ്കിലും പ്രയത്നിച്ചെങ്കിലും സാധിക്കണം. ഒരിക്കൽ സാമാന്യമായറിഞ്ഞുകഴിഞ്ഞാൽ ആ അറിവു നഷ്ടപ്പെടാതിരിക്കാൻ മിക്കപ്പോഴും അതിനെ ഓർമ്മിച്ചുകൊണ്ടിരിക്കുകയും വേണം. എങ്കിലേ കാലം കൊണ്ടെങ്കിലും ജീവന്മുക്തിയാകുന്ന അനുഭൂതി പ്രകാശിക്കൂ.

സ്വവർണ്ണാശ്രമധർമ്മേണ
തപസാ ഹരിതോഷണാൽ
സാധനം പ്രഭവേൽ പുംസാം
വൈരാഗ്യാദി ചതുഷ്ടയം. 3

സാരം:_അവരവരുടെ വർണ്ണത്തിനും ആശ്രമത്തിനും അനുരൂപമായ ധർമ്മത്തെ തെറ്റുകൂടാതെ ആചരിക്കുന്നു എന്നുള്ളതുതന്നെ ഒരു തപസ്സാണു്. ധർമ്മാനുഷ്ഠാനരൂപമായ പ്രസ്തുത തപസ്സുകൊണ്ടു് ഈശ്വരപ്രസാദത്തിന്നു പാത്രമാകുമ്പോൾ സ്വാഭാവികമായിത്തന്നെ സാധനചതുഷ്ടയസമ്പത്തിയുണ്ടാവും. വൈരാഗ്യം, ആത്മാനാത്മവിവേകം, ശമാദിഷൾക്കസമ്പത്തി, മുമുക്ഷുത്വം ഇവയാണു് സാധനചതുഷ്ടയം. അവ വേണ്ടത്ര വളരുമ്പോഴാണു് ഒരാൾക്കു് ആത്മജ്ഞാനത്തെ ഗ്രഹി

ക്കാനുള്ള അർഹതയും പാകതയുമുണ്ടാവുന്നതു്. അതിനാൽ ധർമ്മാനുഷ്ഠാനസ്വരൂപമായ തപസ്സാണു് ഒരു മുമുക്ഷുവിനാദ്യമുണ്ടാവേണ്ടതു്.

ബ്രഹ്മാദിസ്ഥാവരാന്തേഷു
വൈരാഗ്യം വിഷയേഷ്വനു
യഥൈവ കാകവിഷ്ഠായാം
വൈരാഗ്യം തദ്ധി നിർമ്മലം. 4

സാരം:-ബ്രഹ്മാവു മുതല്ക്കു് അല്ലെങ്കിൽ ബ്രഹ്മലോകം മുതൽ സ്ഥാവരപദാർത്ഥങ്ങളടക്കമുള്ള വിഷയങ്ങളിൽ, കാകവിഷ്ഠാദി മലിനപദാർത്ഥങ്ങളിലെന്നപോലെ സ്വാഭാവികമായി വെറുപ്പുണ്ടായിത്തീരുന്നതാണു് പരിശുദ്ധ വൈരാഗ്യം. പ്രായേണ വിഷയേച്ഛുക്കളും വിഷയാലുക്കളുമാണു് ജനങ്ങളൊക്കെ. വിഷയങ്ങളെ അന്വേഷിച്ചുകൊണ്ടും സമ്പാദിച്ചുകൊണ്ടും അനുഭവിച്ചുകൊണ്ടും തന്നെ ആയുഷ്കാലം മുഴുവൻ കഴിച്ചുകൂട്ടുന്നവരാണു് സാധാരണ ജനങ്ങൾ. അങ്ങിനെയുള്ളവൎക്കു് എല്ലാ വിഷയങ്ങളിലും കഠിനമായ വെറുപ്പുണ്ടായിത്തീരണമെങ്കിൽ ഈശ്വരാനുഗ്രഹം തന്നെ വേണം. അതുകൊണ്ടാണു് ആദ്യംതന്നെ ധർമ്മാനുഷ്ഠാനംകൊണ്ടു് ഈശ്വരാനുഗ്രഹത്തിനു പാത്രമായിത്തീരണമെന്നു പറഞ്ഞതു്.

KOTTAYAM PUBLIC LIBRARY. KOTTAYAM.

നിത്യമാത്മസ്വരൂപം ഹി
ദൃശ്യം തദ്വിപരീതഗം
ഏവംയോനിശ്ചയഃ സമ്യക്
വിവേകാ വസ്തുനഃ സ വൈ 5

സാരം:- എല്ലാററിൻേറയും ദ്രഷ്ടാവായിരിക്കുന്ന ആത്മാവു ശാശ്വതവും സത്യവുമാണു്. എന്നാൽ ദൃശ്യങ്ങളാവട്ടെ ക്ഷണികങ്ങളും മിഥ്യകളുമാണു്. എന്നിങ്ങിനെയുള്ള സുദൃഢമായ യാതൊരു വിശ്വാസമുണ്ടോ അതിനെയാണു് ആത്മാനാത്മവിവേകമെന്നു പറയുന്നതു്. അതും ഈശ്വരാനുഗ്രഹം കൊണ്ടുമാത്രമേ പരിപുഷ്ടമായിത്തീരൂ.

സദൈവ വാസനാത്യാഗഃ
ശമോയമിതി ശബ്ദിതഃ
നിഗ്രഹോ ബാഹ്യവൃത്തീനാം
ദമ ഇത്യഭിധീയതേ. 6

സാരം:—ശമം, ദമം, തിതിക്ഷ, ഉപരതി, ശ്രദ്ധ, സമാധാനം എന്നീ ആറു ധർമ്മങ്ങളേയും കൂടിയാണു് ശമാദിഷൾക്കസമ്പത്തിയെന്നു പറയുന്നതു്. അവയിൽ ഓരോന്നിനേയും നിരൂപിക്കയാണു്. മനസ്സിൽ അനുനിമിഷം പൊന്തിക്കൊണ്ടിരിക്കുന്ന അവസാനമില്ലാത്ത വാസനാപ്രവാഹത്തെ ഫലപ്രദമായി തടയുന്നതിനെയാ

ണ് ശമമെന്നു പറയുന്നതു്. അതുപോലെ പുറമെയു
ള്ള ഇന്ദ്രിയവൃത്തികളുടെ നിരാസത്തെ ദമമെന്നും പറ
യുന്നു

വിഷയേഭ്യഃ പരാവൃത്തിഃ
പരമോപരതിർഹി സാ
സഹനം സർവ്വദുഃഖാനാം
തിതിക്ഷാ സാ ശുഭാ മതാ. 7

സാരം:—ബാഹ്യാഭ്യന്തരങ്ങളായ കരണങ്ങളെ വി
ഷയങ്ങളിൽനിന്നു കേവലം വലിച്ചെടുത്തു് അന്തർമ്മുഖ
ങ്ങളും, ആത്മാഭിമുഖങ്ങളുമാക്കിത്തീർക്കുന്ന സമ്പ്രദായ
ത്തിനാണു് ഉപരതിയെന്നു പറയുന്നതു്. അതുപോലെ
ചിന്താവിലാപങ്ങളോടുകൂടാതെ എല്ലാ ദുഃഖങ്ങളേയും
സഹിക്കുന്നതു് തിതിക്ഷയുമാണു്.

നിഗമാചാര്യവാക്യേഷു
ഭക്തിഃ ശ്രദ്ധേതി വിശ്രുതാ
ചിത്തൈകാഗ്ര്യം തു സല്ലക്ഷ്യേ
സമാധാനമിതി സ്മൃതം. 8

സാരം.—വേദവാക്യങ്ങളിലും ഗുരുവാക്യങ്ങളിലും
ആത്യന്തികയായ ഭക്തിയും വിശ്വാസവുമുണ്ടായിത്തീരു
ന്നതുതന്നെ ശ്രദ്ധ. ആത്മതത്വമാകുന്ന ലക്ഷ്യത്തെ വി
സ്മരിക്കാതെ ഏകാഗ്രമായിരിക്കുന്നു ചിത്തമെന്നുള്ളതു്

സമാധാനവുമാണ്. ലക്ഷ്യത്തെ വിസ്മരിച്ച് വിഷയത്തിലേക്കിറങ്ങുമ്പോഴാണ് സമാധാനം ഭഞ്ജിക്കപ്പെടുന്നതു്.

സംസാരബന്ധനിർമ്മുക്തിഃ
കഥം മേ സ്യാൽ കദാ വിഭോ
ഇതി യാ സുദൃഢാ ബുദ്ധി-
ർവ്വക്തവ്യാ സാ മുമുക്ഷുതാ. 9

സാരം:—അത്യന്തദുഃഖപൂർണ്ണവും, വേദനാമയവുമായ സംസാരബന്ധത്തിൽനിന്നു് എനിക്കെപ്പോഠം എങ്ങിനെ മുക്തനാവാൻ സാധിക്കും? എന്നിങ്ങിനെ എപ്പോഴും ബന്ധമുക്തിയെത്തന്നെ ചിന്തിച്ചുകൊണ്ടും ആശിച്ചുകൊണ്ടും അതിന്നുവേണ്ടിത്തന്നെ എപ്പോഴും എല്ലാ പ്രകാരത്തിലും പ്രയത്നിച്ചുകൊണ്ടും ഉള്ള നിലയിൽ ജീവിക്കുന്നതിനാണു് മുമുക്ഷുതയെന്നു പറയുന്നതു്.

ഉക്തസാധനയുക്തേന
വിചാരഃ പുരുഷേണ ഹി
കർത്തവ്യോ ജ്ഞാനസിദ്ധ്യർത്ഥ-
മാത്മനഃ ശുഭമിച്ഛതാ. 10

സാരം:—പറയപ്പെട്ട വൈരാഗ്യാദി സാധനചതുഷ്ടയ സമ്പന്നനായ പുരുഷനാണു് ആത്മജ്ഞാനസിദ്ധിക്കുവേണ്ടി ആത്മവിചാരം ചെയ്യേണ്ടതു്. എന്തു

കൊണ്ടെന്നാൽ സാധനചതുഷ്ടയസിദ്ധിയില്ലാത്തവൎക്ക് ആത്മവിചാരം ചെയ്വാനോ, അഥവാ ചെയ്താലും പ്രയോജനപ്പെടാനോ മിക്കവാറും ഇടവരില്ല. ചിത്തത്തിന്റെ അശുദ്ധിയാണതിന്നുകാരണം. എന്നാൽ സാധനചതുഷ്ടയസിദ്ധി വന്നവരുടെ കഥ അതല്ല. അവൎക്ക ശരിയായി ആത്മവിചാരം ചെയ്വാനും, അങ്ങിനെ ചെയ്താൽ വസ്തുസ്വരൂപത്തെ അറിയാനും സാധിക്കും. തനിക്കു ശ്രേയസ്സുണ്ടാവണമെന്നു വിചാരിക്കുന്ന ആരും ആത്മജ്ഞാനത്തെ സമ്പാദിക്കുകതന്നെ വേണം. ശരിയായ വേദാന്തവിചാരംകൊണ്ടു് ആത്മജ്ഞാനമുണ്ടാവുകയും ചെയ്യും.

നോൽപ്പദ്യതേ വിനാ ജ്ഞാനം
വിചാരേണാന്യസാധനൈഃ
യഥാ പദാൎത്ഥഭാനം ഹി
പ്രകാശേന വിനാ ക്വചിൽ. 11

സാരം:—പ്രകാശത്തോടുകൂടാതെ എപ്രകാരം പദാൎത്ഥങ്ങളും വ്യഞ്ജിക്കപ്പെടുന്നില്ലയോ: അതുപോലെ തത്വവിചാരത്തോടുകൂടാതെ മറെറാന്നുകൊണ്ടും ആത്മജ്ഞാനവും പ്രകാശിക്കുന്നില്ല. ഒരു പ്രകാശത്തിന്റെയും സംബന്ധമില്ലാത്ത അന്ധകാരത്തിൽ എന്തെല്ലാം പദാൎത്ഥങ്ങളുണ്ടെങ്കിലും അവയൊന്നും വ്യഞ്ജിക്കപ്പെടുന്നില്ല. അതുപോലെയാണ് ആത്മജ്ഞാനവും. തത്വ

വിചാരമില്ലാതെ ജപതപങ്ങളോ തീർത്ഥാടനങ്ങളോ എന്തൊക്കെച്ചെയ്താലും ജ്ഞാനം പ്രകാശിക്കാൻ പോവുന്നില്ല. അതിനാൽ തത്വവിചാരംതന്നെ ആത്മജ്ഞാനത്തിന്നു മുഖ്യഹേതു.

കോഽഹം കഥമിദം ജാതം
കോ വാ കർത്താഽസ്യ വിദ്യതേ
ഉപാദാനം കിമസ്തീഹ
വിചാരഃ സോയമീദൃശഃ 12

സാരം:—എന്നാൽ എന്താണ് തത്വവിചാരത്തിന്റെ സ്വരൂപം; ഏതേതു തത്വങ്ങളെയാണ് വിചാരിക്കേണ്ടതു്? എന്നാണെങ്കിൽ പറയാം. ഞാൻ ആരാണ്; എവിടുന്നു് എന്തുകാരണത്താലാണ് ജനിച്ചുവന്നതു്? എവിടേയ്ക്കു് എന്തുകാരണത്താലാണ് മരിച്ചുപോവുന്നതു്? ദൃഷ്ടമായ ഈ ജഗത്തെങ്ങിനെയുണ്ടായി? ആരാണീ ജഗന്നിർമ്മാണത്തിന്റെ കർത്താവു്? എന്താണ് ഉപാദാനവസ്തു? എന്നിങ്ങനെയുള്ള കാര്യങ്ങളെ സൂക്ഷ്മമായി വിചാരം ചെയ്തു് അവയുടെ പരമാർത്ഥത്തെ അറിയൽതന്നെ തത്വവിചാരത്തിന്റെ സാമാന്യസ്വരൂപം.

നാഹം ഭൂതഗണോ ദേഹോ
നാഹം ചാക്ഷഗണസ്തഥാ
ഏതൽവിലക്ഷണഃ കശ്ചിൽ
വിചാരഃ സോയമീദൃശഃ 13

സാരം:—ദൃഷ്ടമായ ഈ ജഗത്തു് പഞ്ചഭൂതാത്മകമാണു്. പൃഥിവ്യാദി പഞ്ചഭൂതങ്ങളല്ലാതെ ഒന്നുംതന്നെ ഇതിലില്ല. ഇവിടെ എന്തെല്ലാം പദാൎത്ഥങ്ങളുണ്ടെങ്കിലും, അവയെല്ലാം പഞ്ചഭൂതമാത്രകഠം കൂടിച്ചേൎന്നുള്ളവയാണു്. എന്നാൽ അങ്ങിനെയുള്ള പഞ്ചഭൂതങ്ങളാണോ ഞാൻ എന്നാണെങ്കിൽ അതല്ല. ഭൂതങ്ങഠം ജഡങ്ങളും ഞാൻ ചൈതന്യസ്വരൂപനുമാണു്. കൂടാതെ ഭൂതങ്ങളും ഭൌതികവസ്തുക്കളുമെല്ലാം ദൃശ്യങ്ങളും ഞാൻ ദ്രഷ്ടാവുമാണു്. ആ സ്ഥിതക്കു് പഞ്ചഭൂതങ്ങളോ ഭൌതികവസ്തുക്കളോ അല്ല ഞാനെന്ന കാൎയ്യം വ്യക്തമാണു്. ശരീരവും ഭൌതികവസ്തുക്കളിൽ പെട്ടതാണെന്നു കരുതാം. എന്തുകൊണ്ടെന്നാൽ ഭൂതമാത്രകഠംതന്നെയാണു് ശരീരത്തിൻെറയും ഉപാദാനം. അതിനാൽ ഭൂതങ്ങളുടെ ജഡത്വദൃശ്യത്വാദിധൎമ്മങ്ങഠം ശരീരത്തിനും ബാധകങ്ങളാണു്. അതിനാൽ ഞാൻ ശരീരവുമല്ലെന്നു വ്യക്തമാണു്. അതുപോലെ ശബ്ദാദി വിഷയഗ്രാഹകങ്ങളായ ഇന്ദ്രിയങ്ങളും ഞാനല്ല. ശരീരേന്ദ്രിയങ്ങളിൽനിന്നതീതമായ മറെറാന്നാണു് ഞാനെന്നു തീൎച്ചയാണു്. എന്നിങ്ങിനെ ചെയ്യപ്പെടുന്ന വിചാരസമ്പ്രദായത്തെയാണു് തത്വവിചാരമെന്നു പറയുന്നതു്.

അജ്ഞാനപ്രഭവം സൎവ്വം
ജ്ഞാനേന പ്രവിലീയതേ
സങ്കല്പോ വിവിധഃ കൎത്താ
വിചാരഃ സോയമീദൃശഃ 14

PUBLIC LIBRARY KOTTAYAM

സാരം:— അജ്ഞാനംകൊണ്ടുണ്ടായതല്ലാതെ ഒന്നും തന്നെ ഇവിടെയില്ല. എന്തുകൊണ്ടെന്നാൽ ജ്ഞാനംകൊണ്ടു ജഗത്ത് മുഴുവൻ ലയിക്കുന്നു എന്നതുകൊണ്ടുതന്നെ. ജ്ഞാനപ്രകാശത്തിൽ ഇല്ലാതായിത്തീരുന്ന ഏതൊരു വസ്തുവിൻെറയും നിമിത്തോപാദാനകാരണങ്ങൾ അജ്ഞാനം മാത്രമാണെന്നു് സ്പഷ്ടമാണ്. കയറിൽ തോന്നപ്പെടുന്ന പാമ്പും, കുററിയിൽ തോന്നപ്പെടുന്ന പുരുഷനും അജ്ഞാനത്തിൻെറ സന്താനങ്ങളാണല്ലോ. വെളിച്ചം പ്രകാശിച്ചാൽ അവയില്ലാതാവുകയും ചെയ്യും. അതുപോലെ വസ്തുസ്മൃതിയാകുന്ന അജ്ഞാനത്തിൽനിന്നാണു് എല്ലാ ജഗദ്വസ്തുക്കളുടെയും ഉൽപ്പത്തി. വസ്തുബോധമാകുന്ന ജ്ഞാനപ്രകാശത്തിൽ അവയെല്ലാം ലയിക്കുകയും ചെയ്യും. അതിനാൽ അനാത്മവസ്തുക്കളുടെയെല്ലാം സൃഷ്ടികർത്താവ് മിഥ്യാസങ്കല്പംതന്നെ. സങ്കല്പമടങ്ങുമ്പോൾ അജ്ഞാനമോ ജഗത്തോ ശേഷിക്കുന്നില്ല. വസ്തുസ്വരൂപത്തെ അറിയുമ്പോൾ സങ്കല്പങ്ങളൊക്കെയൊടുങ്ങും. അതിനാൽ ആത്മബോധമില്ലായ്മതന്നെ ദുഃഖഹേതു. എന്നീ സമ്പ്രദായത്തിലുള്ള വിചാരം തന്നെ തത്വവിചാരം.

ഏതദയോർദ്ധ്വപാദാന
മേകം സൂക്ഷ്മം സദവ്യയം
യദൈവ മൃൽഘടാദീനാം
വിചാരഃ സോയമീദൃശഃ 15

സാരം:—ഘടശരാവാദി പദാൎത്ഥങ്ങളുടെ ഉപാദാന വസ്തു മണ്ണാണ്. മണ്ണിന്നു് യാതൊരു മാററവുമില്ലാതെ മണ്ണിൽ കല്പിക്കപ്പെടുന്ന കല്പനകളാണ് ഘടാദിപദാൎത്ഥങ്ങൾ. അവയുണ്ടാവുന്നതിന്റെ മുമ്പും ഉണ്ടായപ്പോഴും നശിച്ചു കഴിഞ്ഞാലും മണ്ണല്ലാതെ മറെറാന്നുമില്ല. മൂന്നു കാലത്തും മണ്ണിന്നു് മാററമൊന്നും സംഭവിച്ചിട്ടുമില്ല. എന്നാൽ മദ്ധ്യകാലത്തു് പരമാൎത്ഥവസ്തുവായ മണ്ണിനെ വിസ്മരിച്ചു ഘടാദികളെ ഗ്രഹിച്ചു എന്നു മാത്രം. അങ്ങിനെ ചെയ്യുമ്പോഴും മണ്ണിന്നു മാററമൊന്നും സംഭവിച്ചിട്ടുമില്ല. ഭ്രമംകൊണ്ടു മണ്ണിനെ വിസ്മരിച്ചപ്പോഴാണ് മൂന്നു കാലത്തുമില്ലാത്തവയായ ഘടാദിവസ്തുക്കളുടെ പ്രതീതിയും അവയിൽ സത്യബുദ്ധിയുമുണ്ടായതു. മൃൽബുദ്ധി വരുന്നതോടെ ഘടാദി വസ്തുക്കളുടെ അസൽഭാവം ബോദ്ധ്യമാവുകയും ചെയ്യുന്നു. അതുപോലെ സ്ഥൂലസൂക്ഷ്മാത്മകവും അനേകവുമായ ഈ ജഗത്തിന്നു് ഏകവും സൂക്ഷ്മവുമായ സദ്വസ്തുവാണ് ഉപാദാനമായിട്ടിരിക്കുന്നതു്. ജഗത്തുണ്ടാവുന്നതിന്നുമുമ്പും, നശിച്ചതിന്നശേഷവും സദ്വസ്തുവല്ലാതെ മറെറാന്നുംതന്നെയില്ല. മദ്ധ്യകാലത്തു് ജഗദാകാരേണ ഗ്രഹിക്കപ്പെടുന്നതും അതേ സദ്വസ്തുതന്നെയാണ്. അതിനെപ്പോഴും മാററമൊന്നും സംഭവിച്ചിട്ടില്ല. ഭ്രമംകൊണ്ടുണ്ടായിത്തീൎന്നതാണ് ജഗൽപ്രതീതി. എന്നീ രൂപത്തിലാണ് തത്വവിചാരം ചെയ്യപ്പെടേണ്ടതു്.

അഹമേകോപി സൂക്ഷ്മശ്ച
ജ്ഞാതാ സാക്ഷീ സദവ്യയഃ
തദഹം നാത്ര സന്ദേഹോ
വിചാരഃ സോയമീദൃശഃ. 16

സാരം:—ജഗത്തു മുഴുവൻ അറിയപ്പെടുന്ന വസ്തുവാണു്. അവയുടെയെല്ലാം ജ്ഞാതാവായിട്ടിരിക്കുന്നതു് ഞാൻ മാത്രമാണു്. ഞാൻ ശരീരമോ മനസ്സോ പ്രാണനോ ബുദ്ധിയോ ഒന്നുമല്ല. എന്തുകൊണ്ടെന്നാൽ അവയും എൻെറ ദൃശ്യങ്ങളാണു്. ചുരുക്കത്തിൽ ഞാനൊഴിച്ചു് മറെറല്ലാം എൻെറ ദൃശ്യങ്ങൾ മാത്രമാണു്. ദ്രഷ്ടാവായ ഞാൻ ഒരിക്കലും ദൃശ്യമാവാൻ വയ്യെന്നതിനാൽ ദൃശ്യപ്രപഞ്ചത്തിലൊന്നിനോടും സംബന്ധപ്പെട്ടതല്ല ഞാൻ. ഞാൻ ആത്മാവും, മറെറല്ലാം അനാത്മാവുമാണു്. അനാത്മവസ്തുക്കളെല്ലാം ജഡങ്ങളായതിനാൽ ദ്രഷ്ടൃത്വവും ജ്ഞാതൃത്വവും എനിക്കു മാത്രമാണുള്ളതു്. എന്തുകൊണ്ടെന്നാൽ ആത്മാവായ ഞാൻ ചൈതന്യമാണു്. ഞാനൊഴിച്ചു് മറെറല്ലാം ജഡങ്ങളാകയാൽ അവക്കു് ഒന്നിനെയും കാണാനോ അറിയാനോ സാദ്ധ്യമല്ല. അതിനാൽ എന്നെ അറിയാനും ഞാനല്ലാതെ മററാരുമില്ല. ജഡങ്ങളും ദൃശ്യങ്ങളുമായ അനാത്മവസ്തുക്കളെല്ലാം ക്ഷണികങ്ങളും നശ്വരങ്ങളുമാണു്. എന്നാൽ ഞാനാകട്ടെ ഒരിക്കലും നാശമോ ഉൽപ്പത്തിയോ ഇല്ലാതെ ശാശ്വതസ്വരൂപനായിരിക്കുന്നു. അതുപോലെ അ

നാത്മവസ്തുക്കളെല്ലാം സ്വപ്നപദാൎത്ഥങ്ങളെന്നപോലെ പ്രതിഭാസങ്ങൾ മാത്രമാണു്. ആത്മാവായ ഞാനാകട്ടെ സത്യസ്വരൂപനും, അനാത്മാക്കളുടെ വിക്രിയകൾക്കു സാക്ഷിയുമായിരിക്കുന്നു. എന്നിങ്ങിനെ ആത്മാനാത്മാക്കളെ വേർതിരിച്ചറിഞ്ഞുകൊണ്ടുള്ള നിരൂപണത്തെ തത്വവിചാരമെന്നു പറയുന്നു.

ആത്മാ വിനിഷ്കളോ ഹ്യേകോ
ദേഹോ ബഹുഭിരാവൃതഃ
തയോരൈക്യം പ്രപശ്യന്തി
കിമജ്ഞാനമതഃ പരം. 17

സാരം:—ആത്മാവു് ഏകവും നിൎവ്വികാരവുമാണു്. എന്നാൽ ശരീരമാകട്ടെ അനേകം അനാത്മവസ്തുക്കളുടെ സംഘാതമാണു്. കൂടാതെ ആത്മാവു് ചൈതന്യവും ശരീരം ജഡവുമാണു്; ആത്മാവു് സത്യവും ശരീരം മിത്ഥ്യയുമാണു്. ഇങ്ങിനെ ഏതു പ്രകാരത്തിൽ നോക്കിയാലും ആത്മാവും ശരിരവും അന്യോന്യവിരുദ്ധങ്ങളും വിരുദ്ധധൎമ്മങ്ങളോടും ലക്ഷണങ്ങളോടും കൂടിയവയുമാണു്. ആ സ്ഥിതിക്കു ശരീരത്തെ ഒരിക്കലും ആത്മാവായി ഗണിക്കാൻ പാടില്ലാത്തതാണു്. മൂഢതകൊണ്ടു ശരീരത്തെയാണു് താനാകുന്ന ആത്മാവായി ബോധിക്കുന്നതെന്നു വന്നാൽ അതിൽപ്പരം അജ്ഞാനം മറെറന്താണുണ്ടാവേണ്ടതു്!

ആത്മാ നിയാമകശ്ചാന്ത-
ൎദ്ദേഹോ ബാഹ്യോƒനിയാമകഃ
തയോരൈക്യം പ്രപശ്യന്തി
കിമജ്ഞാനമതഃ പരം. 18

സാരം:— ആത്മാവു് അന്തൎയ്യാമിയും ശരീരമടക്കം എല്ലാററിൻേറയും നിയാമകനുമാണു്. എന്നാൽ ശരീരം പുറമേയുള്ളതും നിയമിതകോടിയിൽപെട്ട ഒരു വസ്തു മാത്രവുമാണു്. ഈ സ്ഥിതിക്കു് ആത്മാവിന്നും ശരീരത്തിന്നും തമ്മിലുള്ള അന്യോന്യ വൈരുദ്ധ്യം പ്രത്യക്ഷമാണു്. എന്നിട്ടും ശരീരത്തെ ആത്മാവായി തെററിദ്ധരിക്കുന്നുവെങ്കിൽ അതിൽപ്പരം അജ്ഞാനം മറെറന്താണുള്ളതു്!

ആത്മാ ജ്ഞാനമയഃ പുണ്യോ
ദേഹോ മാംസമയോƒശുചിഃ
തയോരൈക്യം പ്രപശ്യന്തി
കിമജ്ഞാനമതഃ പരം 19

സാരം:— ആത്മാവു ജ്ഞാനസ്വരൂപനും, പരിശുദ്ധനും, പുണ്യാത്മകനുമാണു്. എന്നാൽ ശരീരം മാംസാദി ധാതുമയവും, അതേ കാരണത്താൽതന്നെ അത്യന്ത മലിനവുമാണു്. ഈ സ്ഥിതിക്കു് ആത്മാവും ശരീരവും ഒന്നാവാൻ വയ്യെന്നു പറയേണ്ടതില്ലല്ലോ. എ

ന്നാലും ശരീരത്തെ ആത്മാവായി തെററിദ്ധരിക്കുന്നുവെങ്കിൽ അതിൽപ്പരം അജ്ഞാനം മറെറന്താണുണ്ടാവേണ്ടതു്!

ആത്മാ പ്രകാശകഃ സ്വച്ഛോ
ദേഹസ്താമസ ഉച്യതേ
തയോരൈക്യം പ്രപശ്യന്തി
കിമജ്ഞാനമതഃ പരം. 20

സാരം:— ആത്മാവു സ്വയം പ്രകാശനാണു്. ആത്മപ്രകാശത്തിലാണു് മറെറല്ലാം വിളങ്ങുകയും കാണപ്പെടുകയും ചെയ്യുന്നതു്. ആത്മാവിനെ പ്രകാശിപ്പിക്കാൻ ആത്മാവല്ലാതെ മറെറാരു ചൈതന്യമില്ല. എന്നാൽ മറെറല്ലാം വിളങ്ങുന്നതു് ആത്മപ്രകാശത്തിലാണുതാനും. ശരീരം കേവലം അന്ധകാരസ്വരൂപവും ആത്മപ്രകാശത്തിൽ വിളങ്ങേണ്ട പദാർത്ഥങ്ങളിൽ ഒന്നുമാണു്. ആ സ്ഥിതിക്കു് ആത്മാവും ശരീരവും എങ്ങിനെ ഒന്നായിത്തീരും? എന്നിട്ടും ശരീരത്തെ ആത്മാവാണെന്നു ബോധിക്കുന്നുവെങ്കിൽ അതിൽപ്പരം അജ്ഞാനം മറെറന്താണുണ്ടാവേണ്ടതു്!

ആത്മാ നിത്യോ ഹി സദ്രൂപോ
ദേഹോഽനിത്യോ ഹ്യസന്മയഃ
തയോരൈക്യം പ്രപശ്യന്തി
കിമജ്ഞാനമതഃ പരം. 21

സാരം:—ആത്മവു നിത്യനും സദ്രൂപിയുമാണ്. എന്നാൽ ശരീരം അനിത്യവും അസദ്രൂപവുമാണ്. ഇതിലധികം വൈരുദ്ധ്യം എങ്ങിനെയുണ്ടാവും? ഇത്ര വലിയ വൈരുദ്ധ്യമുണ്ടായിട്ടും ശരീരത്തെ ആത്മാവായിക്കാണുന്നുവെങ്കിൽ എന്തൊരജ്ഞാനമാണത്. ഇതിൽപ്പരം അജ്ഞാനമുണ്ടാവാൻ വയ്യ.

ആത്മനസ്സൽ പ്രകാശത്വം
യൽ പദാൎത്ഥാവഭാസനം
നാഗ്ന്യാദിദീപ്തിവൽ ദീപ്തി-
ർഭവത്യാന്ധ്യം യതോനിശി. 22

സാരം:—ആത്മാവു സ്വയം പ്രകാശമാണെന്നും ആത്മാവിൻെറ പ്രകാശത്തിലാണ് എല്ലാ പദാൎത്ഥങ്ങളും വിളങ്ങുന്നതെന്നും പറഞ്ഞുവല്ലോ. ആത്മാവ് എപ്പോഴും എല്ലായിടത്തും പ്രകാശിക്കുന്നുമുണ്ട്. എന്നാൽ ആദിത്യചന്ദ്രപ്രകാശങ്ങളില്ലാത്ത രാത്രിയിൽ എന്തുകൊണ്ടാണെല്ലായിടത്തും അന്ധകാരം പരക്കുന്നത് എന്നു സംശയമുണ്ടാവാം. അതു ശരിയല്ല. അഗ്നിപ്രകാശമെന്നപോലെയുള്ള ദീപ്തിയല്ല ആത്മാവിൻെറ സ്വയംപ്രകാശത്വം; വിജ്ഞാനസ്വരൂപമാണ്. ആദിത്യപ്രകാശത്തിൽ പദാൎത്ഥം വിളങ്ങിയാലും ആത്മജ്യോതിസ്സിലാണ് അതു് അറിയപ്പെടുന്നത്. അതിനാൽ ആത്മാവ് സ്വയം പ്രകാശസ്വരൂപം തന്നെ.

ദേഹോഹമിത്യയം മൂഢോ
മത്വാ തിഷ്ഠത്യഹോ ജനഃ
മമായമിത്യപി ജ്ഞാത്വാ
ഘടദ്രഷ്ടേവ നസ്വ്വദാ. 23

സാരം:—കേവലം മൂഢബുദ്ധികഠം ശരീരത്തെ ഞാനെന്നഭിമാനിക്കുന്നു. വാസ്തവത്തിൽ താം നാരിക്കലും ശരീരമായിട്ടില്ലെന്നു് അല്പമാലോചിച്ചാലറിയാവുന്നതേ ഉള്ളു. എങ്കിലും അങ്ങനെ ചെയ്യാതെ ശരീരത്തെ താനെന്നും ശരീരധർമ്മങ്ങളെ തൻെറ ധർമ്മങ്ങളെന്നും തെററിദ്ധരിക്കുന്നു. അവർതന്നെ ചിലപ്പോഠം എൻെറ ശരീരമെന്നും അഭിമാനിക്കാറുണ്ടു്. എൻെറ ശരീരമെന്നുപറയുമ്പോഠം ഞാൻ ശരീരത്തിൽനിന്നു ഭിന്നനാണെന്നു സ്പഷ്ടമാണല്ലോ. ഘടത്തെ കാണുന്നൊരാഠം താൻ ഘടമാണെന്നു ധരിക്കാറില്ല. അതുപോലെ ശരീരത്തെക്കാണുന്നൊരാഠം താൻ ശരീരമാണെന്നു ധരിക്കുന്നുവെങ്കിൽ അതിൽപ്പരം മൂഢത മറെറന്താണുള്ളതു്? എന്നാൽ അജ്ഞന്മാക്കിടയിൽ അങ്ങനെയെല്ലാം സംഭവിക്കുന്നുവെന്നതാണു് പരമാത്ഥം.

ബ്രഹ്മൈവാഹം സമഃ ശാന്തഃ
സച്ചിദാനന്ദലക്ഷണഃ
നാഹം ദേഹോ ഹ്യസദ്രൂപോ
ന്ധഥാനമിത്യുച്യതേ ബുധൈഃ. 24

സാരം:...എന്നാൽ ജ്ഞാനികളാരും അങ്ങനെ അഭിമാനിക്കാറില്ല. സത്ത് ചിത്ത് ആനന്ദലക്ഷണസ്വരൂപവും ശാന്തവും സമവുമായ ബ്രഹ്മമാണ് ഞാനെന്നാണ് ജ്ഞാനികളുടെ അഭിമാനം. ബ്രഹ്മലക്ഷണങ്ങളെയാണ് തൻെറ ധർമ്മങ്ങളായി അവർ കണക്കാക്കുന്നതും. അല്ലാതെ മിഥ്യാപ്രതിഭാസമാകുന്ന ശരീരത്തെ ഞാനെന്നഭിമാനിക്കലല്ല ജ്ഞാനിയുടെ ലക്ഷണം. അവരങ്ങിനെ ചെയ്യാറുമില്ല. ശരീരത്തെ ഞാനെന്നഭിമാനിക്കുന്നവരെ ആരും ജ്ഞാനികളായിക്കരുതാറുമില്ല.

നിർവ്വികാരോ നിരാകാരോ
നിരവദ്യോഹമവ്യയഃ
നാഹം ദേഹോഹ്യസദ്രൂപോ
ജ്ഞാനമിത്യുച്യതേ ബുധൈഃ. 25

സാരം:—ആകാരമോ, വികാരമോ, അവധിയോ ഇല്ലാത്ത ശാശ്വതമായ ബ്രഹ്മതത്വമാണ് ഞാൻ; അല്ലാതെ മിഥ്യാപ്രതിഭാസസ്വരൂപമായ ശരീരമല്ല. എന്നാണ് ജ്ഞാനികളുടെ അഭിമാനത്തിൻെറ സ്വരൂപം. അങ്ങിനെയുള്ള ശുദ്ധാഭിമാനംകൊണ്ടു സ്വയം അപരിച്ഛിന്ന സച്ചിദാനന്ദബ്രഹ്മസ്വരൂപികളായവരെ മാത്രമേ ജ്ഞാനികളെന്നു പറയാറുമുള്ളു.

നിരാമയോ നിരാഭാസോ
നിർവ്വികല്പോഹമാതതഃ

നാഹം ദേഹോ ഹ്യസദ്രൂപോ
ജ്ഞാനമിത്യുച്യതേ ബുധൈഃ 26

സാരം:—ആദ്ധ്യാത്മികാദി ത്രിവിധതാപങ്ങളിൽനിന്നും അതീതവും, ഭൂതാസംശ്ശൂന്യവും, സ്വയം പ്രകാശവും, വികല്പരഹിതവും, സമ്പൂൎണ്ണവും, സൎവ്വത്ര വ്യാപ്തവുമായ ബ്രഹ്മതത്വമാണ് ഞാൻ. അല്ലാതെ മിത്ഥ്യാപ്രതീതിസ്വരൂപവും, ജഡവുമായ ശരീരമല്ല. എന്നാണ് ജ്ഞാനികളുടെ അഭിമാനത്തിന്റെ സ്വരൂപം. അങ്ങിനെ അഭിമാനിക്കുന്നവരെ മാത്രമേ ജ്ഞാനികളെന്നു പറയാവുമുള്ളു. ശരീരാഭിമാനികൾ മൂഢന്മാരല്ലാതെ ജ്ഞാനികളാവാൻ വയ്യ.

നിൎഗ്ഗുണോ നിഷ്ക്രിയോ നിത്യോ
നിത്യമുക്തോഹമച്യുതഃ
നാഹം ദേഹോ ഹ്യസദ്രൂപോ
ജ്ഞാനമിത്യുച്യതേ ബുധൈഃ. 27

സാരം:—സത്വരജസ്തമസ്സുകളാകുന്ന ഗുണങ്ങളുടെയാതൊരു സംബന്ധവുമില്ലാത്തതും, ആ കാരണത്താൽ തന്നെ യാതൊരു കൎമ്മത്തിന്റെയും സ്ഫുരണമില്ലാത്തതുമായ കേവല നിൎഗ്ഗുണസ്വരൂപമാണ് ബ്രഹ്മം. ഗുണവ്യാപ്തിയില്ലാത്തതിനാൽ ചലനമോ, ഫലനമില്ലാത്തതിനാൽ ക്രിയയോ ബ്രഹ്മത്തിലില്ല. ക്രിയാസംബന്ധമോ കർത്തൃഭോക്തൃഭാവങ്ങളോ ബ്രഹ്മത്തിലില്ലാത്തതി

PUBLIC LIBRARY ... M.

നാൽ ജനനമരണങ്ങളോ, ക്ഷയവൃദ്ധികളോ, ത്രിവിധഭേദങ്ങളോ ഇല്ലാതെ എപ്പോഴും ഒരുപോലെ ശാശ്വതമായും അദ്വൈതമായും ഇരിക്കുന്ന ബ്രഹ്മതത്വം. വിക്രിയകളില്ലാത്തതിനാൽ ബന്ധമുക്തികളും നാശഭയംകൂടിയും ബ്രഹ്മത്തിലില്ല. അപ്രകാരമെല്ലാമുള്ള ബ്രഹ്മതത്വമാണു് ഞാൻ. അല്ലാതെ മിത്ഥ്യാപ്രതിഭാസസ്വരൂപമായ ശരീരമല്ല. എന്നാണു് ജ്ഞാനികളുടെ അഭിമാനസ്വരൂപം.

നിർമ്മലോ നിശ്ചലോനന്തഃ
ശുദ്ധോഹ മജരോമരഃ
നാഹം ദേഹോ ഹ്യസദ്രൂപോ
ജ്ഞാനമിത്യുച്യതേ ബുധൈഃ. 28

സാരം:—അതുപോലെ സത്വാദിഗുണങ്ങളുടെ വികാസമില്ലാത്തതിനാൽ വികാരത്തിൻെറയോ കർമ്മസ്പർശത്തിൻെറയോ യാതൊരു മാലിന്യവും ബ്രഹ്മതത്വത്തെ ബാധിക്കുന്നില്ല. അതിനാൽ പരമനിർമ്മലമാണു് ബ്രഹ്മം. കൂടാതെ ഗുണബാധയില്ലാത്തതിനാൽ ചലനവുമില്ലാതെ പരമനിശ്ചലമായിരിക്കുന്നു. ത്രിവിധഭേദങ്ങളോ തന്നിൽനിന്നന്യമായ മറെറാന്നിൻെറ സ്ഫുരണമോ ഇല്ലാത്തതിനാൽ അദ്വൈതവും അനന്തവും കൂടിയാണു്. തന്നിൽനിന്നന്യമായ മറെറാന്നിൻെറയും പ്രതീതി എപ്പോഴുമില്ലെന്നതിനാൽ ശുദ്ധിക്കു യാതൊ

രു കുറവുമില്ലാതെ പരമശുദ്ധിയും, ജന്മജരാദിഭാവങ്ങളി ല്ലാതെയുമിരിക്കുന്നു. അപ്രകാരമെല്ലാമിരിക്കുന്ന ബ്രഹ്മ മാണു് ഞാൻ. അല്ലാതെ മിത്ഥ്യാപ്രതിഭാസസ്വരൂപമല്ല. എന്ന ബോധമാണു് ജ്ഞാനത്തിൻെറ സ്വരൂപമെന്നു അറിവുള്ളവർ പറയുന്നു.

സ്വദേഹേ ശോഭനം സന്തം
പുരുഷാഖ്യം ച സമ്മതം
കിം മൂർഖ ശൂന്യമാത്മാനം
ദേഹാതീതം കരോഷി ഭോഃ! 29

സാരം: — ആത്മസ്വരൂപത്തെക്കുറിച്ചുള്ള ഉപദേശ ങ്ങളെക്കേട്ട ശ്രോതാവു പൂർവ്വപക്ഷത്തെ അവതരിപ്പിക്ക യാണു്. ദൃഷ്ടമായ ഈ ശരീരത്തിൽ എല്ലാവക്കും അറി യത്തക്കനിലയിലും ആദരിക്കത്തക്കനിലയിലും മംഗളക രമായ ആത്മഭാവം നിലനിന്നുകൊണ്ടിരിക്കെ എന്തിനാ ണു് ആത്മാവിനെ ദേഹാതീതമാക്കിത്തീക്കുന്നതു ? അ തൊരു പ്രകാരത്തിൽ മൂർഖതയല്ലേ? കാണാനും അറിയാ നും കഴിയുന്ന സുന്ദരമായ ശരീരം ആത്മാവായിട്ടിരി ക്കെ അതിനെ ആത്മാവല്ലെന്നു പറഞ്ഞു തള്ളിക്കള ഞ്ഞു്, കാണാനും അറിയാനും കഴിയാത്ത മറെറാന്തോ ഒന്നാണു് ആത്മാവെന്നു പറയേണ്ട ആവശ്യമെന്താണു്? വാസ്തവത്തിൽ ബുദ്ധിപൂർവ്വകമല്ല ആ പ്രവൃത്തിയെന്നു പോലും പറയേണ്ടേ?

സ്വാത്മാനം ശൃണു മൂർഖ ത്വം
ശ്രുത്യാ യുക്ത്യാ ച പൂരുഷം
ദേഹാതീതം സദാകാരം
സുദുർദൃശം ഭവാദൃശൈഃ. 30

സാരം:—പൂർവ്വപക്ഷത്തിന്നു മറുപടി പറയുകയാണ്. ശരീരമാണ് ആത്മാവെന്ന വിശ്വാസം ഒരിക്കലും ശരിയല്ല അങ്ങിനെയുള്ളവരെയാണ് മൂർഖന്മാരെന്നു പറയുന്നതു്. ശരീരാത്മബുദ്ധിക്കു ദൃഢത വന്നുകഴിഞ്ഞാൽ അവൎക്കു പിന്നെ ശരിയായ ആത്മബോധമുണ്ടാവാൻതന്നെ വളരെ വിഷമമുണ്ടു് എങ്കിലും ഞാൻ യുക്തിയോടും ശ്രുതിപ്രമാണത്തോടുംകൂടി പറയാം. ശ്രദ്ധവെച്ചു കേൾക്കുക. എങ്ങനെയായാലും ശരീരമല്ല ആത്മാവെന്നും, ആത്മാവു ശരീരത്തിൽനിന്നതീതമാണെന്നും എനിക്കാത്മാവിനെ അറിയാൻ കഴിഞ്ഞിട്ടില്ലെന്നുമുള്ള വിശ്വാസത്തെ ആദ്യംതന്നെ ദൃഢപ്പെടുത്തണം. എങ്കിലേ ശ്രവണംകൊണ്ടും ഫലമുണ്ടാവൂ.

അഹംശബ്ദേന വിഖ്യാതഃ
ഏക ഏവ സ്ഥിതഃ പരഃ
സ്ഥൂലത്വാൽ നൈകതാം പ്രാപ്തഃ
കഥം സ്യാൽ ദേഹകഃ പുമാൻ. 31

സാരം:—ഞാൻ എന്ന ശബ്ദംകൊണ്ടു് വിഖ്യാതമാണ് ആത്മാവ്. ശരീരം തുടങ്ങിയ എല്ലാ കരണങ്ങ

ളും എൻെറതായിട്ടാണിരിക്കുന്നതു്. ആ സ്ഥിതിക്കു് ശരീരമെങ്ങിനെ ആത്മാവാവും? കൂടാതെ ആത്മാവു് അനേകമല്ല; ഏകമാണു്. എല്ലാ ശരീരങ്ങളിലും ഞാനെന്ന ശബ്ദത്തിൽക്കൂടി വിളങ്ങിക്കൊണ്ടിരിക്കുന്ന ചൈതന്യം ഒന്നുമാത്രമാണു്. എന്നാൽ ശരീരങ്ങൾ അനേകങ്ങളുമാണു്. കൂടാതെ ആത്മാവു് അത്യന്തസൂക്ഷ്മവും, ശരീരം അത്യന്തസ്ഥൂലവുമാണു്. അതുകൊണ്ടും ശരീരമല്ല ആത്മാവെന്നു് വ്യക്തമാവുന്നു.

അഹം ദ്രഷ്ടൃതയാ സിദ്ധോ
ദേഹോ ദൃശ്യതയാ സ്ഥിതഃ
മമായമിതി നിർദ്ദേശാൽ
കഥം സ്യാൽ ദേഹകഃ പുമാൻ. 32

സാരം:—കൂടാതെ ഞാനെന്ന ശബ്ദത്തിൽക്കൂടെ വിളങ്ങുന്ന ആത്മചൈതന്യം ശരീരം തുടങ്ങിയ എല്ലാ കരണങ്ങളുടെയും ദ്രഷ്ടാവാണു്. ശരീരാദികൾ ആത്മാവിന്നു ദൃശ്യങ്ങളുമാണു്. എൻെറ ശരീരം, എൻെറ ഗൃഹം, എൻെറ കുടുംബം എന്നിങ്ങനെ പറയാറുള്ളതിനാൽ അവയെല്ലാം ആത്മാവിൻെറ ദൃശ്യങ്ങളാണെന്നു വ്യക്തമാണു്. ദ്രഷ്ടാവു് ദൃശ്യമായിത്തീരുകയെന്നതു് ഒരിക്കലും സംഭവിക്കാൻ വയ്യ. അതുകൊണ്ടും ശരീരമല്ല ആത്മാവെന്നു് സ്പഷ്ടമാണു്.

45415

അഹം വികാരഹീനസ്തു
ദേഹോ നിത്യം വികാരവാൻ
ഇതി പ്രതീയതേ സാക്ഷാൽ
കഥം സ്യാൽ ദേഹകഃ പുമാൻ 33

സാരം:—ആത്മാവിന്നു് ജനനമരണങ്ങളോ, ക്ഷയവൃദ്ധികളോ, സുഖദുഃഖങ്ങളോ ഒന്നുമില്ല. ശരീരത്തിനാകട്ടെ ഇവയെല്ലാമുണ്ടുതാനും. പറയപ്പെട്ട രണ്ടു ഭാവങ്ങളും എല്ലാവൎക്കും പ്രത്യക്ഷാനുഭവങ്ങളാണു്. അന്യോന്യവിരുദ്ധങ്ങളായ ധൎമ്മങ്ങളുള്ള രണ്ടു വസ്തുക്കൾ ഒരിക്കലും ഒന്നാവാൻ വയ്യ. പിന്നെയെങ്ങിനെയാണു് ആത്മാവു ശരീരമായിത്തീരുന്നതു്?

യസ്മാൽ പരമിതി ശ്രുത്യാ
തയാ പുരുഷലക്ഷണം
വിനിൎണ്ണീതം വിമൂഢേന
കഥം സ്യാൽ ദേഹകഃ പുമാൻ. 34

സാരം:—"യസ്മാൽ പരം" എന്നാരംഭിക്കുന്ന മന്ത്രംകൊണ്ടു് ശ്രുതി ആത്മലക്ഷണങ്ങളെ വേണ്ടപോലെ നിരൂപിക്കുകയും സിദ്ധാന്തിക്കുകയും ചെയ്തിട്ടുണ്ടു്. അതും ശരീരമാണെന്നല്ല; ദേഹാതീതമായ ചൈതന്യമാണെന്നാണു്. ഇങ്ങിനെ ശ്രുതികൊണ്ടും യുക്തികൊണ്ടും സിദ്ധമാവുന്നതു് ശരീരമല്ല ആത്മാവെന്നാണു്. ശരീരമാണു് ആത്മാവെന്നു ധരിക്കുന്നവൎക്കു് ആ ധാരണ

ക്കനുകൂലമായ ശ്രുതിയോ യുക്തിയോ ഒന്നുമില്ലതാനും. എന്നാലും ശരീരമാണാത്മാവെന്നു ധരിക്കുന്നുവെങ്കിൽ അതു മൂഢതയല്ലാതെ മററെന്താണ്?

സർവ്വം പുരുഷ ഏവേതി
സൂക്തേ പുരുഷസംജ്ഞിതേ
അപ്യുച്യതേ യതഃ ശ്രുത്യാ
കഥം സ്യാൽ ദേഹകഃ പുമാൻ. 35

സാരം:—പുരുഷസൂക്തശ്രുതിയിലും "പുരുഷ ഏവേദം സർവ്വ"മെന്നാരംഭിക്കുന്ന മന്ത്രത്തിൽ ആത്മലക്ഷണങ്ങളെപ്പറഞ്ഞിട്ടുണ്ട്. അതിലും ശരീരമാണ് ആത്മാവെന്നല്ല പറഞ്ഞിരിക്കുന്നതു്. പിന്നെയെങ്ങിനെ ശരീരം ആത്മാവാവും?

അസംഗഃ പുരുഷഃ പ്രോക്തോ
ബൃഹദാരണ്യകേപി ച
അനന്തമലസംശ്ലിഷ്ടഃ
കഥംസ്യാൽ ദേഹകഃ പുമാൻ. 36

സാരം:—ബൃഹദാരണ്യകോപനിഷത്തിലും പുരുഷൻ അസംഗനാണെന്നു പറയപ്പെട്ടിട്ടുണ്ട്. അനേകവിധ മാലിന്യങ്ങൾക്കിരിപ്പിടമാണ് ശരീരം. ആ സ്ഥിതിക്ക് ആത്മാവെങ്ങിനെ ശരീരമാവും?

തത്രൈവ ഹി സമാഖ്യാതഃ
സ്വയംജ്യോതിർഹി പൂരുഷഃ
ജഡഃ പരപ്രകാശ്യോയം
കഥം സ്യാൽ ദേഹകഃ പുമാൻ 37

സാരം:—ബൃഹദാരണ്യകോപനിഷത്തിൽ ആത്മാവസംഗനാണെന്നു പറഞ്ഞ അതേ മന്ത്രത്തിൽതന്നെ സ്വയം ജ്യോതീരൂപനാണെന്നും പറഞ്ഞിട്ടുണ്ടു്. സ്വയം പ്രകാശകനും, തന്റെ പ്രകാശംകൊണ്ടു മററുള്ളവയെക്കൂടി പ്രകാശിപ്പിക്കുന്നവനുമാണ് ആത്മാവു്. എന്നാൽ ശരീരമാകട്ടെ സ്വയം ജഡവും മറെറാന്റെങ്കിലും പ്രകാശത്തിൽമാത്രം വിളങ്ങുന്നതുമാണ്, ആ സ്ഥിതിക്കു് ആത്മാവെങ്ങിനെ ശരീരമായിത്തീരും?

പ്രോക്തോപി കർമ്മകാണ്ഡേന
ഹ്യാത്മാ ദേഹാദ്വിലക്ഷണഃ
നിത്യശ്ച തൽഫലം ഭുംക്തേ
ദേഹപാതാദനന്തരം. 38

സാരം:—കർമ്മകാണ്ഡശ്രുതികൊണ്ടും ആത്മാവു ശരീരമല്ലെന്നും, ശരീരത്തിൽനിന്നന്യമാണെന്നും, നിത്യമാണെന്നും തെളിയുന്നുണ്ടു്. അങ്ങിനെ ശ്രുതിയിൽ പറഞ്ഞിട്ടുണ്ടെന്നു മാത്രമല്ല; ശരീരംകൊണ്ടു ചെയ്ത കർമ്മങ്ങളുടെ ഫലങ്ങളെ ശരീരപാതത്തിനുശേഷം പരലോക

ത്തുവെച്ചും പുനജ്ജന്മത്തിലും ആത്മാവനുഭവിക്കുന്നുവെന്നതു പ്രസിദ്ധവും അനുഭവവുമാണ്. അതുകൊണ്ടു് ആത്മാവു ശരീരമാവാൻ വയ്യെന്നു വ്യക്തമാണ്.

ലിംഗം ചാനേകസംയുക്തം
ചലം ദൃശ്യം വികാരി ച
അവ്യാപകമസദ്രൂപം
തൽ കഥം സ്യാൽ പുമാനയം. 39

സാരം:—സ്ഥൂലശരീരമെന്നപോലെ സൂക്ഷ്മശരീരവും ആത്മാവല്ല എന്തുകൊണ്ടെന്നാൽ ആത്മലക്ഷണങ്ങളിൽ ഒന്നുപോലും സൂക്ഷ്മശരീരത്തിനില്ല. വിരുദ്ധലക്ഷണങ്ങൾ പലതുമുണ്ടുതാനും. അനേക ഘടകങ്ങൾ കൂടിച്ചേൎന്നതാണ് സൂക്ഷ്മശരീരം! എന്നാൽ ആത്മാവാകട്ടെ മറ്റൊന്നിൻേറയും ചേച്ചയില്ലാത്തതും ഏകവും അദ്വൈതവുമാണ്. കൂടാതെ ചഞ്ചലവും ദൃശ്യവുമാണ് സൂക്ഷ്മശരീരം. ആത്മാവു നിശ്ചലവും ദ്രഷ്ടാവുമാണ്. അതിനും പുറമെ പരിമിതവും അസദ്രൂപവുമാണ്. സൂക്ഷ്മശരീരം; ആത്മാവു സൎവ്വത്ര വ്യാപ്തവും സദ്രൂപവുമാണ്. ഇങ്ങിനെ നോക്കിയാൽ ആത്മലക്ഷണങ്ങളൊന്നു തന്നെ സൂക്ഷ്മശരീരത്തിലില്ലെന്നും, വിരുദ്ധലക്ഷണങ്ങളെല്ലാമുണ്ടെന്നും സ്പഷ്ടമാവും. ആ സ്ഥിതിക്കു സൂക്ഷ്മശരീരവും ആത്മാവല്ലെന്നു വ്യക്തമാണല്ലൊ. അല്ലെങ്കിൽ ദൃശ്യവസ്തുക്കളിൽപ്പെട്ട ഏതെങ്കിലും ഒന്നു ദ

ഷ്ടാവായിത്തീരുകയെന്നതു സംഭാവ്യമല്ല. എല്ലാററിന്റെയും ദ്രഷ്ടാവാണു് ആത്മാവു്. ആത്മേതരങ്ങളായ വസ്തുക്കളെല്ലാം ആത്മാവിന്റെ ദൃശ്യങ്ങളുമാണു്. പിന്നെയെങ്ങിനെ ശരീരാദികൾ ആത്മാവാവും? ഒരിക്കലും ആവാൻ വയ്യെന്നൎത്ഥം.

ഏവം ദേഹദ്വയാദന്യ
ആത്മാ പുരുഷ ഈശ്വരഃ
സൎവ്വാത്മാ സൎവ്വരൂപശ്ച
സൎവ്വാതീതോഹമവ്യയഃ. 40

സാരം:—ഇങ്ങിനെ സ്ഥൂല സൂക്ഷ്മങ്ങളായ രണ്ടു ശരീരങ്ങളിൽനിന്നും അന്യമായ ചൈതന്യമാണു് ആത്മാവു്. പ്രസ്തുത ആത്മാവുതന്നെ ഞാൻ. പുരുഷനെന്നും, ഈശ്വരനെന്നും, സൎവ്വാത്മാവെന്നും, സൎവ്വസ്വരൂപനെന്നും, സൎവ്വാതീതനെന്നും, അവ്യയനെന്നുമെല്ലാം പറയുന്നതും ഈ ആത്മാവിനെത്തന്നെ ശരീരാദികളെ ഉപാധികളാക്കി സ്വീകരിച്ചതുകൊണ്ടു പുരുഷനെന്നും, അന്നാദി പഞ്ചകോശങ്ങളുടേയും, ജീവന്റേയും, നിയാമകനാണെന്നതിനാൽ ഈശ്വരനെന്നും, സൎവ്വത്ര വ്യാപ്തനും, സൎവ്വത്തിനും ആധാരഭൂതനുമാണെന്നതിനാൽ സൎവ്വാത്മാവെന്നും, ഘടത്തിനു മണ്ണെന്നപോലെ എല്ലാ ആരോപണങ്ങൾക്കും അധിഷ്ഠാനമാണെന്നതിനാൽ സൎവ്വരൂപനെന്നും, ബുദ്ധ്യാദികിരണങ്ങൾക്കൊന്നും അ[illegible]

യാൻ കഴിയാത്തവനാണെന്നതിനാൽ സർവ്വാതീതനെന്നും, നാശരഹിതനാകയാൽ അവ്യയനെന്നും പറഞ്ഞുവരുന്നു. അപ്രകാരമെല്ലാമുള്ള ആത്മാവുതന്നെ ഞാൻ. അല്ലാതെ ശരീരമല്ല ഞാനെന്നൎത്ഥം.

ഇത്യാത്മദേഹഭാവേന
പ്രപഞ്ചസ്യൈവ സത്യതാ
യഥോക്താ തൎക്കശാസ്ത്രേണ
തതഃ കിം പുരുഷാൎത്ഥതാ. 41

സാരം:—മുൻ പറയപ്പെട്ട തോതിൽ മിത്ഥ്യാഭ്രമം കൊണ്ടു ശരീരത്തെ ആത്മാവായി തെററിദ്ധരിക്കുന്നതുകൊണ്ടാണു് പ്രപഞ്ചത്തിന്നു സത്യത്വമുണ്ടെന്നു തോന്നുന്നതു്. എന്തുകൊണ്ടെന്നാൽ പ്രപഞ്ചത്തിൻെറ ഒരു ഘടകമാണല്ലോ ശരീരവും. അതിനെ ആത്മാവെന്നും, താനെന്നും ബോധിക്കുമ്പോഴം ശരീരത്തിൽ സത്യബുദ്ധിയുണ്ടാവും. അതുവഴിക്കു പ്രപഞ്ചമൊട്ടാകെത്തന്നെയും സത്യമായി തോന്നാൻ തുടങ്ങും. തൎക്കശാസ്ത്രവും ഈ ജഗത്തു സത്യമാണെന്നു സമൎത്ഥിക്കാൻ ശ്രമിച്ചിട്ടുണ്ടു്. പക്ഷേ അതു ശരിയല്ല. അങ്ങിനെയായാൽ പിന്നെ പുരുഷാൎത്ഥമൊ അതിനുവേണ്ടിയുള്ള പ്രയത്നമൊ ആവശ്യമില്ലെന്നുവരും. അതിനു് വേദസമ്മതിയില്ല. അനുഭവവും അങ്ങിനെയല്ല. അതിനാൽ പ്രപഞ്ചം മിത്ഥ്യതന്നെ. ആത്മാവാണു് സത്യമായിട്ടിരിക്കുന്നതു്. ആത്മാവു ശരീരമല്ലതാനും.

ഇത്യാത്മദേഹഭേദേന
ദേഹാത്മത്വം നിവാരിതം
ഇദാനിം ദേഹഭേദസ്യ
ഹ്യസത്വം സ്ഫുടമുച്യതേ. 42

സാരം:—എന്നാൽ പിന്നീടു പറഞ്ഞ ശരീരത്തിന്റെയും ആത്മാവിന്റെയും നിരൂപണം വഴിക്ക് അവ രണ്ടും രണ്ടാണെന്നും, ഒരിക്കലും ശരീരം ആത്മാവാവുന്നില്ലെന്നും ബോദ്ധ്യമാവും. ഇനി ശരീരഭേദത്തിന്റെ അസൽ ഭാവത്തെ അല്ലെങ്കിൽ മിത്ഥ്യാത്വത്തെക്കുടി വ്യക്തമായിപ്പറയാം.

ചൈതന്യസ്യൈകരൂപത്വാൽ
ഭേദോ യുക്തോ ന കർഹിചിൽ
ജീവത്വം ച മൃഷാ ജ്ഞേയം
രജ്ജൗ സർപ്പഗ്രഹോ യഥാ. 43

സാരം:—ആത്മാവു സർവ്വത്ര വ്യാപ്തവും സ്വയം പ്രകാശവുമായ ചൈതന്യമാണെന്നു പറഞ്ഞുവല്ലോ. ചൈതന്യം എല്ലായിടത്തും എപ്പോഴും ഒരുപോലെയാണെന്നതിനാൽ ചൈതന്യത്തിന്നു ഭേദം കല്പിക്കാൻ വയ്യ. അതിനാൽ ആത്മാവിന്നു ഭേദമില്ലെന്നു സിദ്ധമായി. കയറിൽ പാമ്പെന്നപോലെ വെറും കല്പനാമാത്രമാണു ജീവത്വമെന്നതിനാൽ ജീവന്നും ഭേദം കല്പിക്കാൻ

വയ്യ. ആ സ്ഥിതികൾ ജഗത്തിനു മാത്രമേ ഭേദമുണ്ടാവാൻ വഴിയുള്ളൂ.

രജ്വജ്ഞാനാൽ ക്ഷണേനൈവ
യദ്വൽ രജ്ജുർഹി സർപ്പിണീ
ഭാതി തദ്വൽ ചിതിഃ സാക്ഷാൽ
വിശ്വാകാരേണ കേവലാ. 44

സാരം:—ജീവത്വം ആത്മാവിലുള്ള ആരോപണം മാത്രമാണെന്നു പറഞ്ഞുവല്ലോ. എന്നാൽ ജഗത്തും ആരോപണം മാത്രമല്ലാതെ മറ്റൊന്നുമല്ല. കയറിനെ ക്ഷണനേരം കയറെന്നറിയാതിരുന്നാൽ മതി, ഉടൻതന്നെ കയറ് സർപ്പമായി മാറുന്നതുകാണാം. അതുപോലെ ബ്രഹ്മത്തെ അല്പസമയം ബ്രഹ്മമെന്നറിയാതിരിക്കുമ്പോഴാം ജഗത്തായി മാറുന്നു എന്നുമാത്രം. വാസ്തവത്തിൽ ജഗത്തെന്ന വസ്തുവില്ല. ബ്രഹ്മത്തിലുള്ള ആരോപണം മാത്രമാണ് ജഗത്ത്.

ഉപാദാനം പ്രപഞ്ചസ്യ
ബ്രഹ്മണോന്യന്ന വിദ്യതേ
തസ്മാൽ സർവ്വപ്രപഞ്ചോയം
ബ്രഹ്മൈവാസ്തി ന ചേതരൽ. 45

സാരം:...ബ്രഹ്മമല്ലാതെ പ്രപഞ്ചത്തിനു് മറ്റുപാദാനകാരണമൊന്നുംതന്നെയില്ല. കാരണമായ ഉപാദാ

നത്തിൽനിന്നു് വേറെയാവാൻ വയ്യാത്ത കാര്യം. മണ്ണിൽനിന്നു് വേറെയല്ല ഘടം. വാസ്തവത്തിൽ ഘടമെന്ന വസ്തുതന്നെയില്ല. മണ്ണിലുള്ള ആരോപണമാണു് ഘടത്വം. അതുപോലെ ബ്രഹ്മത്തിലുള്ള ആരോപണമാണു് പ്രപഞ്ചം അതിനാൽ പ്രപഞ്ചത്തിൻെറ എല്ലാ ഘടകങ്ങളും ബ്രഹ്മമല്ലാതെ മറെറാന്നുംതന്നെയല്ല.

വ്യാപ്യവ്യാപകതാ മിത്ഥ്യാ
സർവ്വമാത്മേതി ശാസനാൽ
ഇതി ജ്ഞാതേ പരേ തത്വേ
ഭേദസ്യാവസരഃ കുതഃ 46

സാരം:—എല്ലാം ആത്മാവാണെന്ന ശ്രുതിവാക്യത്തെ അറിയുമ്പോൾ പ്രപഞ്ചത്തിൻെറ വ്യാപ്യത്വവും, ആത്മാവിൻെറ വ്യാപകത്വവുംകൂടി മിത്ഥ്യയാണെന്നു ബോദ്ധ്യമാവും. എന്തുകൊണ്ടെന്നാൽ രണ്ടാമതൊന്നുണ്ടെങ്കിലല്ലേ വ്യാപ്യാവ്യാപകത്വങ്ങൾക്കു് സ്ഥാനമുള്ളു. ഒന്നുമാത്രമാവുമ്പോൾ ഭേദമുണ്ടാവാൻ വയ്യെന്നതിനാൽ വ്യാപ്യത്വവും വ്യാപകത്വവും കേവലം കല്പനാമാത്രങ്ങളാണെന്നു സിദ്ധമാവും. ഇപ്രകാരം പരതത്വവും എല്ലാററിനും അധിഷ്ഠാനവുമായ ആത്മാവാണു് എല്ലാ ആരോപണങ്ങളായും വിളങ്ങുന്നതെന്നറിയുമ്പോൾ എങ്ങിനെ ഭേദമുണ്ടാവും? ജീവേശ്വരജഗൽ

ഭേദങ്ങൾപോലും കേവലം മിത്ഥ്യകളും കല്പനാമാത്രങ്ങളുമാണെന്നു ബോദ്ധ്യമാവും.

ശ്രുത്യാ നിവാരിതം നൂനം
നാനാത്വം സ്വമുഖേന ഹി
കഥം ഭാസോ ഭവേദന്യഃ
സ്ഥിതേ ചാദ്വയകാരണേ. 47

സാരം:—ഇങ്ങിനെ ശ്രുതിയാൽ തന്നെ നാനാത്വം കേവലം അകററപ്പെട്ടിരിക്കുന്നു. ആ സ്ഥിതിക്ക് അദ്വൈതബ്രഹ്മത്തിൽനിന്നന്യമായ ഒന്നിൻെറ പ്രതിഭാസമെങ്ങിനെയുണ്ടാവും? അദ്വൈതമാണ് പരമകാരണമെന്നു വരുമ്പോൾ നാനാത്വം നിലനില്ക്കാൻ വയ്യ. എന്തുകൊണ്ടെന്നാൽ കാരണംപോലെയല്ലാതെ, കാരണധർമ്മത്തിന്നു വിരുദ്ധമായി കാൎയ്യവസ്തുവുണ്ടാവാൻ വയ്യ. കാരണബ്രഹ്മം അദ്വൈതമാണെന്നിരിക്കെ അതിൽനിന്ന് ദ്വൈതവും നാനാത്വവുമുണ്ടാവുകയെന്നതു് സംഭാവ്യമല്ല. അതിനാൽ അദ്വൈതബ്രഹ്മത്തിൽനിന്നന്യമായി മറെറാന്നുണ്ടായിട്ടില്ലെന്നതാണ് പരമാൎത്ഥം.

ദോഷോപി വിഹിതഃ ശ്രുത്യാ
മൃത്യോർ മൃത്യും സ ഗച്ഛതി
ഇഹ പശ്യതി നാനാത്വം
മായയാ വഞ്ചിതോ നരഃ 48

സാരം:—നാനാത്വവീക്ഷണം തെററാണെന്നു മാത്രമല്ല; അതുകൊണ്ടു ദോഷമുണ്ടെന്നുകൂടി ശ്രുതി പറഞ്ഞിട്ടുണ്ടു്. മായയാൽ വഞ്ചിക്കപ്പെട്ട മനുഷ്യൻ മാത്രമേ നാനാത്വത്തെക്കാണുന്നുള്ളു. അവൻ അവന്റെ നാനാത്വദശ്നംഹേതുവായിട്ട മൃത്യുവിൽനിന്നു മൃത്യുവെ—അനേക മൃത്യുക്കളെ—അല്ലെങ്കിൽ അനേക ജന്മങ്ങളെ അനുഭവിക്കേണ്ടിവരുന്നു എന്നുപോലും ശ്രുതി പറഞ്ഞിട്ടുണ്ടു്. "ഏകമേവാദ്വിതീയം ബ്രഹ്മനേഹ നാനാസ്തി കിഞ്ചന. മൃത്യോസ്സ മൃത്യുമാപ്നോതി യ ഇഹ നാനേവ പശ്യതി" എന്നിങ്ങിനെ.

ബ്രഹ്മണഃ സവ്വഭൂതാനി
ജായന്തേ പരമാത്മനഃ
തസ്മാദേതാനി ബ്രഹ്മൈവ
ഭവന്തീത്യവധാരയേൽ. 49

സാരം:—പരമാത്മാവാകുന്ന ബ്രഹ്മത്തിൽനിന്നാണു് എല്ലാ ജീവികളും പദാത്ഥങ്ങളുമുണ്ടാവുന്നതെന്നു ശ്രുതിയുണ്ടു്. ബ്രഹ്മത്തിൽനിന്നുണ്ടാവുന്നതു് എന്തായാലും ബ്രഹ്മമല്ലാതെ മറെറാന്നാവാൻ വയ്യ. അതിനാൽ ദൃഷ്ടമായ ജഗത്തിന്റെ എല്ലാ ഘടകങ്ങളും ബ്രഹ്മമല്ലാതെ മറെറാന്നുമല്ലെന്നുതന്നെ ബോധിക്കണം. അങ്ങിനെയുള്ള ബോധമാണു് ശരിയായ ജ്ഞാനം.

ബ്രഹ്മൈവ സർവ്വനാമാനി
രൂപാണി വിവിധാനി ച
കർമ്മാണ്യപി സമഗ്രാണി
ബിഭർത്തീതി ശ്രുതിർജ്ജഗൌ. 50

സാരം:—എല്ലാവിധ നാമരൂപങ്ങളും കർമ്മങ്ങളും ഫലങ്ങളും കൂടി ബ്രഹ്മത്തിലാണുണ്ടാവുന്നതെന്നും ബ്രഹ്മമാണെല്ലാററിനേയും ഭരിക്കുന്നതെന്നുംകൂടി ശ്രുതി പറഞ്ഞിട്ടുണ്ടു്. അതിനാൽ ബ്രഹ്മത്തിൽനിന്നന്യമായി ഒന്നുംതന്നെയില്ല. വെള്ളത്തിൽ തിരകളും, നുരകളും, കുമിളകളും പൊന്തുകയും താഴുകയും ചെയ്യുന്നതുപോലെയാണു് ബ്രഹ്മത്തിൽ നാമരൂപങ്ങൾ പൊന്തുകയും താഴുകയും ചെയ്യുന്നതു്. ജലത്തിൽ പൊന്തുന്ന തിര തുടങ്ങിയ വസ്തുക്കൾ ജലത്തിൽനിന്നന്യമല്ലാത്തതുപോലെ ബ്രഹ്മത്തിൽ പൊന്തുന്ന നാമരൂപങ്ങളും ബ്രഹ്മത്തിൽനിന്നന്യമല്ല. അതിനാൽ ജഗത്തായി വിളങ്ങുന്നതും ബ്രഹ്മം തന്നെയെന്നു താല്പര്യം.

സുവർണ്ണാൽ ജായമാനസ്യ
സുവർണ്ണത്വം ച ശാശ്വതം
ബ്രഹ്മണോ ജായമാനസ്യ
ബ്രഹ്മത്വം ച തഥാ ഭവേൽ. 51

സാരം:—സ്വർണ്ണത്തിൽനിന്നുണ്ടാവുന്ന കടകകുണ്ഡലാദ്യാഭരണങ്ങൾ എല്ലപ്രകാരം എപ്പോഴും സ്വർണ്ണം മാത്ര

മായിരിക്കുന്നുവോ; അതുപോലെ ബ്രഹ്മത്തിൽനിന്നുണ്ടാവുന്ന നാമരൂപങ്ങളും എപ്പോഴും ബ്രഹ്മംതന്നെ സ്വർണ്ണത്തിൽ സ്വർണ്ണമല്ലാതെ മറെറാന്നില്ലാത്തതുപോലെ ബ്രഹ്മത്തിൽ ബ്രഹ്മമല്ലാതെ മറെറാന്നില്ല. അതിനാൽ ബ്രഹ്മത്തിൽനിന്നുണ്ടാവുന്ന എല്ലാവസ്തുക്കളും എപ്പോഴും ബ്രഹ്മംതന്നെ.

സ്വല്പമപ്യന്തരം കൃത്വാ
ജീവാത്മപരമാത്മനോഃ
യോവതിഷ്ഠതി മൂഢാത്മാ
ഭയം തസ്യാഭിഭാഷിതം. 52

സാരം:—വാസ്തവത്തിൽ ജീവാത്മാവും പരമാത്മാവും രണ്ടല്ല; രണ്ടുവസ്തുക്കളുണ്ടായിട്ടുമില്ല. അവിദ്യാസംബന്ധംകൊണ്ടുള്ള കർത്തൃത്വഭോക്തൃത്വാഭിമാനംകൊണ്ടാണ് അവ രണ്ടാണെന്നു തോന്നാനിടവന്നത്. അവിദ്യാസംബന്ധമുള്ളേടത്തോളം കാലം അങ്ങിനെ തോന്നിക്കൊണ്ടിരിക്കുകയും ചെയ്യും. അതിനാൽ വിചാരംകൊണ്ടു തത്വബോധമുണ്ടാക്കി അവിദ്യാസംബന്ധത്തേയും ഭേദബുദ്ധിയേയും നശിപ്പിക്കുകതന്നെവേണം. അങ്ങിനെ ചെയ്യാതിരിക്കും കാലത്തോളം ആക്കും ഭയം നിവൎത്തിക്കാൻ പോവുന്നില്ല. അദ്വൈതമാത്രബോധത്തിൽ ഭയത്തിന്നവകാശമില്ല. ഭേദബുദ്ധിയാണ് ഭയത്തിന്നു കാരണം. ഭേദഭാവത്തിനാകട്ടെ അവിദ്യയുമാണ്. കാരണം വിചാരംകൊണ്ടു തത്വബോധമുതിക്കു

മ്പോൾ അവിദ്യ നശിച്ച ഭേദബുദ്ധി നീങ്ങും. അപ്പോൾ മാത്രമേ ഒരാൾ നിർഭയനും സ്വതന്ത്രനമായിത്തീരുന്നുള്ളു.

യത്രാജ്ഞാനാൽ ഭവേൽ ദ്വൈത-
മിതരസ്തത്ര പശ്യതി
ആത്മത്വേന യദാ സർവ്വം
നേതരസ്തത്ര ചാണ്വപി. 53

സാരം — അദ്വൈതമായ ആത്മതത്വത്തിലുള്ള അജ്ഞാനമാണ് ദ്വൈതപ്രതീതിക്കു ഹേതു. എപ്പോൾ ആത്മാവിനെ വിസ്മരിക്കുന്നുവോ; ഉടനെ മറെറാന്നിൻെറ പ്രതീതിയുണ്ടായിത്തീരുകയെന്നതു സ്വാഭാവികമാണ്. അങ്ങിനെയുണ്ടാവുന്ന പ്രതീതിയാണ് ദ്വൈതം. ആദ്യമായുദിക്കുന്ന ദ്വൈതബോധത്തിൽ സത്യബുദ്ധിയുണ്ടാവുന്നതിനാൽ അതു പിന്നെ വളൎന്നുകൊണ്ടേ ഇരിക്കുന്നു. അങ്ങിനെ വളൎന്ന ദ്വൈതബോധമാണ് നാനാത്വസ്വരൂപമായി പ്രപഞ്ചാകാരമായിട്ടിരിക്കുന്നതു്. വാസ്തവത്തിൽ ആത്മാവിൽനിന്നന്യമായി ഒന്നുംതന്നെ സംഭവിച്ചിട്ടില്ലെന്നതാണ് പരമാൎത്ഥം. പ്രപഞ്ചമായി തോന്നപ്പെടുന്നതും ആത്മാവിനെത്തന്നെയാണ്. ആ ബോധമുദിക്കുമ്പോൾ നാനാത്വവും ദ്വൈതവും അവസാനിക്കുകയും ചെയ്യും.

യസ്മിൻ സൎവ്വാണി ഭൂതാനി
ഹ്യാത്മത്വേന വിജാനതഃ
നവൈ തസ്യ ഭവേൽ മോഹോ
ന ച ശോകോ ദ്വിതീയതഃ. 54

സാരം:—എല്ലാം ആത്മാവായി മാത്രം കാണുന്നൊരാൾക്കു ശോകത്തിന്നോ മോഹത്തിന്നോ അവകാശമില്ല. എന്തുകൊണ്ടെന്നാൽ രണ്ടാമതൊന്നിൽ നിന്നല്ലേ ശോകമോഹങ്ങളുണ്ടാവാനിടയുള്ളു. എല്ലാ നാമരൂപങ്ങളും, കൎമ്മങ്ങളും, ഫലങ്ങളുമൊക്കെ ആത്മാവായിമാത്രം കാണപ്പെട്ടപ്പോൾ അദ്വൈതഭാവമല്ലാതെ ദ്വൈതപ്രതീതിയുണ്ടാവാൻ വയ്യല്ലോ. ദ്വൈതമില്ലാത്തിടത്തു ശോകമോഹങ്ങളൊന്നുമുണ്ടാവാനും വയ്യ. അതിനാൽ എല്ലാം ആത്മാവായി കാണുന്നിടത്തു ശോകമോഹങ്ങളോ മറവു ഭാവങ്ങളോ ഉണ്ടാവാൻ വയ്യ.

അയമാത്മാഹി ബ്രഹ്മൈവ
സൎവ്വാത്മകതയാസ്ഥിതഃ
ഇതി നിൎദ്ധാരിതം ശ്രുത്യാ
ബൃഹദാരണ്യസംസ്ഥയാ. 55

സാരം:—എല്ലാ ചരാചരങ്ങളുടേയും അന്തൎയ്യാമിയായിരിക്കുന്ന ഈ ആത്മാവുതന്നെയാണു് എല്ലാമായിട്ടിരിക്കുന്നതെന്നു ബൃഹദാരണ്യശ്രുതി വ്യക്തമാക്കീട്ടുണ്ടു്. അതുപോലെ അന്തൎയ്യാമിയായ ആത്മാവു ബ്രഹ്മത്തിൽ

നിന്നു വേറെയല്ല; ബ്രഹ്മംതന്നെയാണെന്നും വ്യക്തമാക്കീട്ടുണ്ട്. അതിനാൽ ജഗത്തായും, അന്തൎയ്യാമിയായ ആത്മാവായും വിളങ്ങുന്നതു ബ്രഹ്മമാണ്; ബ്രഹ്മത്തിൽ നിന്നന്യമായി മററൊന്നുതന്നെ ഇല്ലെന്നു താല്പൎയ്യം.

അനുഭൂതോപ്യയം ലോകോ
വ്യവഹാരക്ഷമോപി സൻ
അസദ്രൂപോ യഥാ സ്വപ്ന
ഉത്തരക്ഷണബാധതഃ 56

സാരം:—ഈ ലോകത്തിലെ എല്ലാ അനുഭവങ്ങളും അനുഭവിച്ചിട്ടുള്ളവയാണ്. ഇപ്പോഴും വ്യവഹരിക്കത്തക്കവയുമാണ്. എങ്കിലും സ്വപ്നപദാൎത്ഥമെന്നപോലെ ഉത്തരക്ഷണത്തിൽ ഇല്ലാത്തവയാണ് എല്ലാം. അടുത്ത ക്ഷണത്തിൽ ഇല്ലാതായിത്തീരുന്നതാണ് ഒരു വസ്തുവെങ്കിൽ ഇപ്പോഠം ഉള്ളതാണെന്നെങ്ങിനെ വിശ്വസിക്കും? ഉള്ളതാണെന്നു വിശ്വസിക്കത്തക്ക സത്തയില്ലാത്തതും അസദ്രൂപങ്ങളുമാണ് ജഗത്തിലെ എല്ലാ വസ്തുക്കളും.

സ്വപ്നോ ജാഗരണേളീകഃ
സ്വപ്നേപി ന ഹി ജാഗരഃ
ദ്വയമേവ ലയേ നാസ്തി
ലയോപി ഹ്യുഭയോൎന്ന ച. 57

സാരം:—സ്വപ്നാനുഭവങ്ങളെല്ലാം ജാഗ്രത്തിൽ കേ

വലം ഇല്ലാത്തവയും അസദ്രൂപങ്ങളുമാണ്. അതുപോലെ സ്വപ്നത്തിൽ ജാഗ്രദനുഭവങ്ങളും അസത്യങ്ങളാണ്. ജാഗ്രൽസ്വപ്നാനുഭവങ്ങൾ രണ്ടും സുഷുപ്തിയിലില്ല. സുഷുപ്ത്യനുഭവം ജാഗ്രൽസ്വപ്നങ്ങളിലുമില്ല. ഇതാണ് ലോകാനുഭവങ്ങളുടെ സ്വഭാവം. ഇതുകൊണ്ടു പ്രപഞ്ചാനുഭവങ്ങളെല്ലാം പൂർവ്വാപരകാലങ്ങളിലില്ലാത്തവയും, വർത്തമാനകാലത്തുമാത്രം പ്രതീതിയോടുകൂടിയവയുമാണെന്നു വ്യക്തമാവുന്നു. പൂർവ്വാപരകാലങ്ങളിലില്ലാത്ത വസ്തുക്കൾ വർത്തമാനകാലത്തു മാത്രമായിട്ടുണ്ടാവാൻ കാരണമില്ല. അങ്ങിനെ സംഭവിക്കുന്നുവെങ്കിൽ അതു കേവലം തോന്നൽ മാത്രമാണെന്നും അങ്ങിനെയുള്ള പദാർത്ഥങ്ങൾ മൂന്നുകാലത്തുമില്ലാത്ത വയാണെന്നും സ്പഷ്ടമാണുതാനും.

ത്രയമേവം ഭവേൽ മിത്ഥ്യാ
ഗുണത്രയവിനിർമ്മിതം
അസ്യ ദ്രഷ്ടാഗുണാതീതോ
നിത്യോ ഹ്യേകശ്ചിദാത്മകഃ. 58

സാരം:—മുൻപറഞ്ഞ രീതിൽ ജാഗ്രദാദി അവസ്ഥാത്രയത്തിൽ ഓരോന്നിന്റെയും സത്യത്വവും, മിത്ഥ്യാത്വവും ഒരോ ദിവസവും ഓരോരുത്തരും അനുഭവിക്കുന്നുണ്ട്. സൽസ്വഭാവവും, അസൽഭാവവുംകൂടി ഒരു വസ്തുവിനുണ്ടാവാൻ വയ്യ. എന്നാൽ ജഗത്തിനെ സംബന്ധിച്ചേടത്തോളം അതാണ് സംഭവിക്കുന്നത്. അ

തുകൊണ്ടുതന്നെ ജഗത്ത് ഉള്ളതാവാൻ വയ്യെന്നു സ്പഷ്ടമാണ്. കൂടാതെ ജാഗ്രദാദി അവസ്ഥകളിൽ പ്രകാശിക്കുന്ന ജഗൽഭാവങ്ങളെയും ജാഗ്രദാദി അവസ്ഥകളെയും കാണുന്ന ചൈതന്യരൂപനായ ആത്മാവ് അവയുടെ സൽഭാവത്തെയും അസൽഭാവത്തെയും രണ്ടിനെയും സാക്ഷിരൂപേണ വീക്ഷിക്കുന്നുണ്ട്. അതിനാൽ എപ്പോഴുമുള്ളതും സത്യമായിട്ടിരിക്കുന്നതും ആത്മാവു മാത്രമാണെന്നും ജഗൽഭാവങ്ങളും ജാഗ്രദാദി അവസ്ഥകളും ചിലപ്പോൾ മാത്രമാണുണ്ടാവുന്നതെന്നും, അങ്ങിനെ ഇല്ലാത്ത വസ്തുക്കൾ ചിലപ്പോളുള്ളവയായി തോന്നപ്പെടുവാൻ സത്വാദിഗുണങ്ങളുടെ വികാസമാണ് ഹേതുവെന്നും തെളിയുന്നു. സത്വഗുണം വികസിക്കുമ്പോൾ ജാഗ്രദവസ്ഥയും സ്ഥൂലപ്രപഞ്ചവും പ്രകാശിക്കുന്നു. രജസ്സു വികസിക്കുമ്പോൾ സത്വമടങ്ങി സ്വപ്നാവസ്ഥയും സൂക്ഷ്മപ്രപഞ്ചവും പ്രകാശിക്കുന്നു. തമോഗുണവികാസത്തിലാവട്ടെ സത്വരജസ്സുകൾ രണ്ടുമടങ്ങി സുഷുപ്തിയും അവിദ്യയും പ്രകാശിക്കുന്നു. ഗുണങ്ങളുടെ ബാധയില്ലാത്ത ആത്മചൈതന്യമാകട്ടെ എപ്പോഴും ഒരുപോലിരിക്കുകയും ചെയ്യുന്നു. ഇതുകൊണ്ടു സത്യവസ്തു ആത്മാവാണെന്നും മറ്റെല്ലാം ഗുണപ്രതിഫലനങ്ങൾ മാത്രമാണെന്നും വ്യക്തമാവുകയും ചെയ്യുന്നു.

യദ്വൽ മൃദി഻ഘടഭ്രാന്തിം
ശുക്തൗ വാ രജതസ്ഥിതിം

...YAM PUBLIC LIBRARY KOTTAYAM.

തദ്വൽ ബ്രഹ്മണി ജീവത്വം
ഭ്രാന്ത്യാ പശ്യതി ന സ്വതഃ. 59

സാരം:—മണ്ണിൽ ഘടമെന്ന ഭ്രാന്തിയും, മുത്തുച്ചിപ്പിയിൽ വെള്ളിയെന്ന ഭ്രാന്തിയും എപ്രകാരം അസത്യമാണോ; അതുപോലെ ബ്രഹ്മത്തിൽ ജീവനെന്ന ഭ്രാന്തിയും കേവലം അസത്യംതന്നെ. ഘടമ്പസ്തു മൂന്നുകാലത്തും മണ്ണല്ലാതെ മണ്ണിൽനിന്നന്യമായ മറെറാരു വസ്തുവായിത്തീരുന്നില്ല. ഭ്രമംകൊണ്ടു മണ്ണിനെത്തന്നെ ഘടമെന്നു വ്യവഹരിക്കുന്നു എന്നുമാത്രം. അതുപോലെത്തന്നെയാണ് മുത്തുച്ചിപ്പിയുടേയും അവസ്ഥ. എപ്പോഴും ചിപ്പി വെള്ളിയാവുന്നില്ല. വെള്ളിയെന്ന ഭ്രമം മാത്രമാണുള്ളതു്. അതുപോലെ ബ്രഹ്മവും എപ്പോഴും ജീവനാവുന്നില്ല. ബ്രഹ്മത്തിൽ ജീവനെന്ന ഭ്രമം മാത്രമാണുള്ളതു്.

യഥാ മൃദി ഘടോ നാമ
കനകേ കുണ്ഡലാഭിധാ
ശുക്തൗ ഹി രജതഖ്യാതി–
ർജ്ജീവശബ്ദസ്തഥാ പരേ. 60

സാരം:—മണ്ണിൽ ഘടമെന്നും, സ്വർണ്ണത്തിൽ കുണ്ഡലമെന്നും, മുത്തുച്ചിപ്പിയിൽ വെള്ളിയെന്നുമുള്ള പേര് എപ്രകാരം വസ്തുശൂന്യമായും, നാമമാത്രമായും ഇരിക്കുന്നുവോ; അതുപോലെ പരമാത്മാവിൽ പറയപ്പെടുന്ന

ജീവശബ്ദവും കേവലം നാമമാത്രമാണ്. ആത്മാവിൽ നിന്നു വേറെയായി ഒരു ജീവവസ്തു എപ്പോഴും ഉണ്ടായിട്ടില്ലെന്നു താല്പര്യം.

യഥൈവ വ്യോമ്നി നീലത്വം
യഥാ നീരം മരുസ്ഥലേ
പുരുഷത്വം യഥാ സ്ഥാണൌ
തദ്വദ്വിശ്വം ചിദാത്മനി. 61

സാരം:—ആകാശത്തിൽ നീലവർണ്ണവും, മരുസ്ഥലത്തു ജലവും, കുററിയിൽ പുരുഷത്വവും എപ്രകാരം കല്പനാമാത്രമാണോ; അതുപോലെ പരമാത്മാവിൽ ജഗത്തും കല്പനാമാത്രമാണ്. മൂന്നു കാലത്തും സംഭവിച്ചിട്ടില്ലാത്തതും, വർത്തമാനകാലത്തു പ്രതീതിമാത്രവുമാണെന്നു താല്പര്യം.

യഥൈവ ശൂന്യേ വേതാളോ
ഗന്ധർവ്വാണാം പുരം യഥാ
യഥാകാശേ ദ്വിചന്ദ്രത്വം
തദ്വൽ സത്യേ ജഗൽസ്ഥിതിഃ. 62

സാരം:—ശൂന്യമായ വിജനസ്ഥലത്തു വേതാളദർശനവും, ഒന്നുമില്ലാത്തിടത്തു ഗന്ധർവ്വനഗരദർശനവും, ആകാശത്തിൽ രണ്ടു ചന്ദ്രന്റെ ദർശനവുമൊക്കെ എപ്രകാരം ഭ്രമവും, കല്പനാമാത്രവുമാണോ; അതുപോലെ സത്യ

മായ പരമാത്മാവിൽ തോന്നപ്പെടുന്ന ജഗൽഭ്രാന്തിയും കല്പനാമാത്രംതന്നെ. മൂന്നുകാലത്തും ഉണ്ടായിട്ടില്ലെന്നു താല്പര്യം.

യഥാ തരംഗകല്ലോലൈ-
ർജ്ജലമേവ സ്ഫുരത്യലം
പാത്രരൂപേണ താമ്രം ഹി
ബ്രഹ്മാണ്ഡൗഘൈസ്തഥാത്മതാ. 63

സാരം:—സമുദ്രത്തിൽ കാണപ്പെടുന്ന തിര നുര മുതലായവയെല്ലാം ഒരു പ്രകാരത്തിൽ സമുദ്രജലംതന്നെയാണ്. ജലമല്ലാതെ മററൊന്നും ജലത്തിലില്ലാത്തതിനാൽ ജലത്തിൽ തോന്നപ്പെടുന്ന പ്രതീതികൾതന്നെ തരംഗാദികളെല്ലാം. അതുപോലെ പാത്രാകാരേണ കാണപ്പെടുന്ന ചെമ്പും ചെമ്പല്ലാതെ മററൊന്നുമല്ല. ചെമ്പിൽ തോന്നപ്പെടുന്ന പ്രതീതി മാത്രമാണ് പാത്രഭാവം. അതുപോലെ ആത്മാവിൽ തോന്നപ്പെടുന്ന പ്രതീതികൾ മാത്രമാണ് ബ്രഹ്മാണ്ഡഭാവങ്ങളും. ആത്മാവല്ലാതെ ബ്രഹ്മാണ്ഡമെന്ന ഒരു വസ്തുവില്ല.

ഘടനാമ്നാ യഥാ പൃത്ഥ്വീ
പടനാമ്നാ ഹി തന്തവഃ
ജഗന്നാമ്നാ ചിദാഭാതി
ജ്ഞേയം തത്തദഭാവതഃ. 64

സാരം:—ഘടമെന്ന പേരിൽ മണ്ണും, വസ്ത്രമെന്ന പേരിൽ നൂലും എപ്രകാരം അറിയപ്പെടുന്നുവോ; അതു പോലെ ജഗത്തെന്ന പേരിൽ ബ്രഹ്മവും അറിയപ്പെടുന്നു. ഘടത്തിൻെറ എല്ലാ വശവും മണ്ണാണു്. മണ്ണല്ലാതെ ഒന്നുംതന്നെ ഘടത്തിലില്ല. നൂലല്ലാതെ വസ്ത്രത്തിലും ഒന്നുമില്ല. ഘടം ഉടയുകയോ, വസ്ത്രം കീറുകയോ ചെയ്യുമ്പോൾ അതു പ്രത്യക്ഷമാവുന്നുമുണ്ടു്. എന്നിട്ടും മണ്ണിനേയും, നൂലിനേയുമാണു് ഘടമെന്നും വസ്ത്രമെന്നും പറയുന്നതു്. അതുപോലെ ജഗത്തിലും ബ്രഹ്മമല്ലാതെ മറെറാന്നുമില്ല. ഘടത്തിൻെറ എല്ലാ ഭാഗങ്ങളും എപ്രകാരം മണ്ണു മാത്രമാണോ; അതുപോലെ ജഗത്തിൻെറയും എല്ലാ ഭാഗങ്ങളും ബ്രഹ്മം മാത്രമാണു്. ജഗത്തുബുദ്ധി നീങ്ങുമ്പോൾ ബ്രഹ്മഭാവം പ്രകാശിക്കുകയും ചെയ്യും.

സർവ്വോപി വ്യവഹാരസ്തു
ബ്രഹ്മണാ ക്രിയതേ ജനൈഃ
അജ്ഞാനാൽ ന വിജാനന്തി
മൃദേവ ഹി ഘടാദികം. 65

സാരം:—ലോകത്തിൽ ജനങ്ങൾ ചെയ്യുന്ന എല്ലാ വ്യവഹാരങ്ങളും ബ്രഹ്മത്തിൽവെച്ചും, ബ്രഹ്മം ഹേതുവായിട്ടും മാത്രമാണു്. മണ്ണില്ലാതെ ഘടമില്ലാത്തതുപോലെ ബ്രഹ്മമില്ലാതെ വ്യവഹാരവുമില്ല. പക്ഷെ ബ്രഹ്മ

ബോധമില്ലായ്മയാകുന്ന അജ്ഞാനംകൊണ്ടു് അതറിയുന്നില്ലെന്നേ ഉള്ളു.

കാര്യകാരണതാ നിത്യ-
മാസ്തേ ഘടമൃദോര്യഥാ
തഥൈവ ശ്രുതിയുക്തിഭ്യാം
പ്രപഞ്ചബ്രഹ്മണോരിഹ. 66

സാരം:—മൃത്തിന്നും, ഘടത്തിന്നും തമ്മിൽ കാരണത്വവും കാര്യത്വവുമാകുന്ന സംബന്ധമുണ്ടു്. ഘടമാകുന്ന കാര്യത്തിൻെറ കാരണമാണു് മണ്ണു്. മണ്ണില്ലെങ്കിൽ ഘടമുണ്ടാവാൻ വയ്യ. അതുപോലെ പ്രപഞ്ചത്തിന്നും ബ്രഹ്മത്തിന്നും തമ്മിലും കാര്യകാരണസംബന്ധമുണ്ടു്. ശ്രുതി പ്രമാണങ്ങൾ വഴിക്കും യുക്തികൊണ്ടും അതിനെ നിരൂപിക്കുമ്പോൾ ബോദ്ധ്യമായിത്തീരും. അങ്ങിനെ ജഗത്താകുന്ന കാര്യത്തിൻെറ കാരണമാണു് ബ്രഹ്മമെന്നും, കാര്യം കാരണത്തിൽനിന്നു വേറെയല്ലെന്നും ബോധിക്കുമ്പോൾ ബ്രഹ്മംതന്നെയാണു് ജഗത്തായി അറിയപ്പെടുന്നതെന്നും ബോദ്ധ്യമാവും. ക്രമേണ ബ്രഹ്മവും ജഗത്തും അധിഷ്ഠാനവും അദ്ധ്യാരോപവുമാണെന്നുംകൂടി ബോധിക്കാനിടവരും. അപ്പോൾ രജ്ജുസർപ്പംപോലേയും, ശുക്തികാരജതംപോലേയും, അദ്ധ്യാരോപമായ ജഗത്തു് മൂന്നുകാലത്തും സംഭവിച്ചിട്ടില്ലാത്തതും, കേവലം കല്പനാമാത്രമാണെന്നുകൂടി ബോദ്ധ്യമാവും. അപ്പോൾ

അദ്ധ്യാരോപമാകുന്ന ജഗൽഭ്രമം നീങ്ങുകയും അധിഷ്ഠാനമാകുന്ന ബ്രഹ്മതത്വം പ്രകാശിക്കുകയും ചെയ്യും.

ഗൃഹ്യമാണേ ഘടേ യദ്വൽ
മൃത്തികാ ഭാതി വൈ ബലാൽ
വീക്ഷ്യമാണേ പ്രപഞ്ചേപി
ബ്രഹ്മൈവാഭാതി ഭാസുരം. 67

സാരം:—ഘടത്തെ അംഗീകരിക്കുന്നൊരാൾ മണ്ണിനെയാണ് ഘടസ്വരൂപേണ അംഗീകരിക്കുന്നതെന്നു പ്രത്യക്ഷമാണ്. എന്തുകൊണ്ടെന്നാൽ ഘടത്തിൽ മണ്ണല്ലാതെ മറ്റൊന്നുംതന്നെയില്ല. അതുപോലെ ജഗത്തിനെ വീക്ഷിക്കുന്നൊരാളുടെ ദൃഷ്ടിയിൽ ജഗദാകാരേണ പ്രകാശിക്കുന്നതു ബ്രഹ്മം മാത്രമാണ്. എന്തുകൊണ്ടെന്നാൽ ജഗത്തിൻെറ ഏതുഭാഗത്തും ബ്രഹ്മമല്ലാതെ മറ്റൊന്നുംതന്നെയില്ല.

സദൈവാത്മാ വിശുദ്ധോപി
ഹ്യശുദ്ധോ ഭാതി വൈ സദാ
യഥൈവ ദ്വിവിധോ രജ്ജുർ
ജ്ഞാനിനോഽജ്ഞാനിനോഽനിശം. 68

സാരം:—എപ്പോഴും നിഷ്കളവും നിഷ്ക്രിയവുമാണ് ആത്മാവ്. അതിനാൽ ജഗൽഭാവാദിവിക്രിയകളോ, സത്വാദിഗുണങ്ങളാകുന്ന മാലിന്യങ്ങളോ ഇല്ല.

എപ്പോഴും നിൎമ്മലവും നിൎവ്വികാരവുമായിട്ടിരിക്കുന്നു. എങ്കിലും അജ്ഞാനദൃഷ്ടിയിൽ മിക്കപ്പോഴും സത്വാദിഗുണമാലിന്യങ്ങളോടും ജഗൽഭാവാദിവിക്രിയകളോടും കൂടിയിരിക്കുന്നു. ദ്രഷ്ടാവിൻെറ അജ്ഞതയാണു് അതിന്നഹേതു. അല്ലാതെ വസ്തുവിൻെറ ദോഷമല്ല. മാന്ദ്ധകാരത്തിൽക്കിടക്കുന്ന കയറിനെ വിജ്ഞൻ കയറായും, എന്നാൽ അജ്ഞൻ പാമ്പായും കാണുന്നു. കയറിൻെറ ദോഷംകൊണ്ടല്ലേ; ദ്രഷ്ടാവിൻെറ അജ്ഞതകൊണ്ടാണു് കയറിനെ പാമ്പായിക്കാണുന്നതു്. അതുപോലെ നിൎമ്മലവും നിൎവ്വികാരവുമായ ബ്രഹ്മത്തെ ജഗത്തായിക്കാണുന്നതും ദ്രഷ്ടാവിൻെറ അജ്ഞതകൊണ്ടുതന്നെ. ശ്രുതിയുക്തികളെ മുൻനിൎത്തി വിചാരംചെയ്തു് അജ്ഞത നീങ്ങുമ്പോൾ ബ്രഹ്മവും പരമാൎത്ഥസ്വരൂപത്തിൽ കാണപ്പെടും.

യഥൈവ മൃന്മയഃ കുംഭഃ
തദ്വൽ ദേഹോപി ചിന്മയഃ
ആത്മാനാത്മവിഭാഗോയം
മുധൈവ ക്രിയതേ ബുധൈഃ. 69

സാരം:—എപ്രകാരം ഘടം മൃൺമയം മാത്രമാണോ; അതുപോലെ ശരീരം ചിന്മയവുമാണു്. മണ്ണുതന്നെ ഘടാദി പദാൎത്ഥങ്ങളായി കാണപ്പെടുംപോലെ ബ്രഹ്മംതന്നെ ശരീരാദി പദാൎത്ഥങ്ങളായും കാണപ്പെടുന്നു

വെന്നു താല്പൎയ്യം. അതിനാൽ ആത്മാവെന്നും അനാത്മാവെന്നുമുള്ള വേർപിരിക്കൽ വെറുതെയാണ് വിദ്വാന്മാർ ചെയ്തതെന്നു പറയണം. അനാത്മാവെന്ന ഒരു പ്രത്യേകപദാൎത്ഥമുണ്ടെങ്കിലല്ലേ അതിനെ വേർതിരിക്കേണ്ടതായുള്ളു. ആത്മാവിൽനിന്നന്യമായി മറെറാന്നുമില്ലെന്നു വരുമ്പോൾ പിന്നെ അനാത്മാവാദമെങ്ങിനെ നിലനില്ക്കും?

സൎപ്പത്വേന യഥാ രജ്ജുഃ
രജതത്വേന ശുക്തികാ
വിനിൎണ്ണീതാ വിമൂഢേന
ദേഹത്വേന തഥാത്മതാ. 70

സാരം:—കയറിനെ പാമ്പായും, മുത്തുച്ചിപ്പിയെ വെള്ളിയായും എങ്ങിനെ കാണുന്നുവോ; അതുപോലെ തന്നെയാണ് ആത്മാവിനെ ശരീരമായും കാണുന്നത്. കയറൊരിക്കലും കയറല്ലാതെ മറെറാന്നായിട്ടില്ല. അതുപോലെ ചിപ്പി വെള്ളിയുമായിട്ടില്ല. ആ സ്ഥിതിക്ക് കയറിൻെറയും, ചിപ്പിയുടെയും മുന്നിൽ പാമ്പും, വെള്ളിയും ഇല്ലാത്ത വസ്തുക്കളാണ്. കേവലം കല്പനാമാത്രങ്ങളാണ്. അതുപോലെ ആത്മാവൊരിക്കലും ആത്മാവല്ലാതായിത്തീരുകയൊ, ശരീരമാവുകയൊ ചെയ്തിട്ടില്ല. ഭ്രമംകൊണ്ട് അജ്ഞന്മാർ അങ്ങിനെ പറയുന്നു എന്നുമാത്രം .ആത്മബോധമുണ്ടാവുമ്പോൾ ശരീരമെന്ന

ഒരു വസ്തുവുണ്ടായിട്ടില്ലെന്നു ബോദ്ധ്യമാവുകയും ചെയ്യും.

ഘടത്വേന യഥാ പൃത്ഥ്വീ
പടത്വേനേവ തന്തവഃ
വിനിർണ്ണീതാ വിമൂഢേന
ദേഹത്വേന തഥാത്മതാ. 71

സാരം:—മണ്ണിനെ ഘടമായും, നൂലിനെ വസ്ത്രമായും ഗ്രഹിക്കുന്നതെപ്രകാരമോ; അതുപോലെ ആത്മാവിനെ ശരീരമായി ഗ്രഹിക്കുകയാണു്. വാസ്തവത്തിൽ മണ്ണു് ഘടമോ, നൂലു് വസ്ത്രമോ ആയിട്ടില്ല. അതുപോലെ ആത്മാവു് ശരീരവുമായിട്ടില്ല. മണ്ണിൽ ഘടത്വവും, നൂലിൽ വസ്ത്രത്വവും എപ്രകാരം ആരോപണം മാത്രമാണോ; അതുപോലെ ആത്മാവിൽ ദേഹത്വവും ആരോപണമാത്രമാണു്. ആരോപണത്തിന്നു് ഹേതു അജ്ഞാനം മാത്രമാണു്. വിവേകമുണ്ടാവുമ്പോൾ അതു നീങ്ങുകയും ചെയ്യും.

കനകം കുണ്ഡലത്വേന
തരംഗത്വേന വൈ ജലം
വിനിർണ്ണീതാ വിമൂഢേന
ദേഹത്വേന തദാത്മതാ. 72

സാരം:—സ്വർണ്ണത്തെ കർണ്ണാഭരണമായും, ജലത്തെ തിരയായും കാണുന്നു അജ്ഞന്മാർ. സ്വർണ്ണം കുണ്ഡല

മോ, ജലം തിരയോ ആയിട്ടില്ല; ആവുന്നുമില്ല. അതു പോലെ ആത്മാവിനെ ശരീരമായും കാണുകയാണു് അജ്ഞന്മാർ. ആത്മാവൊരിക്കലും ശരീരമായിട്ടില്ലെന്നതാണല്ലൊ പരമാൎത്ഥം. എങ്കിലും അജ്ഞതകൊണ്ടങ്ങിനെയൊക്കെ തെററിദ്ധരിക്കുന്നു. വിവേകമുണ്ടാവുമ്പോഠം തെററിദ്ധാരണ നീങ്ങുകയും ചെയ്യും.

ചോരത്വേന യഥാ സ്ഥാണു-
ജ്ജലത്വേന മരീചികാ
വിനിൎണ്ണീതാ വിമൂഢേന
ദേഹത്വേന തഥാത്മതാ. 73

സാരം:—മന്ദാന്ധകാരത്തിൽ മരക്കുററിയെ കള്ളനായും, മരുമരീചികയെ ജലമായും തെററിദ്ധരിക്കുന്നു അജ്ഞന്മാർ. അതുപോലെയാണു് ആത്മാവിനെ ശരീരമായും തെററദ്ധരിക്കുന്നതു്. മരക്കുററി കള്ളനാവുന്നില്ല. മരീചിക ജലവുമാവുന്നില്ല. അതുപോലെ ആത്മാവു് ശരീരവുമാവുന്നില്ല. അജ്ഞതകൊണ്ടു് അങ്ങിനെ തോന്നുന്നു എന്നുമാത്രം. വിവേക മുണ്ടാവുമ്പോഠം ആ തോന്നൽ നീങ്ങുകയും ചെയ്യും.

ഗൃഹത്വേനേവ കാഷ്ഠാനി
ഖഡ്ഗത്വേനേവ ലോഹതാ
വിനിൎണ്ണീതാ വിമൂഢേന
ദേഹത്വേന തഥാത്മതാ. 74

സാരം:—മരക്കഷ്ണങ്ങളെ ഗൃഹമായും, ഇരുമ്പിൻ കഷ്ണത്തെ വാളായും ഗ്രഹിക്കാറുണ്ട് അജ്ഞന്മാർ. അതുപോലെയാണ് ആത്മാവിനെ ശരീരമായും ഗ്രഹിക്കുന്നതു്. ദാരുഖണ്ഡങ്ങൾ എങ്ങിനെയൊക്കെ ഉപയോഗപ്പെടുത്തിയാലും അവയെപ്പോഴും ദാരുഖണ്ഡങ്ങളല്ലാതെ ഒരിക്കലും ഗൃഹമൊ മററെന്തോ ആയിട്ടില്ല. അതുപോലെ ഇരിമ്പുകഷ്ണം ഇരുമ്പുകഷ്ണമല്ലാതെ എപ്പൊഴും മററൊന്നാവില്ല അതുപോലെ ആത്മാവും എപ്പോഴും ആത്മാവല്ലാതെ ശരീരമൊ മററൊന്നോ ആവുന്നില്ല, ഭ്രമംകൊണ്ടു് അങ്ങിനെ തോന്നുന്നു എന്നുമാത്രം. ഭ്രമം നീങ്ങി ആത്മബോധമുണ്ടാവുമ്പോൾ ശരീരാദി ഭ്രാന്തികളവസാനിക്കുകയും ചെയ്യും.

യഥാ വൃക്ഷവിപര്യ്യാസോ
ജലാൽ ഭവതി കസ്യ ചിൽ
തദ്വദാത്മനി ദേഹത്വം
പശ്യത്യജ്ഞാനയോഗതഃ. 75

സാരം:—തീരപ്രദേശത്തും നിശ്ചലങ്ങളായി നില്ക്കുന്ന വൃക്ഷങ്ങളും ചിലപ്പോൾ ജലപ്രതിബിംബത്തെ നോക്കുമ്പോൾ ചലിക്കുന്നുണ്ടെന്നു തോന്നും. എന്നാൽ വൃക്ഷത്തിൻെറ ചലനംകൊണ്ടല്ല അങ്ങിനെ തോന്നപ്പെടുന്നതു്. ജലത്തിൻെറ ചലനംകൊണ്ടു വൃക്ഷപ്രതിബിംബങ്ങൾക്കു മാത്രമാണ് ചലനമുള്ളതായി തോന്നപ്പെടുന്നതു്. പ്രതിബിംബത്തിൻെറ ചലനം ബിംബമാക

ന്ന വൃക്ഷത്തിന്നു ബാധകമാവുന്നില്ല. എന്തുകൊണ്ടെ ന്നാൽ ബിംബത്തിന്നോ പ്രതിബിംബത്തിന്നോ അല്ല ചലനം; പ്രതിബിംബോപാധിയായ ജലത്തിനാണ്. ജലത്തിൻെറ ചലനത്തെ പ്രതിബിംബത്തിൽ ആരോ പിക്കുക മാത്രമാണ് ചെയ്യുന്നതു്. അതിനു ഹേതു അ ജ്ഞാനമാണുതാനും. അതുപോലെ അവിദ്യാകല്പനകൊ ണ്ടു തോന്നപ്പെടുന്നതാണ് ആത്മാവിൽ ശരീരത്വം. അ ല്ലാതെ ആത്മാവൊരിക്കലും ശരീരമായിട്ടില്ല.

പോതേന ഗച്ഛതഃ പുംസഃ
സർവ്വം ഭാതീവ ചഞ്ചലം
തദ്വദാത്മനി ദേഹത്വം
പശ്യത്യജ്ഞാനയോഗതഃ 76

സാരം:—തോണിയിലിരുന്നു പുഴയിൽക്കൂടെ വേ ഗത്തിൽ പോയിക്കൊണ്ടിരിക്കുന്നൊരാൾക്കു ചുറവുപാടു മുള്ള വസ്തുക്കളെല്ലാം വേഗത്തിൽ നീങ്ങുന്നതായി തോ ന്നും. വാസ്തവത്തിൽ അവയൊന്നുമല്ല; താനാണ് നീ ങ്ങിക്കൊണ്ടിരിക്കുന്നതെന്നു സ്പഷ്ടമാണല്ലോ. അതുപോ ലെത്തന്നെയാണ് അജ്ഞാനസംബന്ധംകൊണ്ടു ശരീര ത്തെ ആത്മാവായിക്കാണുന്നതും.

പീതത്വം ഹി യഥാ ശുഭ്രേ
ദോഷാൽ ഭവതി കസ്യചിൽ
തദ്വദാത്മനി ദേഹത്വം
പശ്യത്യജ്ഞാനയോഗതഃ. 77

സാരം:—കണ്ണിനു കാമിലാരോഗം ബാധിച്ചവക്കു വെളുത്ത വസ്തുക്കളൊക്കെ മഞ്ഞവണ്ണമായി കാണപ്പെടും. കാണപ്പെടുന്ന വസ്തുവിൻെറ ദോഷമല്ല അതെന്നു സ്പഷ്ടമാണല്ലൊ. അതുപോലെ പ്രജ്ഞാദൃഷ്ടിയുടെ ദോഷം കൊണ്ടു് അല്ലെങ്കിൽ അവിവേകംകൊണ്ടാണു് ശരീരത്തെ ആത്മാവായിക്കാണാനിടവരുന്നതും.

ചക്ഷുർഭ്യാം ഭ്രമശീലാഭ്യം
സഖ്യം ഭാതി ഭ്രമാത്മകം
തദ്വദാത്മിനി ദേഹത്വം
പശ്യത്യജ്ഞാനയോഗതഃ. 78

സാരം:—ദൃഷ്ടികളെപ്പോഴും ചഞ്ചലങ്ങളാണു്. ഉറച്ചുനില്ക്കുകയെന്ന സ്വഭാവം അവക്കില്ല. അങ്ങിനെയുള്ള ദൃഷ്ടികളെക്കൊണ്ടാണല്ലോ എല്ലാററിനേയും കാണുന്നതു്. അപ്പോൾ കാണപ്പെടുന്ന പദാൎത്ഥങ്ങളുമെല്ലാം ചഞ്ചലങ്ങളെന്നു തോന്നപ്പെട്ടുകൊണ്ടിരിക്കും. അതുപോലെയാണു് അജ്ഞാനബാധകൊണ്ടു് ശരീരത്തിൽ ആത്മബുദ്ധിയുണ്ടായിത്തീന്നതും.

അലാതം ഭ്രമണേനൈവ
വൎത്തുളം ഭാതി സൂൎയ്യവൽ
തദ്വദാത്മനി ദേഹത്വം
പശ്യത്യജ്ഞാനയോഗതഃ. 79

സാരം:—ഒരു തീക്കൊള്ളിയെടുത്തു വേഗത്തിൽ വട്ടത്തിൽ ചുഴററിക്കൊണ്ടിരുന്നാൽ ആദിത്യബിംബമെന്നപോലെ വൃത്താകാരമായ ഒരു തീച്ചക്രം കാണപ്പെടും. വാസ്തവത്തിൽ തീച്ചക്രമെന്നുള്ളതില്ല; തീക്കൊള്ളി മാത്രമേ ഉള്ളവെന്നു വ്യക്തമാണല്ലോ. അതുപോലെത്തന്നെയാണു് അജ്ഞാനസംബന്ധംകൊണ്ടു് ആത്മാവിൽ ദേഹബുദ്ധിയുദിച്ചതും.

മഹത്വേ സർവ്വവസ്തൂനാ-
മണുത്വം ഹ്യതിദൂരതഃ
തദ്വദാത്മനി ദേഹത്വം
പശ്യത്യജ്ഞാനയോഗതഃ 40

സാരം:—എത്ര വലിയ പദാർത്ഥവും വിദൂരത്തിൽനിന്നു നോക്കുമ്പോൾ വളരെ ചെറുതായി കാണപ്പെടും. പദാർത്ഥം ചെറുതായതുകൊണ്ടല്ല അങ്ങിനെ കാണപ്പെടുന്നതെന്നു സ്പഷ്ടമാണല്ലോ. ദൂരദർശനം ഹേതുവായിട്ടാണു് വലിയ വസ്തു വളരെ ചെറുതായി കാണപ്പെടുന്നതു്. അതുപോലെ അജ്ഞാനംകൊണ്ടാണു് ആത്മാവിൽ ശരീരബുദ്ധിയുണ്ടായതും. അല്ലാതെ ആത്മാവു ശരീരമൊ; ശരീരം ആത്മാവോ എപ്പോഴുമായിട്ടില്ല.

സൂക്ഷ്മത്വേ സർവ്വവസ്തൂനാം
സ്ഥൂലത്വം ചോപനേത്രതഃ

തദ്വദാത്മനി ദേഹത്വം
പശ്യത്യജ്ഞാനയോഗതഃ. 81

സാരം:—ഏററവും സൂക്ഷ്മങ്ങളായ പരമാണുവസ്തുക്കഠം ഭൂതക്കണ്ണാടിയിൽക്കൂടെ നോക്കപ്പെട്ടമ്പോഠം സ്ഥൂലങ്ങളും വലിയവയുമായി കാണപ്പെടാറുണ്ടു്. അതും പദാൎത്ഥംവലുതായതുകൊണ്ടല്ല അങ്ങിനെ കാണപ്പെടുന്നതു്. അതുപോലെ അജ്ഞാനംകൊണ്ടു പ്രജ്ഞയുടെ പരമാൎത്ഥരൂപം മറഞ്ഞതുകൊണ്ടാണു് ആത്മാവിൽ ദേഹബുദ്ധിയുണ്ടാവുകയും നിലനില്ക്കുകയും ചെയ്യുന്നതു്. ഭൂതക്കണ്ണാടി മാററിയാൽ എപ്രകാരം പരമാണുവസ്തു കാണപ്പെടാതായിത്തീരുമോ; അതുപോലെ പ്രജ്ഞയുടെ അജ്ഞാനം നീങ്ങുമ്പോഠം ആത്മാവിൽ ശരീരബുദ്ധിയുമില്ലാതാവും.

കാചഭ്രമൌ ജലത്വം വാ
ജലഭ്രമൌ ഹി കാചതാ
തദ്വദാത്മാനി ദേഹത്വം
പശ്യത്യജ്ഞാനയോഗതഃ. 82

സാരം:—സ്ഫടികഭൂമിയിൽ ജലബുദ്ധിയുണ്ടായാൽ അത്ഭുതമില്ല. പക്ഷെ ജലത്തിൻെറ പ്രതീതിയല്ലാതെ ജലമുണ്ടാവാറില്ലെന്നു സ്പഷ്ടമാണല്ലോ. അതുപോലെ ജലപ്പരപ്പിൻെറ മുകളിൽ ആദിത്യരശ്മി തട്ടുമ്പോഠം സ്ഥ

ടികമാണെന്നും തോന്നിയേക്കാം. എന്നാൽ അവിടെ സ്ഫടികമില്ലെന്നും വ്യക്തമാണു്. അതുപോലെയാണു് അജ്ഞാനസംബന്ധംകൊണ്ടു് ആത്മാവിൽ ദേഹബുദ്ധിയുമുണ്ടാവുന്നതു്.

യദ്വദഗ്നൌ മണിത്വം ഹി
മണൌ വാ വഹ്നിതാപുമാൻ
തദ്വദാത്മനി ദേഹത്വം
പശ്യത്യജ്ഞാനയോഗതഃ. 83

സാരം:—തീക്കനൽ കാണുമ്പോൾ പ്രകാശമുള്ള രത്നമാണെന്നും, അതുപോലെ തേജോമയമായ രത്നത്തെക്കാണുമ്പോൾ തീക്കനലാണെന്നും തോന്നാറുണ്ടു്. അങ്ങിനെ തോന്നിയതുകൊണ്ടു തീക്കനൽ രത്നമൊ, രത്നം തീക്കനലോ ആവുന്നില്ല. അതുപോലെ അജ്ഞാനയോഗംകൊണ്ടു് ആത്മാവിൽ ദേഹബുദ്ധിയുണ്ടാവുന്നുവെങ്കിലും ആത്മാവെപ്പോഴും ശരീരമാവുന്നില്ല.

അഭ്രേഷു സത്സു ധാവത്സു
സോമോ ധാവതി ഭാതി വൈ
തദ്വദാത്മനി ദേഹത്വം
പശ്യത്യജ്ഞാനയോഗതഃ. 84

സാരം:—കാററുകൊണ്ടു മേഘങ്ങൾ ആകാശത്തൂടെ സഞ്ചരിക്കുമ്പോൾ ചിലപ്പോൾ ചന്ദ്രനാണ് ഓടി

ക്കൊണ്ടിരിക്കുന്നതു്; മേഘങ്ങൾ വെറുതെ നില്ക്കുകയാണെന്നു തോന്നാറുണ്ടു്. പരമാർത്ഥം അങ്ങിനെയല്ലെന്നു സ്പഷ്ടമാണ്. അതുപോലെയാണ് അജ്ഞാനസംബന്ധംകൊണ്ടു് ആത്മാവിൽ ദേഹബുദ്ധി ജനിക്കുന്നതു്.

യഥൈവ ദിഗ്വിപര്യ്യാസോ
മോഹാൽ ഭവതി കസ്യചിൽ
തദ്വദാത്മനി ദേഹത്വം
പശ്യത്യജ്ഞാനയോഗതഃ 85

സാരം:—ചിലപ്പോൾ ചിലക്കു ദിക്ഭ്രമമുണ്ടാവാറുണ്ടു്. കിഴക്കു ദിക്കിനെ തെക്കായോ, പടിഞ്ഞാറായോ തെററിദ്ധരിച്ചേക്കാം. ഭ്രമം മാത്രമാണ് പ്രസ്തുത തെററിദ്ധാരണയ്ക്കു ഹേതുവെന്നു തീച്ചയാണല്ലോ. അല്ലാതെ ദിക്കുകൾക്കു മാററം സംഭവിക്കുന്നതുകൊണ്ടല്ല. അതുപോലെ അജ്ഞാനഭ്രമംകൊണ്ടാണ് ആത്മാവിൽ ശരീരബുദ്ധിയുണ്ടാവുന്നതു്.

യഥാ ശശീ ജലേ ഭാതി
ചഞ്ചലത്വേന കസ്യചിൽ
തദ്വദാത്മനി ദേഹത്വം
പശ്യത്യജ്ഞാനയോഗതഃ. 86

സാരം:—ജലത്തിൽ പ്രതിഫലിച്ച ചന്ദ്രബിംബം ചിലപ്പോൾ ചഞ്ചലമായിട്ടിരിക്കാറുണ്ടു്. അങ്ങിനെ

വരുന്നു ജലത്തിൻെറ ചലനംകൊണ്ടാണ്. അല്ലാതെ ചന്ദ്രബിംബത്തിൻെറ ചലനംകൊണ്ടല്ല. ചന്ദ്രബിംബം ചലിക്കുന്നുണ്ടെന്നാരും ധരിക്കാവുമില്ല. അതുപോലെ ആത്മാവിൽ ശരീരബുദ്ധിയുണ്ടായതു് ആത്മാവു ശരീരമായതുകൊണ്ടല്ല; ബുദ്ധിയുടെ അജ്ഞാനം കൊണ്ടാണെന്നു താല്പൎയ്യം.

ഏവമാത്മന്യവിദ്യാതോ
ദേഹാദ്ധ്യാസോ ഹി ജായതേ
സ ഏവാത്മാ പരിജ്ഞാതോ
ലീയതേ ച പരാത്മനി. 87

സാരം:—മുൻപറഞ്ഞ നിലയിൽ അവിദ്യാവിലാസം ഹേതുവായിട്ടാണു് ആത്മാവിൽ ശരീരാദ്ധ്യാസം സംഭവിക്കുന്നതു്. ശരിയായ ആത്മജ്ഞാനമുണ്ടാവുമ്പോൾ അതു് നീങ്ങുകയും ചെയ്യും. വിദ്യാവികാസം കൊണ്ടാണു് ആത്മജ്ഞാനമുണ്ടാവുന്നതു്. അതുണ്ടാവുമ്പോൾ അവിദ്യാവിലാസവും അതുഹേതുവായിട്ടുണ്ടായ ആത്മാവിനെ ദേഹാദ്ധ്യാസവും നീങ്ങി അദ്വൈതം പ്രകാശിക്കുകയും ചെയ്യും.

സൎവ്വമാത്മതയാ ജ്ഞാതം
ജഗൽ സ്ഥാവരജംഗമം
അഭാവാൽ സൎവ്വഭാവാനാം
ദേഹാനാം ചാത്മതാ കുതഃ 88

സാരം:—പരാപരവസ്തുക്കളെക്കൊണ്ടു നിറയപ്പെട്ട ഈ ജഗത്തൊട്ടാകെത്തന്നെയും ആത്മചൈതന്യമല്ലാതെ മറൊന്നുമല്ല. എന്തുകൊണ്ടെന്നാൽ ആത്മാവിൽനിന്നന്യമായി മറെറാരു ഭാവവും സംഭവിച്ചിട്ടില്ല. ആ സ്ഥിതിക്കെങ്ങിനെ മറെറാന്നുണ്ടാവും? ഒന്നുംതന്നെ സംഭവിച്ചിട്ടില്ലെന്നതാണു് പരമാത്ഥം. പിന്നെ ശരീരങ്ങൾക്കെങ്ങിനെ ആത്മത്വം സിദ്ധമാവും? ആത്മാവിൽ അദ്ധ്യാസമാണു് ശരീരഭാവമെന്നു താല്പര്യം.

ആത്മാനം സതതം ജാനൻ
കാലം നയ മഹാമതേ!
പ്രാരബ്ധമഖിലം ഭുഞ്ജൻ
നോദ്വേഗം കത്തുമഹ്സി. 89

സാരം:—ബുദ്ധിമാനായ മനുഷ്യ! മുൻപറഞ്ഞതോതിൽ ആത്മാവിനെ അറിഞ്ഞു് ആത്മോപാസനം ചെയ്തുകൊണ്ടു കാലം കഴിക്ക. അതല്ലാതെ ഈ ലോകത്തിൽനിന്നു് ആക്കമൊന്നും നേടാനില്ല. വന്നുചേരുന്ന അനുഭവങ്ങളെന്തായാലും പ്രാരബ്ധകമ്മത്തിൻെറ ഫലമാണു്. അതിൽ ഇഷ്ടാനിഷ്ടങ്ങളോ രാഗദോഷങ്ങളോ കരുതാതെ അനുഭവിച്ചുകൊണ്ടു കാലയാപനം ചെയ്യുക. വരാത്തതിനെ തേടാനോ, വന്നതിനെ അകററാനോ ശ്രമിക്കാതെ ആത്മാവിനെ വിസ്മരിക്കാതെ കഴിഞ്ഞുകൂടുക. അതുകൊണ്ടുമാത്രം ചരിതാത്ഥനാവാം.

ഉൽപ്പന്നേപ്യാത്മവിജ്ഞാനേ
പ്രാരബ്ധം നൈവ മുഞ്ചതി
ഇതി യൽ ശ്രൂയതേ ശാസ്ത്രേ
തന്നിരാക്രിയതേഽധുനാ. 90

സാരം:—ആത്മജ്ഞാനമുണ്ടായാലും പ്രാരബ്ധം വിട്ടുപോവുന്നില്ല. പ്രാരബ്ധഫലം അനുഭവിച്ചുതന്നെ തീരണം. എന്നിങ്ങനെ സാധാരണജനങ്ങളൊക്കെപ്പറയാറുണ്ടു്. ശാസ്ത്രവും അതിനെ അനുവദിക്കുന്നു. എന്നാൽ അതു ശരിയല്ല. ജ്ഞാനം പൂർണ്ണമാവാത്തതുകൊണ്ടു് അല്ലെങ്കിൽ ആത്മഭാവം തികച്ചും കിട്ടാത്തതുകൊണ്ടു മാത്രമാണു് പ്രാരബ്ധം വിട്ടുപോവാത്തതു്. അതിനെ തെളിയിക്കാം.

തത്വജ്ഞാനോദയാദൂർദ്ധ്വം
പ്രാരബ്ധം നൈവ വിദ്യതേ
ദേഹാദീനാമസത്യത്വാൽ
യഥാ സ്വപ്നോ വിബോധതഃ. 91

സാരം:—പൂർവ്വജന്മങ്ങളിലെ അവശിഷ്ടകർമ്മഫലത്തെയാണല്ലോ പ്രാരബ്ധമെന്നു പറയുന്നതു്. അതും അജ്ഞാനാവസ്ഥയിൽ മാത്രമേ സത്യമായിട്ടിരിക്കുന്നുള്ളു. എന്തുകൊണ്ടെന്നാൽ തത്വജ്ഞനായ ഒരാളുടെ ദൃഷ്ടിയിൽ പൂർവ്വജന്മങ്ങൾതന്നെ സംഭവിച്ചിട്ടില്ലാത്തവയാ

കയാൽ അവയിലെ അവശിഷ്ടകർമ്മമാകുന്ന പ്രാരബ്ധമെങ്ങിനെ നിലനില്ക്കും? സ്വപ്നദൃഷ്ടാനുഭവങ്ങൾ സ്വപ്നാവസ്ഥയിൽ സത്യമായി തോന്നാറുണ്ടെങ്കിലും ഉണർന്നതിനുശേഷം ആരും അവയെ സത്യമായി കണക്കാക്കാറില്ല. സംഭവിച്ചിട്ടില്ലാത്തവയാണെന്നു വിശ്വസിക്കാറുമുണ്ടു്. അതുപോലെ തത്വജ്ഞാനമുണ്ടാവുന്നതിന്നുമുമ്പു ജന്മങ്ങളും ശരീരാദികളുമൊക്കെ സത്യമാണെന്നു തോന്നാമെങ്കിൽകൂടി തത്വജ്ഞാനം വികസിച്ചൊരാളുടെ ദൃഷ്ടിയിൽ അവയെല്ലാം ഇല്ലാത്തവയും സംഭവിക്കാത്തവയുമാണു്. അതിനാൽ പ്രാരബ്ധവും തത്വജ്ഞാനമുണ്ടാവുന്നതിന്നുമുമ്പല്ലാതെ ഉണ്ടായതിന്നുശേഷമാരേയും ബാധിക്കാനർഹതയില്ല. അതുകൊണ്ടു തത്വജ്ഞാനത്തിന്നുശേഷം പ്രാരബ്ധമില്ലെന്നുതന്നെയാണു് പറയേണ്ടതു്.

കർമ്മ ജന്മാന്തരകൃതം
പ്രാരബ്ധമിതി കീർത്തിതം
തത്തു ജന്മാന്തരാഭാവാൽ
പുംസോ നൈവാസ്തി കർഹിചിൽ. 92

സാരം:—ജന്മാന്തരകൃതമായ കർമ്മത്തെയാണല്ലൊ പ്രാരബ്ധമെന്നു പറയുന്നതു്. ആത്മജ്ഞാനസമ്പന്നനായ പുരുഷനു ജന്മാന്തരങ്ങളോ വർത്തമാനജന്മമോ ഇല്ലെന്നതിനാൽ പ്രാരബ്ധം നിലനില്ക്കാൻ വയ്യ. അതിനാൽ തത്വജ്ഞാനിയെ അപേക്ഷിച്ചേടത്തോളം പ്രാരബ്ധ

മെന്ന ഒന്നില്ല. അജ്ഞന്മാരെ അപേക്ഷിച്ചാണ് പ്രാരബ്ധം ഉള്ളതായിട്ടിരിക്കുന്നതു്. അജ്ഞന്റെ ദൃഷ്ടിയിൽ പലതും ഉള്ളതായി തോന്നപ്പെടുന്നുണ്ടു്. അതിനൊക്കെ കാരണം ഭ്രമംമാത്രമാണെന്താനും. അതുപോലെ ഭ്രമംകൊണ്ടു പ്രാരബ്ധവും ഉള്ളതായി തോന്നപ്പെടുന്നുഎന്നുമാത്രം. എന്നാൽ തത്വജ്ഞാനിക്കു ഭ്രമമില്ലാത്തതിനാൽ തത്വജ്ഞന്റെ ദൃഷ്ടിയിൽ പ്രാരബ്ധവുമില്ല.

സ്വപ്നദേഹോ യഥാദ്ധ്യസ്ത-
സ്തഥൈവായം ഹി ദേഹകഃ
അദ്ധ്യസ്തസ്യ കുതോ ജന്മ
ജന്മാഭാവേ ഹി തൽ കുതഃ. 93

സാരം:—സ്വപ്നത്തിൽ കാണപ്പെടുന്ന ശരീരം ജനിച്ചതല്ല; അദ്ധ്യാസമാത്രമാണെന്നു സ്പഷ്ടമാണല്ലോ. അതിൽനിന്നു യാതൊരു വ്യത്യാസവും കാണപ്പെടുന്ന ഈ ശരീരത്തിനുമില്ല. സ്വപ്നശരീരമെന്നപോലെ ഈ ജാഗ്രൽ ശരീരവും അദ്ധ്യാസമാത്രംതന്നെ. ശരീരം അദ്ധ്യാസമാത്രമാണെങ്കിൽ ജന്മം എന്നൊന്നുണ്ടായിട്ടില്ലെന്നു പറയേണ്ടതില്ലല്ലോ. അങ്ങിനെ ഈ ജന്മംതന്നെ ഉണ്ടായിട്ടില്ലെങ്കിൽപിന്നെ പൂർവ്വജന്മങ്ങളോ അവയിലെ അവശിഷ്ടകർമ്മങ്ങളാകുന്ന പ്രാരബ്ധമോ സംഭവിക്കാൻ വയ്യെന്നും സ്പഷ്ടമാണു്. അതിനാൽ അഭിജ്ഞനായ ഒരാളെ അപേക്ഷിച്ചേടത്തോളം പ്രാരബ്ധമെ

ന്നൊന്നില്ല. അജ്ഞന്റെ ദൃഷ്ടയിൽ മാത്രമേ പ്രാരബ്ധമുള്ളൂ. അതു ശരിയല്ലതാനും. ഭ്രമംകൊണ്ടുമാത്രം തോന്നപ്പെടുന്നതാണെന്നു താല്പര്യം.

ഉപാദാനം പ്രപഞ്ചസ്യ
മൃൽഭാണ്ഡസ്യേവ കത്ഥ്യതേ
അജ്ഞാനം ചൈവ വേദാന്തൈ-
സ്തസ്മിൻ നഷ്ടേ കവിശതാ. 94

സാരം:—ഘടത്തിന്നു മണ്ണാണ് ഉപാദാനകാരണം. മണ്ണില്ലെങ്കിൽ ഘടമുണ്ടാവില്ലെന്നു പറയേണ്ടതില്ലല്ലോ. അതുപോലെ ഈ പ്രപഞ്ചത്തിന്നും ഒരു വസ്തു ഉപാദാനമായിട്ടുണ്ട്. അജ്ഞാനമാണ് ആ വസ്തു മണ്ണില്ലെങ്കിൽ ഘടമുണ്ടാവാൻ വയ്യാത്തതുപോലെ അജ്ഞാനമില്ലെങ്കിൽ പ്രപഞ്ചവുമില്ല. അജ്ഞാനം നീങ്ങിയ ആളാണ് തത്വജ്ഞാനി. അദ്ദേഹത്തിന്റെ ദൃഷ്ടിയിൽ പ്രപഞ്ചം തന്നെയില്ല. പിന്നെയെന്തു പ്രാരബ്ധമാണ്!

യഥാ രജ്ജും പരിത്യജ്യ
സർപ്പം ഗൃഹ്ണാതി വൈ ഭ്രമാൽ
തദ്വൽ സത്യമവിജ്ഞായ
ജഗൽ പശ്യതി മൂഢധീഃ. 95

സാരം:—ഭ്രമംകൊണ്ടു് എപ്രകാരം കയറിനെ മറന്നു സർപ്പത്തെ ഗ്രഹിക്കുന്നുവോ: അതുപോലെ സത്യത്തെ

വിസ്മരിച്ചിട്ടാണ് അജ്ഞൻ ഭ്രമംകൊണ്ടു ജഗത്തിനെ കാണുന്നതു്. ഭ്രമം നീങ്ങി ജ്ഞാനം പ്രകാശിക്കുമ്പോൾ ജഗൽഭാവം അടങ്ങുകയും ചെയ്യും. അതിനാൽ തന്നെ ജ്ഞാനിയുടെ ദൃഷ്ടിയിൽ പ്രാരബ്ധമില്ല.

രജ്ജുരൂപേ പരിജ്ഞാതേ
സർപ്പഭ്രാന്തിർന്ന തിഷ്ഠതി
അധിഷ്ഠാനേ തഥാ ജ്ഞാതേ
പ്രപഞ്ചഃ ശൂന്യതാം വ്രജേൽ. 96

സാരം:—കയറിൽ തോന്നപ്പെട്ട സർപ്പപ്രതീതി കയറിനെ അറിയുന്നതോടെ ഇല്ലാതായിത്തീരും. എന്തുകൊണ്ടെന്നാൽ കയറു് അധിഷ്ഠാനവും സർപ്പം അദ്ധ്യാരോപവുമാണ് അധിഷ്ഠാനത്തിന്റെ വിസ്മൃതിയാണ് അദ്ധ്യാരോപത്തിന്റെ നിലനില്പിനു ഹേതു. അധിഷ്ഠാനത്തെ അറിയുന്നതോടെ അദ്ധ്യാരോപത്തിന്റെ പ്രതീതി കേവലം നഷ്ടപ്പെടുമെന്നതു നിസ്സംശയമാണ്. ആ സ്ഥിതിക്കു പ്രപഞ്ചവും അദ്ധ്യാരോപമാണെന്നതിനാൽ അധിഷ്ഠാനത്തെ അറിയുന്നതുവരെ മാത്രമേ പ്രപഞ്ചത്തിനു നിലനില്പുള്ളു. അധിഷ്ഠാനസ്വരൂപത്തെ അറിയുന്നതോടെ അദ്ധ്യാരോപമാത്രമായ പ്രപഞ്ചഭാവം നഷ്ടപ്പെടുകതന്നെ ചെയ്യും. അതിനാൽ ഭ്രമം മാത്രമാണ് പ്രപഞ്ചത്തിന്റെ സൽഭാവത്തിനു ഹേതുവെന്നു താല്പര്യം.

ദേഹസ്യാപി പ്രപഞ്ചത്വാൽ
പ്രാരബ്ധാവസ്ഥിതിഃ കുതഃ
അജ്ഞാനി ജനബോധാർത്ഥം
പ്രാരബ്ധം വക്തി വൈ ശ്രുതിഃ 97

സാരം:...ശരീരമടക്കമുള്ളതാണു് പ്രപഞ്ചം. അല്ലാതെ ശരീരം പ്രപഞ്ചത്തിൽനിന്നു വേറെയല്ല. ആ സ്ഥിതിക്കു പ്രപഞ്ചത്തിൻെറ ഒരു ചെറിയ ഘടകം മാത്രമാണു് ശരീരമെന്നു താല്പര്യം. അപ്പോൾ പിന്നെ എവിടെയാണു് പ്രാരബ്ധം നില്ക്കുന്നതെന്ന സംശയമുണ്ടാവാം അതിനു ശരിയായ മറുപടിയെന്നും പറയാനുമില്ല. ആ നിലയ്ക്കു നോക്കുമ്പോഴും പ്രാരബ്ധമെന്നതു ഒരു മിത്ഥ്യാസങ്കല്പം മാത്രമാണെന്നു പറയേണ്ടിവരും

ക്ഷീയന്തേ ചാസ്യ കർമ്മാണി
തസ്മിൻ ദൃഷ്ടേ പരാവരേ
ബഹുത്വം തന്നിഷേധാർത്ഥം
ശ്രുത്യാ ഗീതം ച യൽ സ്ഫുടം. 98

സാരം:—പരാവരസ്വരൂപിയായ ആത്മാവു ദൃഷ്ടനാവുമ്പോൾ അല്ലെങ്കിൽ അറിയപ്പെട്ടുകഴിഞ്ഞാൽ അവൻെറ കർമ്മങ്ങൾ മുഴുവൻ ക്ഷയിക്കുന്നു എന്നു ശ്രുതി തന്നെ സ്പഷ്ടമായിപ്പറയുന്നുണ്ടു്. കർമ്മം എത്രയൊക്കെയുണ്ടായാലും തത്വജ്ഞാനിക്കു് അതു ബാധകമാവുന്നി

ല്ല എന്നു വ്യക്തമാക്കാനാണല്ലോ ശ്രുതി അങ്ങിനെ പറഞ്ഞതു്. ആ നിലയ്ക്കും തത്വജ്ഞന്റെ ദൃഷ്ടിയിൽ പ്രാരബ്ധമെന്നതില്ല.

ഉച്യതേ$f$ജ്ഞൈർബ്ബലാൽ ചൈതൽ
തദാനത്ഥദ്വയാഗമഃ
വേദാന്തമതഹാനം ച
യതോ ജ്ഞാനമിതി ശ്രുതിഃ. 99

സാരം:—അജ്ഞന്മാരാണ് പ്രാരബ്ധം ഉള്ളതാണെന്നും, നിലനില്ക്കുന്നുവെന്നും പറയുന്നതു്. അല്ലാതെ സത്യത്തെ അറിഞ്ഞോരാറം പറയാറില്ല. എന്തുകൊണ്ടെന്നാൽ സത്യമായ ദൃഷ്ടിയിൽ പ്രാരബ്ധമെന്നൊന്നില്ല. അതുകൊണ്ടുതന്നെ. പ്രാരബ്ധം ഉള്ളതാണെന്നു പറയുന്നപക്ഷം ദ്വൈതവും ഉള്ളതായിത്തീരും. ദ്വൈതം സത്യമാണെന്നോ, നിലനില്ക്കുന്നുവെന്നോ വരുന്നതു വേദാന്തമതത്തെത്തന്നെ നിഷേധിക്കലാവും. ബ്രഹ്മത്തിൽനിന്നന്യമായി രണ്ടാമതൊന്നുണ്ടായിട്ടില്ലെന്നതാണല്ലോ വേദാന്തസിദ്ധാന്തം. അതിനാൽ ദ്വൈതം ഒരുകാലത്തും ഉള്ളതായിക്കരുതാൻ വയ്യ. പിന്നെയെന്തു പ്രാരബ്ധമാണ്! അല്ല; വേദാന്തമതത്തെത്തന്നെ നിഷേധിച്ച പ്രാരബ്ധത്തെ അംഗീകരിക്കാനാണ് ഒരാറം ഒരുങ്ങുന്നതെങ്കിൽ അയാറംക്ക നാളെയും ജ്ഞാനമുണ്ടാവാൻ പോവുന്നില്ലെന്നത്ഥം. സത്യമായ ജ്ഞാനം വേദാന്ത

ത്തിൽനിന്നാണല്ലോ ഒരാൾക്കു കിട്ടാനിടയുള്ളതു്. ആ ശാസ്ത്രത്തെത്തന്നെ നിഷേധിച്ചാൽ പിന്നെയെങ്ങിനെയാണു് ജ്ഞാനമുണ്ടാവുന്നതു്. അതിനാൽ പ്രാരബ്ധത്തെ അംഗീകരിക്കുന്നതു മൂഢതയാണു്. വിവേകികൾ അതിനൊരുങ്ങുകയുമില്ല.

ത്രിപഞ്ചാംഗന്യാഥോ വക്ഷ്യേ
പൂർവ്വോക്തസ്യ ഹി ലബ്ധയേ
തൈശ്ച സർവ്വൈഃ സദാ കാര്യം
നിദിദ്ധ്യാസനമേവ തു. 100

സാരം:—മുൻ പറയപ്പെട്ട ആത്മതത്വം വേണ്ടുംവണ്ണം പ്രകാശിക്കണമെങ്കിൽ സ്ഥിരമായ അഭ്യാസം വേണം. അഭ്യാസത്തിന്നു കുറവു വരുംതോറും വസ്തുപ്രകാശനത്തിന്നു കാലതാമസം നേരിടും. അതിനാൽ ദൃഢതയോടുകൂടി എപ്പോഴും അഭ്യാസത്തെ വളർത്തുകതന്നെയാണു് വേണ്ടതു്. ആത്മാഭ്യാസത്തിന്നു പതിനഞ്ചു ഘടകങ്ങളുണ്ടെന്നു പറയാറുണ്ടു്. അവയെ കൃത്യമായി പാലിക്കണമെന്നു് അനുശാസനവുമുണ്ടു്. എന്നാൽ അവയെയൊക്കെ പാലിച്ചാലും ഇല്ലെങ്കിലും നിദിദ്ധ്യാസനമാണു് കാര്യം. അതു ദൃഢപ്പെടാൻ വേണ്ടിയാണു് ഘടകങ്ങളെയൊക്കെപ്പറയുന്നതു്. ഏതായാലും പ്രസ്തുത ഘടകങ്ങളേയും പറയാം.

നിത്യാഭ്യാസാദൃതേ പ്രാപ്തി-
ൎന്നഭവേൽ സച്ചിദാത്മനഃ
തസ്മാൽ ബ്രഹ്മ നിദിദ്ധ്യാസേൽ
ജിജ്ഞാസുഃ ശ്രേയസേ ചിരം. 101

സാരം:—അദ്വൈത സച്ചിദാനന്ദസ്വരൂപമായ ആത്മതത്വത്തിന്റെ പ്രകാശനവും അനുഭൂതിയുമുണ്ടാവണമെന്നു വിചാരിക്കുന്നവൻ മുറിവില്ലാതെ എപ്പോഴും ബ്രഹ്മനിദിദ്ധ്യാസനമാകുന്ന അഭ്യാസത്തെ ആചരിച്ചുകൊണ്ടിരിക്കുകതന്നെവേണം. നിദിദ്ധ്യാസത്തിന്നു ദാർഢ്യം കുറയുംതോറുംകാലതാമസം നേരിടുമെന്നതു നിസ്സംശയമാണു്. ചിലപ്പോറം കാലതാമസം മാത്രമല്ല; കേവലം അനുഭൂതിയൊന്നുമുണ്ടാവാതെതന്നെ ആയുഷ്ക്കാലം കഴിഞ്ഞുവെന്നും വരാം. അതിനാൽ ആത്മശ്രേയസ്സുണ്ടാവണമെന്നു വിചാരിക്കുന്ന ജിജ്ഞാസു എപ്പോഴും മുറിവില്ലാതെ നിദിദ്ധ്യാസത്തെ ചെയ്യുകതന്നെ വേണം.

യമോ ഹി നിയമസ്ത്യാഗോ
മൌനം ദേശശ്ച കാലതഃ
ആസനം മൂലബന്ധശ്ച
ദേഹസാമ്യം ച ദൃക്‌സ്ഥിതിഃ 102
പ്രാണസംയമനം ചൈവ
പ്രത്യാഹാരശ്ച ധാരണാ
ആത്മധ്യാനം സമാധിശ്ച
പ്രോക്താന്യംഗാനി വൈ ക്രമാൽ. 103

സാരം:—ആത്മാഭ്യസത്തിന്നു പതിനഞ്ചു ഘടകങ്ങളുണ്ടെന്നു പറഞ്ഞുവല്ലോ. അവയെ വിവരിക്കാം. യമം, നിയമം, ത്യാഗം, മൌനം, ദേശം, കാലം, ആസനം, മൂലബന്ധം, ദേഹസാമ്യം, ദൃക‌്സ്ഥിതി, പ്രാണസംയമനം, പ്രത്യാഹാരം, ധാരണ, ആത്മദ്ധ്യാനം, സമാധി, ഇവയാണു് ആത്മാഭ്യാസത്തിൻെറ പതിനഞ്ചു ഘടകങ്ങൾ. അവയിൽ ഓരോന്നിൻേറയും സ്വരൂപത്തെ പ്രത്യേകം വിവരിക്കുകയും ചെയ്യാം.

സർവ്വം ബ്രഹ്മേതി വിജ്ഞാനാൽ
ഇന്ദ്രിയഗ്രാമസംയമഃ
യമോƒയമിതി സംപ്രോക്തോƒ-
ഭ്യസനീയോ മുഹുർമ്മുഹുഃ 104

സാരം:—ദൃഗാദി ഇന്ദ്രിയങ്ങളെ രൂപാദിവിഷയങ്ങളിൽനിന്നു നിവർത്തിപ്പിച്ചു മനസ്സിൽ ലയിപ്പിക്കലാണു് യമത്തിൻെറ സ്വരൂപം. വിഷയങ്ങളിൽ ഭേദബുദ്ധികൊണ്ടും, വ്യത്യസ്തബോധംകൊണ്ടുമാണല്ലോ ആസക്തി നിലനില്ക്കുന്നതു്. എല്ലാം ബ്രഹ്മമാണെന്ന ബോധമുണ്ടാവുമ്പോൾ ഭേദബുദ്ധി നശിക്കും. അതുവഴിക്കു വിഷയങ്ങളിലുള്ള ആസക്തിയും മിക്കവാറും അവസാനിക്കും. അങ്ങനെ ഇന്ദ്രിയങ്ങളെ കഴിയുന്നതും വിഷയഗ്രഹണത്തിൽ ആസക്തങ്ങളാക്കാതെ മനസ്സിൽ ലയിപ്പിക്കലാണു് യമത്തിൻെറ സ്വരൂപം. ഈ സമ്പ്ര

ദായത്തെ വീണ്ടും വീണ്ടും അഭ്യസിച്ചു സ്വാധീനമാക്കി ത്തീർക്കേണ്ടതത്യാവശ്യമാണ്.

സജാതീയപ്രവാഹശ്ച
വിജാതീയതിരസ്കൃതിഃ
നിയമോ ഹി പരാനന്ദോ
നിയമാൽ ക്രിയതേ ബുധൈഃ. 105

സാരം:—വിഷയാകാരവൃത്തികളാണ് എപ്പോഴും ഒരാളുടെ ചിത്തത്തിൽനിന്നു പൊന്തിക്കൊണ്ടിരിക്കുന്നതു്. അതിനെയാണ് വിജാതീയവൃത്തിപ്രവാഹമെന്നു പറയുന്നതു്. വാസനാപ്രഭാവത്താൽ അനിയന്ത്രിതമായി എപ്പോഴും ഒഴുകിക്കൊണ്ടിരിക്കുന്ന വിഷയാകാരമായ വിജാതീയവൃത്തിപ്രവാഹത്തെ ഹഠാൽ തടഞ്ഞു സജാതീയയായ ബ്രഹ്മാകാരവൃത്തിയെ നിലനിർത്താൻ അഭ്യസിക്കലാണ് നിയമമെന്നു പറയപ്പെടുന്ന അഭ്യാസം. അറിവുള്ളവർ എപ്പോഴും ഈ അഭ്യാസത്തെ ചെയ്തുകൊണ്ടിരിക്കുന്നു. ഈ നിയമാനുഷ്ഠാനംതന്നെ ഏററവും ആനന്ദപ്രദമാണ്. അപ്പോൾ അതിൽ ദൃഢത വന്നാൽ പിന്നെ പറയേണ്ടതുണ്ടോ? നിയമാനുഭൂതികൊണ്ടുതന്നെ നിർവൃതിയുണ്ടാവും.

ത്യാഗഃ പ്രപഞ്ചരൂപസ്യ
ചിദാത്മത്വാവലോകനാൽ

KOTTAYAM PUBLIC LIBRARY KOTTAYAM

ത്യാഗോ ഹി മഹതാം പൂജ്യഃ
സദ്യോ മോക്ഷമയോ യതഃ 106

സാരം:—ബ്രഹ്മാഭ്യാസത്തിലെ മൂന്നാമത്തെ ഘടകമാണു് ത്യാഗം. എന്തിനെയാണു് ത്യാഗം ചെയ്യേണ്ടതെന്നു സംശയമുണ്ടാവാം. പ്രപഞ്ചത്തിലുള്ള ഏതെങ്കിലും ചില പദാൎത്ഥങ്ങളെയോ, അനുഭവങ്ങളെയോ ത്യജിച്ചതുകൊണ്ടുമാത്രം ത്യാഗം പൂൎണ്ണമാവുന്നില്ല. എന്തുകൊണ്ടെന്നാൽ പ്രപഞ്ചത്തിലെ ചില പദാൎത്ഥങ്ങളോ അനുഭവങ്ങളോ അല്ല ബന്ധത്തിന്നും അജ്ഞാനത്തിന്നും ഹേതു; പ്രപഞ്ചബുദ്ധിയാണു്. അതിനാൽ പ്രപഞ്ചബുദ്ധിയെത്തന്നെയാണു് ത്യാഗം ചെയ്യേണ്ടതായിട്ടിരിക്കുന്നതു്. പ്രപഞ്ചമെന്നതു് പദാൎത്ഥമല്ല; ഭാവമാണു്. കയറിൽ പാമ്പെന്നപോലെ ബ്രഹ്മത്തിൽ തോന്നപ്പെട്ട പ്രതീതി മാത്രമാണു് പ്രപഞ്ചഭാവം. കയറിനെ അറിയുമ്പോൾ പാമ്പാകുന്നഭാവം നീങ്ങുന്നതു പോലെ പ്രപഞ്ചത്തെ അറിയുമ്പോൾ പ്രപഞ്ചഭാവവും നീങ്ങും. അങ്ങനെ ആധാരമായ ബ്രഹ്മബോധംകൊണ്ടു കേവലം അദ്ധ്യരോപം മാത്രമായ പ്രപഞ്ചഭാവത്തെ നിശ്ശേഷം ത്യാഗം ചെയ്യുന്നതുതന്നെ ത്യാഗമാകുന്ന അനുഷ്ഠാനം.

യതോ വാചോ നിവൎത്തന്തേ
അപ്രാപ്യ മനസാ സഹ
യന്മൌനം യോഗിഭിൎഗ്ഗമ്യം
തൽഭജേൽ സൎവ്വദാ ബുധഃ 107

സാരം:—ബ്രഹ്മതത്വം വക്തവ്യമല്ല; അതായതു വാക്കുകൊണ്ടു പറയാവുന്നതല്ല. മനസ്സുകൊണ്ടു വിചാരിക്കാവുന്നതുമല്ല. ഈ കാരണത്താൽ വാക്കു് മനസ്സോടുകൂടി ബ്രഹ്മത്തിൽനിന്നു മടങ്ങിയിരിക്കയാണു്. അപ്പോൾ ബ്രഹ്മത്തെ വ്യാഖ്യാനിക്കുന്നതു മൌനംകൊണ്ടാണ്; അല്ലാതെ വാക്കുകൊണ്ടല്ല. എല്ലാവിധ യോഗങ്ങളെക്കൊണ്ടും യോഗികൾക്കു പ്രാപിക്കേണ്ടതായ ലക്ഷ്യവും പ്രസ്തുത ബ്രഹ്മതത്വംതന്നെ. അതിനാൽ എപ്പോഴും മൌനസ്വരൂപമായ ബ്രഹ്മത്തെ എല്ലാ കാരണങ്ങളെക്കൊണ്ടും ഉപാസിക്കുന്നതുതന്നെ മൌനം. വിദ്വാന്മാർ അങ്ങനെ ചെയ്തുവരുന്നുമുണ്ടു്.

വാചോ യസ്മാന്നിവർത്തന്തേ
തദ്വക്തും കേന ശക്യതേ
പ്രപഞ്ചോ യദി വക്തവ്യഃ
സോപി ശബ്ദവിവർജ്ജിതഃ. 108

സാരം:—വാക്കു് സ്വയമേവ ഏതൊന്നിൽനിന്നു കേവലം നിവർത്തിച്ചിരിക്കുന്നുവോ; അങ്ങനെയുള്ള വസ്തുവിനെ പിന്നെ എങ്ങനെ വാക്കുകൊണ്ടു വിവരിക്കും? ഒരിക്കലും സാദ്ധ്യമല്ല. അതാണു് ബ്രഹ്മ വാക്കുകൊണ്ടു പറയത്തക്കതല്ലെന്നു പറഞ്ഞതു്. ബ്രഹ്മതത്വം അവക്തവ്യമാണെങ്കിലും പ്രപഞ്ചം വക്തവ്യമാണു്. എന്നാണെങ്കിൽ അതും ശബ്ദവർജ്ജിതംതന്നെയാണു്. അതി

നാൽ ബ്രഹ്മോപാസനംതന്നെ മൌനസ്വഭാവമെന്നു താല്പയ്യം.

ഇതി വാ തൽ ഭവേൽ മൌനം
സതാം സഹജസംജ്ഞിതം
ഗിരാ മൌനം തു ബാലാനാം
പ്രയുക്തം ബ്രഹ്മവാദിഭിഃ. 109

സാരം:—ബ്രഹ്മോപാസനമാണു് മൌനത്തിൻെറ ശരിയായ രൂപമെന്നു് ഇതിന്നുമുമ്പു പറഞ്ഞ ശ്ലോകങ്ങറം കൊണ്ടു വ്യക്തമായല്ലോ. സജ്ജനങ്ങറം ഇതിനെയാണു് മൌനമായികണക്കാക്കി ആചരിച്ചുവരുന്നതും. അല്ലാതെ നാവുകൊണ്ടു ശബ്ദോച്ചാരണം ചെയ്യാതിരിക്കുക എന്നല്ല. അങ്ങനെ ചെയ്യുന്നതു കേവലം ബാലിശബുദ്ധികളായ പ്രാകൃതന്മാരാണു്. എന്തെങ്കിലും ഒരു ശബ്ദം അറിയാതെയോ അറിഞ്ഞോ ഉച്ചരിച്ചുപോയാൽ മൌനനിഷ്ഠയ്ക്കു ഭംഗം വന്നതായിപ്പോലും അവർ തെററിദ്ധരിക്കുന്നു. അതു ശരിയല്ല. അത്യാവശ്യകായ്യങ്ങറംക്കു് എന്തെങ്കിലും ശബ്ദമുച്ചരിച്ചാൽക്കൂടി ബ്രഹ്മോപാസനത്തിന്നു മുടിവില്ലെങ്കിൽ മൌനനിഷ്ഠയ്ക്കു ഭംഗമില്ലെന്നതാണു് സജ്ജനങ്ങളുടെ മതം. അവർ അങ്ങനെയാണാചരിച്ചുവരുന്നതും.

അദാവന്തേ ച മദ്ധ്യേ ച
ജനോ യസ്മിൻ ന വിദ്യതേ

യേനേദം സതതം വ്യാപ്തം
സ ദേശോ വിജനഃ സ്മൃതഃ. 110

സാരം:—ദേശമെന്ന ഘടകത്തെയാണ് ഇനി നിരൂപിക്കാൻ തുടങ്ങുന്നതു്. വിജനമായ സ്ഥലത്തെയാണ് ദേശശബ്ദംകൊണ്ടു സൂചിപ്പിച്ചിരിക്കുന്നതു്. ആത്മാഭ്യാസി എപ്പോഴും വിജനസ്ഥലത്താണ് താമസിക്കേണ്ടതു്. ജനമദ്ധ്യത്തിൽ കഴിയുന്നതും എത്തിപ്പെടാതിരിക്കുകതന്നെയാണ് വേണ്ടതു്. എന്നാൽ വിജനശബ്ദത്തിന്നു ജനങ്ങളൊന്നുമില്ലാത്ത ഏകാന്തസ്ഥലമെന്നാണ്സാധാരണ ധരിച്ചുവരുന്നതു്. പക്ഷെ അത്രമാത്രം ധരിച്ചാൽ പോരാ. ആ അർത്ഥത്തിൽ മാത്രമല്ല ഇവിടെ വിജനശബ്ദമുപയോഗിച്ചിരിക്കുന്നതു്. ഏതൊരു തത്വത്തിന്റെ ആദിമദ്ധ്യാവസാനങ്ങളിൽ രണ്ടാമതൊന്നിന്റെ ചേർച്ചയില്ലയോ; ഏതൊരു തത്വത്താൽ ഈ ജഗത്തു മുഴുവൻ എപ്പോഴും നിറയപ്പെട്ടിരിക്കുന്നുവോ; അതു് എന്ന അർത്ഥത്തിലാണ് ഇവിടെ വിജനശബ്ദമുപയോഗിച്ചിരിക്കുന്നതു്. അപ്പോൾ അദ്വൈതബ്രഹ്മതത്വമെന്നാണ് അർത്ഥം വന്നുചേരുന്നതു്. എല്ലാ കരണങ്ങളും എപ്പോഴും അദ്വൈതബ്രഹ്മതത്വത്തിൽതന്നെ ലയിച്ചിരിക്കലാണ്; അല്ലാതെ ഏകാന്തത്തിലിരിക്കലല്ല വിജനാവാസമെന്നർത്ഥം. ബാഹ്യാഭ്യന്തരകരണങ്ങൾ ബ്രഹ്മതത്വത്തിൽ ലയിക്കുന്നില്ലെങ്കിൽ ഏകാന്തസ്ഥലവാസംകൊണ്ടു പ്രയോജനമില്ല; എല്ലാ കരണങ്ങളും അ

ദ്വൈതബ്രഹ്മതത്വത്തിൽ ലയിക്കുന്നുവെങ്കിൽ എവിടെയിരുന്നാലും ദോഷമില്ലെന്നും താല്പര്യം. കരണങ്ങൾ അദ്വൈതബ്രഹ്മസത്തയിൽ ലയിക്കലാണു് വിജനാവാസമെന്നു താല്പര്യം.

കലനാൽ സർവ്വഭൂതാനാം
ബ്രഹ്മാദീനാം നിമേഷതഃ
കാലശബ്ദേന നിർദ്ദിഷ്ടോ
ഹ്യഖണ്ഡാനന്ദ അദ്വയഃ. 111

സാരം:—ഇനി കാലഘടകത്തെ നിരൂപിക്കാം. കാലത്തേയും ബ്രഹ്മാഭ്യാസത്തിന്റെ ഒരു ഘടകമായി കണക്കാക്കിട്ടുണ്ടു്. കലനം ഹേതുവായിട്ടാണു് കാലമെന്ന ശബ്ദമുണ്ടായതു്. ബ്രഹ്മാദിദേവശ്രേഷ്ഠന്മാരുടെ നിമേഷോന്മേഷസ്വരൂപമായ കാലശക്തിയിൽക്കൂടെയാണല്ലോ സർവ്വജീവകോടികളുടേയും സൃഷ്ട്യാദികലനം നടക്കുന്നതു്. ജീവകോടികളും അതുപോലെ തങ്ങടെ കാലശക്തിയിൽക്കൂടെ അനന്തകോടി കർമ്മങ്ങളെ കലനം ചെയ്യുന്നു. അതിനാൽ കലനതന്നെ കാലം. ചിത്തത്തിന്റെ കലനകളെ അകററി ചിത്തത്തെ നിഷ്കളമാക്കി വെച്ചുകൊണ്ടിരിക്കുക എന്നതാണു് കാലശബ്ദംകൊണ്ടു് ഇവിടെ സൂചിപ്പിച്ച അഭ്യാസക്രമം. അങ്ങനെ ചെയ്യാൻ സാധിക്കുന്നു എന്നുവന്നാൽ മുറിവില്ലാത്ത അദ്വൈതാനന്ദം അനുഭവപ്പെടുകയും ചെയ്യും. ചിത്തത്തി

ൻെറ നാനാമുഖങ്ങളായ വൃത്തികലനകളാണ് സ്വാഭാവികമായ ആത്മാനന്ദത്തെ തടയുന്നത്. ചിത്തം നിഷ്ക്കളമാവുന്നതോടെ സ്വാഭാവികമായ ആത്മാനന്ദം തടസ്ഥമില്ലാതെ അനുഭവിക്കാനിടയാവുകയും ചെയ്യും.

സുഖേനൈവ ഭവേദ്യസ്മി-
ന്നജസ്രം ബ്രഹ്മചിന്തനം
ആസനം തദ്വിജാനീയാൽ
നേതരൽ സുഖനാശനം. 112

സാരം:—എങ്ങനെയിരുന്നാൽ തടസ്ഥമില്ലാതെ ബ്രഹ്മചിന്തനം സാധിക്കുന്നുവോ; അതാണ് ആസനമെന്ന ഫലം. അല്ലാതെ ആത്മാഭ്യാസി ഇന്നപ്രകാരത്തിലിരിക്കണമെന്നോ, ഇന്നപ്രകാരത്തിലിരുന്നേ ബ്രഹ്മചിന്തനം ചെയ്യാവൂ എന്നോ നിയമമില്ല. ഇരിപ്പിനല്ല; ബ്രഹ്മചിന്തനത്തിനാണ് പ്രാധാന്യം. അപരിചയംകൊണ്ടു കരചരണാദ്യവയവങ്ങൾക്കു വേദനയോ, ക്ലേശമോ ഉണ്ടെങ്കിൽക്കൂടി അതിനെ സഹിച്ചുകൊണ്ടും ശാസ്ത്രീയമായ ആസനത്തിലിരുന്നുതന്നെ ബ്രഹ്മാഭ്യാസം ചെയ്യണം എന്നൊന്നും നിർബ്ബന്ധമില്ല. എങ്ങനെയിരുന്നാലാണോ ഒരാൾക്കു സുഖമായി ബ്രഹ്മോപാസനം ചെയ്യാൻ കഴിയുന്നതു്; അതുതന്നെ അയാളെ അപേക്ഷിച്ച് ആസനം. ഒരു കാരണവശാലും അതു മാററേണ്ടതുമില്ല.

സിദ്ധം യൽ സൎവ്വഭൂതാനി
വിശ്വാധിഷ്ഠാനമവ്യയം
യസ്മിൻ സിദ്ധാഃ സമാവിഷ്ടാഃ
തദ്വൈ സിദ്ധാസനം വിദുഃ 113

സാരം:—എന്നാലും സിദ്ധാസനത്തിലെങ്കിലും ഇരുന്നുവേണം ബ്രഹ്മോപാസ്സനം ചെയ്യാൻ. സൎവ്വശ്രേഷ്ഠമാണു് സിദ്ധാസനം. അതുകൊണ്ടു കുറച്ചൊക്കെ ബുദ്ധിമുട്ടീട്ടെങ്കിലും സിദ്ധാസനത്തിൽതന്നെ ഇരിക്കണമെന്നൊഴുക്കപ്പറയാറുണ്ടു് ചിലർ. എന്നാൽ എന്താണു് സിദ്ധാസനമെന്നാണെങ്കിൽ അവർ പറയുന്നതു കൈകാലുകളെ ഇന്നപ്രകാരത്തിൽ വെയ്ക്കണം: അതാണു് സിദ്ധാസനമെന്നാണു്. ഒരു ജ്ഞാനിയെ അപേക്ഷിച്ചു് അതു ശരിയല്ല. ഏതൊരു തത്വത്തിൽ എല്ലാ ഭൂതങ്ങളും സിദ്ധങ്ങളായിരിക്കുന്നുവോ; ഏതൊന്നു് ഈ ജഗത്തിന്നു് ആധാരഭൂതവും, നാശരഹിതവുമായിരിക്കുവോ; ഏതൊരു പരമതത്വത്തിൽ എല്ലാ സിദ്ധന്മാരും എപ്പോഴും സ്ഥിതിചെയ്യുന്നുവോ; ആ ബ്രഹ്മതത്വത്തിൽ ചിത്തം ലയിച്ചു ചേരലാണു് സിദ്ധാസനം. അതു സാധിക്കുന്നുണ്ടെങ്കിൽ എങ്ങിനെയിരുന്നാലും കൊള്ളാം. ഇല്ലെങ്കിൽ എങ്ങിനെയിരുന്നാലും സിദ്ധാസനമാവുന്നുമില്ല. എങ്ങിനെയിരുന്നാലും ചിത്തത്തെ ബ്രഹ്മത്തിൽ ലയിപ്പിക്കുന്നതുതന്നെ സിദ്ധാസനമെന്നു താല്പൎയ്യം.

യന്മൂലം സർവ്വഭൂതാനം
യന്മൂലം ചിത്തബന്ധനം
മൂലബന്ധഃ സദാ സേവ്യോ
യോഗ്യോസൌ രാജയോഗിനാം. 114

സാരം:—രാജയോഗികൾക്ക് ഏററവും ഇഷ്ടമായിട്ടുള്ള ഒരഭ്യാസമാണ് മൂലബന്ധം. അവക്കെപ്പോഴും സേവിക്കത്തക്കതുമാണ്. അവയവങ്ങളുടെ ചില സ്ഥിതിവിശേഷത്തെയാണ് അവർ മൂലബന്ധമെന്നു പറയുന്നതു്. ജ്ഞാനിയുടെ ദൃഷ്ടിയിൽ അതു ശരിയല്ല. ചരാചരങ്ങളാകുന്ന എല്ലാ ഭൂതങ്ങൾക്കും ഏതൊരു പരമതത്വം ആദികാരണമായിരിക്കുന്നുവോ; ഏതൊന്നു ചിത്തത്തിൻെറ അത്യന്തനിശ്ചലതയ്ക്കു കാരണമാണോ; ആ ബ്രഹ്മതത്വത്തിൽ ചിത്തം എപ്പോഴും ബന്ധിച്ചുകൊണ്ടിരിക്കലാണ് മൂലബന്ധമെന്ന അഭ്യാസം. ഒരു മുമുക്ഷു എപ്പോഴും അതിനെ സേവിച്ചുകൊണ്ടിരിക്കേണ്ടതുമാണു്.

അംഗാനാം സമതാം വിദ്യാൽ
സമേ ബ്രഹ്മണി ലീയതേ
നോ ചേൽ നൈവ സമാനത്വം
ഋജുത്വം ശുഷ്കവൃക്ഷവൽ. 115

സാരം:—അതുപോലെ ധ്യാനസമയത്തു ശരീരം

നീണ്ടുനിവന്നു് ഇരിക്കണം; വളവോ പൊടവോ ഉണ്ടാവരുതു്. അവയവങ്ങളെ സമങ്ങളാക്കിവെക്കണമെന്നു പറയാറുണ്ടു്. ത്രിവിധഭേദങ്ങളുമില്ലാതെ സമമായിരിക്കുന്ന ബ്രഹ്മത്തിൽ ചിത്തം ലയിക്കൽതന്നെയാണു് സമഭാവമെന്നതു്. അതു സാധിക്കുന്നുവെങ്കിൽ എങ്ങിനെയിരുന്നാലും വിരോധമില്ല. സാധിക്കുന്നില്ലെങ്കിൽ വടിപോലെ കുത്തനെയിരുന്നതുകൊണ്ടും വിശേഷിച്ച പ്രയോജനമൊന്നുമില്ല. ചിത്തം ബ്രഹ്മത്തിൽ ലയിക്കലാണു് കാൎയ്യമെന്നു താല്പൎയ്യം.

ദൃഷ്ടിം ജ്ഞാനമയീം കൃത്വാ
പശ്യേൽ ബ്രഹ്മമയം ജഗൽ
സാ ദൃഷ്ടിഃ പരമോദാരാ
ന നാസാഗ്രാവലോകിനീ. 116

സാരം:—അതുപോലെ പ്രജ്ഞയുടെ വിഷയസംസ്കാരത്തെ മുഴുവനകററി അദ്വൈതമായ ബ്രഹ്മജ്ഞാനത്താൽ നിറയ്ക്കാൻ കഴിഞ്ഞാൽ ഈ ജഗത്തിനെ മുഴുവൻ ബ്രഹ്മമയമായിട്ടു കാണാൻ കഴിയും. ഒരു ഘടത്തിൻെറ ഏതു ഭാഗത്തു നോക്കിയാലും മണ്ണല്ലാതെ മററൊന്നുംതന്നെ കാണപ്പെടുന്നില്ല. ആഭരണത്തിൻെറ എല്ലാ ഭാഗങ്ങളിലും സ്വൎണ്ണത്തെ മാത്രമേ കാണാൻ കഴിയൂ. മണ്ണിൻെറയും, സ്വൎണ്ണത്തിൻെറയും വിവൎത്തഭാവങ്ങളാണു് ഘടവും, ആഭരണവും. അതുകൊണ്ടാണല്ലോ ഘട

ത്തെ മണ്ണായും, ആഭരണത്തെ സ്വർണ്ണമായും കാണാൻ കഴിയുന്നതു്. അതുപോലെ ബ്രഹ്മതത്വത്തിൻെറ വിവർത്തഭാവമാണു് ജഗത്തെന്നു ബോദ്ധ്യം വരുമ്പോഠം, ജഗത്തിൻെറ ചെറുതും വലുതുമായ ഏതൊരു ഘടകത്തേയും ബ്രഹ്മമായി കാണാൻ വിഷമമില്ലല്ലോ. അങ്ങനെയല്ലാത്ത മറെറാന്നായി കാണാനാണു് വിഷമം. ശരിയായ തത്വവിചാരംകൊണ്ടു ബ്രഹ്മവിവർത്തമാണു് ജഗത്തെന്നു ബോദ്ധ്യമാവുകയും ചെയ്യും. അങ്ങനെ ജഗത്തിനെമുഴുവൻ എപ്പോഴും ബ്രഹ്മമാത്രമായി കണ്ടുകൊണ്ടിരിക്കുന്നതുതന്നെ ശരിയായ ദൃഷ്ടി. അല്ലാതെ ഭ്രൂമദ്ധ്യത്തിലേക്കു നോക്കുന്നതല്ല.

ദ്രഷ്ടൃദർശനദൃശ്യാനാം
വിരാമോ യത്ര വാ ഭവേൽ
ദൃഷ്ടിസ്തത്രൈവ കർത്തവ്യാ
ന നാസാഗ്രാവലോകിനീ. 117

സാരം:—കാണുന്നവൻ, കാണപ്പെടുന്ന വസ്തു, കാണൽ എന്നീ മൂന്നു ഭാവങ്ങളാകുന്ന ത്രിപുടി എവിടെ കേവലം ഇല്ലാതായിത്തീരുന്നുവോ; ആ പരമതത്വത്തിലാണു് പ്രജ്ഞാദൃഷ്ടിയെ നിർത്തേണ്ടതു്. അല്ലാതെ ഭ്രൂമദ്ധ്യത്തിലല്ല. ത്രിപുടീമയമാണു് സംസാരം. സംസാരഭാവത്തിൻെറ അല്പമെങ്കിലും പ്രതീതിയുള്ളേടത്തോളം കാലം ത്രിപുടിഭാവം അടങ്ങുന്നില്ല. അതടങ്ങുന്നതായ

തത്ത്വത്തിൽ സംസാരപ്രതീതിയും ഉണ്ടാവുന്നില്ല. അതിനാൽ ത്രിപുടിക്കതീതമായ വസ്തു ബ്രഹ്മതത്ത്വംതന്നെ. ബ്രഹ്മത്തിലാണ് പ്രജ്ഞയെ നിർത്തേണ്ടതെന്നു താല്പര്യം.

ചിത്താദിസർവ്വഭാവേഷു
ബ്രഹ്മത്വേനൈവ ഭാവനാൽ
നിരോധഃ സർവ്വവൃത്തീനാം
പ്രാണായാമഃ സ ഉച്യതേ. 118

സാരം:—എല്ലാ പ്രകാരത്തിലുമുള്ള വൃത്തിനിരോധനംതന്നെ പ്രാണായാമം. വൃത്തിനിരോധം ചിത്തത്തിൻെറ അത്യന്തനിശ്ചലതയിലല്ലാതെങ്ങനെ സാധിക്കും? അല്പമെങ്കിലും ചലനമുണ്ടാവുന്ന ചിത്തത്തിനെന്നു വന്നാൽ സൂക്ഷ്മമായിട്ടെങ്കിലും വൃത്തിവികാസവുമുണ്ടാവും. സ്പന്ദനംപോലും അടങ്ങി ചിത്തം അത്യന്തനിശ്ചലമായിത്തീരുകയെന്ന കാര്യം വിഷമംതന്നെ എന്നാലെങ്കിൽ അത്രയൊന്നും വിഷമിക്കേണ്ട കാര്യമില്ല. തിരയെയും സമുദ്രമായിക്കാണാൻ കഴിഞ്ഞാൽ സമുദ്രത്തിൽനിന്നന്യമായി തിരയെന്നൊരു വസ്തു ഇല്ലാതാവുന്നുവല്ലോ. അതുപോലെ ചിത്തത്തേയും, അതിൻെറ വൃത്തികളേയും മുഴുവൻ ബ്രഹ്മമായിക്കാണാൻ കഴിഞ്ഞാൽ പിന്നെയെന്തു വൃത്തികളാണ്! ശരിയായ തത്ത്വവിചാരംകൊണ്ട് അതു സാധിക്കുകയും ചെയ്യും. അങ്ങനെ

എല്ലാ വസ്തുക്കളിലും ബ്രഹ്മബോധത്തെ വളൎത്തുമ്പോൾ വൃത്തികളോ ചിത്തം തന്നെയുമോ വേറെയില്ലാതായിത്തീരും. അതുതന്നെ പ്രാണായാമം.

നിഷേധനം പ്രപഞ്ചസ്യ
രേചകാഖ്യഃ സമീരണഃ
ബ്രഹ്മൈവാസ്മീതി യാ വൃത്തിഃ
പൂരകോ വായുരീരിതഃ 119

സാരം:—ബ്രഹ്മബോധംകൊണ്ടു പ്രപഞ്ചഭാവത്തിൻെറ നിരാസം രേചകവും, ഞാൻ ബ്രഹ്മമാണെന്ന ബോധം പൂരകവുമാണു്. വയെങ്ങനെയും ദൃഢമായിഅഭ്യസിക്കുന്നൊരാളിലെങ്ങിനെ വൃത്തികളുണ്ടാകും? വൃത്തികളോ, ചിത്തംപോലുമോ ഉണ്ടാവാൻ വയ്യ. പൂരകവും, കുംഭകവും, രേചകവുമാണല്ലോ പ്രാണായാമത്തിൻെറ ഘടകങ്ങൾ. രേചകം കഴിക്കലും, പൂരകം നിറക്കലും, കുംഭകം കെട്ടിനിൎത്തലുമാണു്. സംസാരഭാവത്തെ കഴിക്കുകയും, ബ്രഹ്മഭാവത്തെ നിറക്കുകയും ചെയ്യാനാണിവിടെപ്പറഞ്ഞതു്. അല്ലാതെ വെറും വായുവിൻെറ കഴിക്കലും നിറക്കലുമല്ല ഇങ്ങനെ ചെയ്യുന്നതുകൊണ്ടു ശരിയായ പ്രാണായാമഫലം സിദ്ധിക്കുകയും ചെയ്യുന്നു.

തതസ്തദ്വൃത്തിനൈശ്ചല്യം
കുംഭകഃ പ്രാണസംയമഃ

KOTTAYAM PUBLIC LIBRARY KOTTAYAM.

അയം ചാപി പ്രബുദ്ധാനാ-
മജ്ഞാനാം ഘ്രാണപീഡനം. 120

സാരം:—പൂരകംകൊണ്ടു നിറക്കപ്പെട്ട 'ഞാൻ ബ്ര ഹ്മമാണെ'ന്ന ബ്രഹ്മവൃത്തിയെ മുറിവില്ലാതെ നിലനി ത്തുന്നതുതന്നെ പറയപ്പെട്ട പ്രാണായാമത്തിലെ കുംഭ കം. ഇതാണു് അഭിജ്ഞന്മാരുടെ പ്രാണായാമസമ്പ്രദാ യം. മൂക്കുപിടിക്കലും, വായുവിനെ അകത്തേക്കും പുറ ത്തേക്കും കടത്തലും അജ്ഞന്മാരുടെ പ്രാണായാമസമ്പ്ര ദായമാണു്. അതിൻെറ മുഖ്യമായ ഫലം മൂക്കു വേദ നിക്കലാണെതാനും.

വിഷയേഷ്വാത്മതാം ദൃഷ്ട്വാ
മനസശ്ചിതിമജ്ജനം
പ്രത്യാഹാരസ്സ വിജ്ഞേയോƒ-
ഭ്യസനീയോ മുമുക്ഷുഭിഃ. 121

സാരം:—ശബ്ദാദിവിഷയങ്ങളെ മുഴുവൻ ബ്രഹ്മമാ യികാണുന്നൊരാളുടെ ദൃഷ്ടിയിൽ ബ്രഹ്മതത്വമല്ലാതെ വി ഷയമെന്നൊന്നില്ല. വിഷയാത്മകമായ സംസ്കാരം മുഴു വൻ നശിച്ചു ബ്രഹ്മഭാവം പൂർണ്ണമായി വികസിക്കു മ്പോഴം ചിത്തത്തെ ബ്രഹ്മഭാവത്തിൽ മുക്കാൻ വിഷമ മില്ലല്ലോ. അങ്ങിനെ ഒരിക്കലും വിഷയസ്മൃതിയുണ്ടാ വാതെ എപ്പോഴും ചിത്തത്തെ ബ്രഹ്മഭാവത്തിൽ മുഴുകി

ച്ചുകൊണ്ടിരിക്കുന്ന അഭ്യാസമാണ് പ്രത്യാഹാരം. മുമുക്ഷുക്കൾ എപ്പോഴും അതിനെ അഭ്യസിച്ചു കൊണ്ടിരിക്കേണ്ടതാണ്.

യത്ര യത്ര മനോ യാതി
ബ്രഹ്മണസ്തത്ര ദർശനാൽ
മനസോ ധാരണം ചൈവ
ധാരണാ സാ പരാ മതാ. 122

സാരം:—മനസ്സ് എവിടെയൊക്കെ, എന്തിലൊക്കെപോകുന്നുവോ, അവിടെയൊക്കെ അതിനെയൊക്കെ ബ്രഹ്മമാത്രമായികാണാൻ കഴിയണം. അങ്ങിനെ സാധിച്ചാൽഎപ്പോഴുംമനസ്സുബ്രഹ്മാകാരമായിത്തന്നെയിരിക്കും. അങ്ങനെ ഒരിക്കലും വിഷയബോധമില്ലാതെ എപ്പോഴും മനസ്സ് ബ്രഹ്മാകാരമായിത്തന്നെ ഇരിക്കുന്നു എന്നുള്ളതാണ് ധാരണയാകുന്ന അഭ്യാസം. എല്ലാ അഭ്യാസങ്ങളിലും വെച്ച് ഏററവും ശ്രേഷ്ഠമായിട്ടുള്ളതാണ് ഈ ധാരണാഭ്യാസം. അതിനാൽ മുമുക്ഷു ഒരു നിമിഷവും വെറുതെകളയാതെ ഇതിനെ അഭ്യസിച്ചുകൊണ്ടിരിക്കേണ്ടതാണ്.

ബ്രഹ്മൈവാസ്മീതി സദ്വൃത്ത്യാ
നിരാലംബതയാ സ്ഥിതിഃ
ധ്യാനശബ്ദേന വിഖ്യാതാ
പരമാനന്ദദായിനീ. 123

സാരം:—ഞാൻ ബ്രഹ്മമാകുന്നു എന്ന വൃത്തിയൊഴിച്ച് മററു യാതൊരു വൃത്തിയുടേയും സ്ഫുരണംപോലുമില്ലാതെയും, ഒന്നിനെയും ആശ്രയിക്കാതെ നിരാലംബസ്ഥിതിയോടുംകൂടിയുള്ള ഇരിപ്പാണ് പ്രസിദ്ധമായ ധ്യാനമെന്ന അഭ്യാസം. അതു വേണ്ടപോലെ ദൃഢപ്പെട്ടുകഴിഞ്ഞാൽ ദുഃഖത്തിൻെറ യാതൊരു സ്പർശവുമില്ലാത്ത പരമാനന്ദനിർവൃതിയിൽ മുഴുകും.

നിർവ്വികാരതയാ വൃത്യാ
ബ്രഹ്മാകാരതയാ പുനഃ
വൃത്തി വിസ്മരണം സമ്യക
സമാധിർജ്ഞാനസംജ്ഞകഃ. 124

സാരം:—എട്ടു ഘടകങ്ങളോടുകൂടിയ യോഗാഭ്യാസത്തിൻെറ ഏഴു ഘടകങ്ങളെയും വഴിക്കുവഴിയായി പറഞ്ഞുവല്ലോ. ഇനി അവസാനത്തെ ഘടകമായ സമാധിയുടെ സ്വരൂപത്തെപ്പറയുന്നു. ആദ്യത്തിൽ വിഷയസ്പർശമില്ലാത്തതും വികാരരഹിതവുമായ വൃത്തികൊണ്ടും, പിന്നീടു ബ്രഹ്മാകാരവൃത്തികൊണ്ടും പാകതവന്ന ചിത്തം വൃത്തിയെതന്നെ മറന്നു ലയിക്കുന്നതാണ് സമാധിസ്വരൂപം. നിരുപാധികമായ ആത്മജ്ഞാനത്തിൻെറ സ്വരൂപവും അതുതന്നെ.

ഏവം ചാകൃതിമാനന്ദം
താവൽ സാധു സ മഭ്യസേൽ
വശ്യോ യാവൽ ക്ഷണാൽ പുംസഃ
പ്രയുക്തഃ സംഭവേൽ സ്വയം. 125

സാരം:—ഏതുവരെ പറയപ്പെട്ട സമാധിഭാവം സഹജമാവുന്നില്ലയോ; അതുവരെയും മുമുക്ഷു, അഭ്യാസത്തെ തുടൎന്നുകൊണ്ടേ ഇരിക്കണം. വിഷയാകാരമായ സംസാരഭാവം മുഴുവൻ നീങ്ങുകയും, ബ്രഹ്മഭാവത്തിന്നു മുറിവില്ലാതായിത്തീരുകയും, ചിത്തംതന്നെ ലയിച്ചു വൃത്തികളില്ലാതായിത്തീരുകയും ചെയ്യുമ്പോൾ സമാധിക്കു സഹജാവസ്ഥ കിട്ടും. അതുവരെയാണു് അഭ്യാസം ചെയ്യേണ്ടതു്. പിന്നെഭ്യാസത്തിന്റെ ആവശ്യം നേരിടുന്നില്ല.

തതഃ സാധനനിൎമ്മുക്തഃ
സിദ്ധോ ഭവതി യോഗിരാട്
തൽസ്വരൂപം ന ചൈകസ്യ
വിഷയോ മനസോ ഗിരാം. 126

സാരം:—ഇത്രയും സാധിച്ചു കഴിഞ്ഞ സാധകൻ കേവലം യോഗിമാത്രമല്ല; യോഗിരാട്ടും സിദ്ധനുമായിത്തീരുന്നു. അദ്ദേഹത്തിന്നു പിന്നെ യാതൊരു സാധനകളുടെയും ആവശ്യവും നേരിടുന്നില്ല. അദ്ദേഹം ബ്രഹ്മം തന്നെയായിത്തീൎന്നുവെന്നു പറയണം. അതിനാൽ അദ്ദേഹത്തിന്റെ സ്വരൂപം വാക്കുകൾക്കോ മനസ്സിന്നോ വിഷയമല്ലതാനും. അവാങ്മനസഗോചരമാണല്ലോ ബ്രഹ്മം. യോഗിയും സിദ്ധനായപ്പോൾ മനുഷ്യനോ, ജീവനോ അല്ലാതായി. കേവലം ബ്രഹ്മമായിത്തീൎന്നു

അദ്ദേഹവും വാങ്മനസ്സുകൾക്കു് അഗോചരൻ തന്നെ.

സമാധ്യൌ ക്രിയമാണേ തു
വിഘ്നാ ആയാന്തി വൈ ബലാൽ
അനുസന്ധാനരാഹിത്യ-
മാലസ്യം ഭോഗലാലസം 127

ലയസ്തമശ്ച വിക്ഷേപോ
രസാസ്വാദശ്ച ശൂന്യതാ
ഏവം യൽ വിഘ്നബാഹുല്യം
ത്യാജ്യം ബ്രഹ്മവിദാ ശനൈഃ. 128

സാരം:—സാമാധിയുടെ അഭ്യാസകാലത്തു് അനുസന്ധാനം ചെയ്യാൻ വയ്യാതിരിക്കുക, മടിയുണ്ടാവുക, ഭോഗേച്ഛ വളരുക, ചിത്തം ലയിക്കുക, തമസ്സും വിക്ഷേപവും വളരുക, ദിവ്യമായ രസാനുഭൂതിയുണ്ടാവുക, ശൂന്യത്വമനുഭവപ്പെടുക എന്നിങ്ങനെ പലതരത്തിലുള്ള വിഘ്നങ്ങളുണ്ടാവാം. അവയെല്ലാം സമത്ഥനായ സാധകനാൽ അപ്പഴപ്പോൾതന്നെ അകററപ്പെടേണ്ടവയാണു്. അങ്ങനെ ചെയ്യാതെ വിഘ്നങ്ങളിൽ രമിക്കുകയോ ലയിക്കുകയോ ചെയ്യുന്നപക്ഷം ലക്ഷ്യപ്രാപ്തിക്കു വളരെ കാലതാമസം നേരിട്ടേക്കും. എന്നാൽ വിഘ്നങ്ങളെ തിരിച്ചറിഞ്ഞു് അപ്പഴപ്പോൾതന്നെ അകററുന്നപക്ഷം അചിരേണ ലക്ഷ്യപ്രാപ്തിയുണ്ടാവുകയും ചെയ്യും.

ഭാവവൃത്യാ ഹി ഭാവത്വം
ശൂന്യവൃത്യാ ഹി ശൂന്യതാ
പൂർണ്ണവൃത്യാ ഹി പൂർണ്ണത്വം
തഥാ പൂർണ്ണത്വമഭ്യസേൽ. 129

സാരം:—അസ്തിത്വവും, ശൂന്യതയും, പൂർണ്ണത്വവും, അപൂർണ്ണത്വവുമെല്ലാം ചിത്തത്തിൻെറ വൃത്തികൾതന്നെയാണു്. ചിത്തത്തെ ഏതെങ്കിലും ഒരു വൃത്തിയിൽ നിർത്തി സാവകാശത്തിൽ കാലംകൊണ്ടു നശിപ്പിക്കണം. അല്ലാതെ പെട്ടെന്നു നശിപ്പിക്കാൻ സാധിക്കില്ല. അപ്പോൾ ഏതെങ്കിലും ഒരു വൃത്തിയെ അഭ്യസിക്കണമെന്നാണല്ലോ വരുന്നതു്. അങ്ങനെ അഭ്യസിക്കുന്നതു പൂർണ്ണവൃത്തിയെയാണു് നല്ലതു്. എന്നാൽ കാലംകൊണ്ടു പൂർണ്ണത പ്രകാശിക്കുകയും ചെയ്യും.

യേ ഹി വൃത്തിം ജഹത്യേനാം
ബ്രഹ്മാഖ്യാം പാവനീം പരാം
വൃഥൈവ തേ തു ജീവന്തി
പശുഭിശ്ച സമാ നരാഃ. 130

സാരം:—മുൻപറയപ്പെട്ട പൂർണ്ണവൃത്തി ഒരുപ്രകാരത്തിൽ ബ്രഹ്മാകാരവൃത്തിതന്നെയാണു്. അങ്ങനെയുള്ള വൃത്തിയെ ഉപേക്ഷിക്കുന്നവൻ മൂഢനാണു്. അവനു വിവേകമില്ല. മനുഷ്യനാണെങ്കിലും അവൻ മൃഗതുല്യനാണെന്നുപോലും പറയണം.

യേ ഹി വൃത്തിം വിജാനന്തി
യേ ജ്ഞാത്വാ വർദ്ധയന്ത്യപി
തേ വൈ സൽപുരുഷാ ധന്യാഃ
വന്ദ്യാസ്തേ ഭുവനത്രയേ. 131

സാരം:—അങ്ങനെതന്നെ പ്രസ്തുത ബ്രഹ്മാകാരവൃത്തിയെ ആരാണോ അറിയുകയും വളർത്തുകയും ചെയ്യുന്നതു്; അവർ ഉത്തമന്മാരും ധന്യന്മാരുമാണു്. എവിടെയും ആക്കും അവരാരാദ്ധ്യന്മാരുമായിത്തീരുന്നു. കാലം കൊണ്ടു് അവർ ബ്രഹ്മമായിത്തീരുകയും ചെയ്യുന്നു.

യേഷാം വൃത്തിഃ സമാവൃദ്ധാ
പരിപക്വാ ച സാ പുനഃ
തേ വൈ സൽബ്രഹ്മണാം പ്രാപ്താ
നേതരേ ശബ്ദവാദിനഃ 132

സാരം:—ആക്കാണോ ബ്രഹ്മാകാരവൃത്തി ഉദിക്കുകയും വളരുകയും, പരിപക്വതയെ പ്രാപിക്കുകയും ചെയ്യുന്നതു്; അവരാണു് ബ്രഹ്മപ്രാപ്തിക്കു ശരിയായ അധികാരികൾ. അവർ മാത്രമേ ലക്ഷ്യത്തെ അറിഞ്ഞു പ്രാപിക്കുകയും ചെയ്യുന്നുള്ളൂ. മററുള്ളവരൊക്കെ ശബ്ദവാദികളാണു്. വെറുതെ ശബ്ദകോലാഹലത്തെ മുഴക്കി ആയുസ്സിനെ നഷ്ടപ്പെടുത്തുന്നവരെന്നർത്ഥം. അതിനാൽ ബ്രഹ്മവൃത്തിയെ വളർത്തി പരിപക്വമാക്കിത്തീർക്കലാണു് ഒരു സാധകൻ ചെയ്യേണ്ടതെന്നു താല്പര്യം.

കുശലാ ബ്രഹ്മവാൎത്തായാം
വൃത്തിഹീനാഃ സുരാഗിണഃ
തേ ഹ്യജ്ഞാനിതമാ നൂനം
പുനരായന്തി യാന്തി ച. 133

സാരം:—ബ്രഹ്മതത്വത്തെക്കുറിച്ചു് ഉപന്യസിക്കുകയും വാദപ്രതിവാദങ്ങൾ നടത്തുകയും ചെയ്യുന്ന പലരുമുണ്ടു്. പക്ഷേ അങ്ങനെയുള്ളവരിലും സൎവ്വസാധരണമായി ബ്രഹ്മാകാരവൃത്തിയോ, പരമാൎത്ഥമായ വൈരാഗ്യമോ കാണാറില്ല. പിന്നെ അവരുടെ ബ്രഹ്മജ്ഞാനപ്രതിപാദനംകൊണ്ടെന്താണു് കാൎയ്യം? ഒരുകണക്കിൽ അവർ സാധാരണജനങ്ങളെക്കാൾ വലിയ അജ്ഞന്മാരാണെന്നു പറയണം. എന്തുകൊണ്ടെന്നാൽ സാധാരണജനങ്ങൾ അറിവില്ലാത്തതുകൊണ്ടു വൃത്തിയെ നിലനിൎത്താത്തതാണു്. അറിഞ്ഞുകൊണ്ടുതന്നെയാണല്ലോ ഈ പണ്ഡിതംമന്യന്മാർ ബ്രഹ്മവൃത്തിയെ വളൎത്താതിരിക്കുന്നതു്. അതിനാൽ അവർ പരമമൂഢന്മാർതന്നെ മറ്റുള്ളവരിൽനിന്നു് ഇവൎക്കു യാതൊരു വിശേഷവുമില്ല. ഇവരും മറ്റുള്ളവരെപ്പോലെ ജനനമരണങ്ങളെ ആവൎത്തിക്കുകതന്നെ ചെയ്യുന്നു.

നിമേഷാൎദ്ധം ന തിഷ്ഠന്തി
വൃത്തിം ബ്രഹ്മമയീം വിനാ
യഥാ തിഷ്ഠന്തി ബ്രഹ്മാദ്യാഃ
സനകാദ്യാഃ ശുകാദയഃ. 134

സാരം:—വിവേകികൾ അരനിമിഷനേരംപോലും ബ്രഹ്മവൃത്തിയോടുകൂടാതിരിക്കുന്നില്ല. എപ്പോഴും അവർ ബ്രഹ്മാദിദേവശ്രേഷ്ഠന്മാരും, സനകാദി മുനിശ്രേഷ്ഠന്മാരും, ശുകാദിഋഷിശ്രേഷ്ഠന്മാരുമെന്നപോലെ ബ്രഹ്മവൃത്തിയിൽ മുഴുകിത്തന്നെ കഴിഞ്ഞുകൂട്ടുന്നു. വിവേകത്തിൻെറയും സാധനയുടെയും ലക്ഷണവും അതുതന്നെ.

കാര്യേ കാരണതാ യാതാ
കാരണേ ന ഹി കാര്യതാ
കാരണത്വം തതോ ഗച്ഛേൽ
കാര്യാഭാവേ വിചാരതഃ. 135

സാരം:—കാര്യവസ്തുവിൽക്കൂടെ കാരണത്തെ കാണുകയും പ്രാപിക്കുകയുമാണു് വേണ്ടതു്. അല്ലാതെ കാരണത്തിൽക്കൂടെ കാര്യത്തെയല്ല കാണേണ്ടതു്. ജഗത്തു കാര്യവും, ബ്രഹ്മം കാരണവുമാണു്. അതിനാൽ വിചാരംകൊണ്ടു കാര്യത്തിൽക്കൂടി കാരണത്തെക്കണ്ടു പ്രാപിക്കലാണു് സാധന.

അഥ ശുദ്ധം ഭവേൽ വസ്തു
യദ്വൈ വാചാമഗോചരം
ദ്രഷ്ടവ്യം മൃൽഘടേനൈവ
ദൃഷ്ടാന്തേന പുനഃ പുനഃ. 136

സാരം:—കാര്യത്തിൽക്കൂടെ കാരണത്തെ ശരിക്കു

റിഞ്ഞു്, കാരണത്തിൽനിന്നു കാൎയ്യഭാവത്തെ തള്ളിക്കളഞ്ഞാൽ വസ്തുബോധം അത്യന്ത ശുദ്ധവും, വാക്കുകൾക്കു് അതീതവുമായിത്തീരും. ഇതാണു് സാധനകൊണ്ടു സാധിക്കേണ്ടിയിരിക്കുന്ന മഹത്തായ കാൎയ്യം. മൃൽഘടാദിദൃഷ്ടാന്തങ്ങളെക്കൊണ്ടു് ഈ പരമാൎത്ഥത്തെയാണു് വീണ്ടും വീണ്ടും ഉൽബോധിപ്പിക്കുന്നതും.

അനേനൈവ പ്രകാരേണ
വൃത്തിർബ്രഹ്മാത്മികാ ഭവേൽ
ഉദേതി ശുദ്ധചിത്താനാം
വൃത്തിജ്ഞാനം തതഃ പരം. 137

സാരം:—മുൻപറയപ്പെട്ട ശ്ലോകത്തിലെ താൽപ്പൎയ്യപ്രകാരം അഭ്യസിക്കുന്നതുകൊണ്ടുതന്നെ ഒരാളുടെ ചിത്തത്തിൻെറ വൃത്തി ബ്രഹ്മാകാരിണിയായിത്തീരും. പ്രസ്തുത ബ്രഹ്മാകാരവൃത്തി നിരന്തരാഭ്യാസംകൊണ്ടു വേണ്ടുന്ത്ര വളൎന്നു പരിപക്വതയെ പ്രാപിക്കുമ്പോൾ ശുദ്ധാന്തഃകരണനായിത്തീൎന്ന സാധകനു സ്വാഭാവികമായിത്തന്നെ വൃത്തിജ്ഞാനമുണ്ടാവുകയും ചെയ്യും.

കാരണം വ്യതിരേകേണ
പുമാനാദൌ വിലോകയേൽ
അന്വയേന പുനസ്തദ്ധി
കാൎയ്യേ നിത്യം പ്രപശ്യതി. 138

സാരം:—സാധകൻ ആദ്യംതന്നെ കാൎയ്യവസ്തുക്കളിൽകൂടെ വ്യതിരേകസ്വരൂപേണ കാരണവസ്തുവിനെ കാണാൻ തുടങ്ങണം. അങ്ങനെ ചെയ്താൽ ആ അഭ്യാസത്തിന്റെ പരിപക്വത വരുമ്പോഠം അന്വയാകാരേണ കാൎയ്യവസ്തുക്കളിലെല്ലാം കാരണസ്വരൂപത്തെ കാണാൻ തുടങ്ങും. കാലംകൊണ്ടു കാൎയ്യഭാവങ്ങളെല്ലാം മറഞ്ഞു കാരണം മാത്രമായിത്തീരുകയും ചെയ്യും. മണ്ണുണ്ടായതുകൊണ്ടാണു് ഘടമുണ്ടാവാനിടവന്നതെന്ന ചിന്ത വ്യതിരേകവും, മണ്ണില്ലെങ്കിൽ ഘടമില്ല; മണ്ണുതന്നെ ഘടമായിത്തീൎന്നിരിക്കുന്നതെന്ന ചിന്ത അന്വയവുമാണു്. ഈ സമ്പ്രദായത്തെ ബ്രഹ്മചിന്തനത്തിൽ പ്രായോഗികമാക്കുന്നതുതന്നെ അന്വയവ്യതിരേകചിന്തനം.

കാൎയ്യേ ഹി കാരണം പശ്യേൽ
പശ്ചാൽ കാൎയ്യം വിസൎജ്ജയേൽ
കാരണത്വം തതോ നശ്യേൽ
അവശിഷ്ടം ഭവേന്മുനിഃ 139

സാരം:—പ്രപഞ്ചത്തേയും, ബ്രഹ്മത്തേയും കാൎയ്യകാരണസ്വരൂപേണ നിരൂപിച്ചുറപ്പിച്ചു കഴിഞ്ഞാൽ കാൎയ്യവസ്തുക്കളിലെല്ലാം കാരണസത്തയെ കാണൻ തുടങ്ങും. ക്രമേണ കാൎയ്യഭാവത്തെ മുഴവൻ നിരസിച്ചു കാരണവസ്തുമാത്രമായിത്തീരും. കൎയ്യഭാവം മുഴവൻ നീങ്ങിക്കഴിഞ്ഞാൽ കാരണത്വവും ശേഷിക്കാൻ പോവുന്നില്ല. എ

ന്നുകൊണ്ടെന്നാൽ കാര്യഭാവമുള്ളപ്പഴല്ലേ കാരണമെന്ന പേരുള്ളു. കാര്യമില്ലാതായിക്കഴിയുമ്പോഠം കാരണഭാവവും നീങ്ങി വസ്തുസത്തമാത്രമായിത്തീരും. അറിയുന്ന താനും, അറിയപ്പെടുന്ന വസ്തുശത്തക്കൂടിയും ഒന്നായിത്തീരും. അതുതന്നെ ആത്മജ്ഞാനത്തിൻെറ സ്വരൂപവും

ഭാവിതം തീവ്രവേഗേന
വസ്തു യന്നിശ്ചയാത്മനാ
പുമാൻ തദ്ധി ഭവേൽ ശീഘ്രം
ജ്ഞേയം ഭ്രമരകീടവൽ. 140

സാരം:—ഭാവനാവിശേഷംകൊണ്ടു കൃമി വേട്ടാളനായി മാറുന്ന പതിവുണ്ടല്ലോ. അങ്ങനെയുള്ള കേവലം ഭാവനമാത്രമാണു് ഹേതുവായിട്ടിരിക്കുന്നതു്. അതുപോലെ നിശ്ചയദാർഢ്യത്തോടുകൂടുംവണ്ണം എന്തൊരു ഭാവനയെ ചെയ്താലും വളരെ വേഗത്തിൽ വസ്തുസത്ത അതായി പ്രകാശിക്കുകയെന്നതു സ്വഭാവമാണു്. അങ്ങനെ പ്രകാശിക്കപ്പെട്ടതാണു് ലോകപദാൎത്ഥങ്ങളെല്ലാം തന്നെയും. ഭാവനയ്ക്കു രൂപം മാറുമ്പോഠം പദാൎത്ഥങ്ങളുടെ ആകൃതിയും മാറിക്കൊണ്ടിരിക്കും. അതിനാൽ വസ്തുസത്ത കേവലസ്വരൂപത്തിൽ ഉറച്ച നില്ക്കാതിരിക്കാൻ തടസ്ഥമായിട്ടിരിക്കുന്നതു ഭാവനമാത്രമാണു്. അതുകൊണ്ടു ഭാവനയെ നിശ്ശേഷം അകററിയാൽ മാത്രമേ വസ്തുഭാവം സ്ഥിരമായിരിക്കയുള്ളുവെന്നു താല്പൎയ്യം.

അദൃശ്യം ഭാവരൂപം ച
സൎവ്വമേതൽ ചിദാത്മകം
സാവധാനതയാ നിത്യം
സ്വാത്മാനം ഭാവയേൽ ബുധഃ. 141

സാരം:—സത്യവും, അദ്വൈതവുമായ ചിദാത്മ ചൈതന്യംതന്നെ ഭാവനകൊണ്ടു പലതായിത്തീൎന്നിരിക്കയാണു്. അതാണു് ലോകംതന്നെയുമെന്നു പറഞ്ഞുവല്ലോ. ഭാവനാസ്വരൂപങ്ങളായ ദൃശ്യപദാൎത്ഥങ്ങൾ നിലവിലുള്ളപ്പോൾ മൂലവസ്തു അദൃശ്യമായിരിക്കുകയെന്നതു സ്വാഭാവികമാണു്. കല്പിതമായ സൎപ്പഭ്രമത്താൽ കയറും, തിരമാലകളാൽ സമുദ്രജലവും മറയപ്പെടാറുണ്ടല്ലോ. അതുപോലെ എന്തൊക്കെ ഭാവിച്ചാലും, ഏതെല്ലാം പ്രകാരത്തിലുള്ള പദാൎത്ഥങ്ങളൊക്കെ കാണപ്പെട്ടാലും അവയെല്ലാം ചിദാത്മചൈതന്യമല്ലാതെ മറ്റൊന്നുമല്ല. അതിനാൽ സാവകാശത്തിൽ ആത്മചൈതന്യത്തെ ഭാവനംചെയ്വാൻ തുടങ്ങിയാൽ കാലംകൊണ്ടു കല്പിതങ്ങളായ ദൃശ്യഭാവങ്ങളെല്ലാം നീങ്ങി കേവലസ്വരൂപം പ്രകാശിക്കും. അതിനാൽ സാധകനൊരിക്കലും ദൃശ്യവസ്തുക്കളിൽ ഭാവനയെ നിൎത്താൻ ശ്രമിക്കരുതു്. ആത്മചൈതന്യത്തെ എപ്പോഴും ഭാവനാസ്വരൂപേണ ഉപാസിച്ചുകൊണ്ടിരിക്കുകയും വേണം.

ദൃശ്യം ഹ്യദൃശ്യതാം നീത്വാ
ബ്രഹ്മാകാരേണ ചിന്തയേൽ
വിദ്വാൻ നിത്യസുഖേ തിഷ്ഠേൽ
ധിയാ ചിദ്രസപൂർണ്ണയാ. 142

സാരം:—ദൃശ്യപ്രപഞ്ചത്തെ ഒട്ടാകെത്തന്നെയും ഭാവനകൊണ്ടു് അദൃശ്യമാക്കിത്തീൎത്തു ബ്രഹ്മാകാരേണ ഉപാസിക്കണം. അങ്ങനെ ചെയ്യുന്നതുകൊണ്ടു നിത്യസുഖപ്രാപ്തിയുണ്ടാവുകയും, ബുദ്ധിചിദ്രസരൂപിണിയായിത്തീരുകയും ചെയ്യും. അങ്ങനെ നിരന്തരം പ്രവൎത്തിച്ചുകൊണ്ടിരിക്കുന്ന സാധകൻെറ ബുദ്ധിയുടെ എല്ലാ മാലിന്യങ്ങളും നീങ്ങി ബ്രഹ്മാകാരവൃത്തി പ്രകാശിക്കുകയും നിത്യാനന്ദത്തിന്നു തടസ്ഥമില്ലാതായിത്തീരുകയും ചെയ്യും. സാധകൻ ഈ സ്ഥിതിയിലെത്തിക്കഴിഞ്ഞാൽ മററൊന്നും ചെയ്യാതെ ബ്രഹ്മഭാവനയിൽതന്നെ മുഴുകിക്കഴിയണം.

ഏഭിരംഗൈഃ സമായുക്തോ
രാജയോഗ ഉദാഹൃതഃ
കിഞ്ചിൽ പക്വകഷായാണാം
ഹഠയോഗേന സംയുതഃ. 143

സാരം:—പറയപ്പെട്ട അംഗങ്ങളോടു്—യോഗാംഗങ്ങളോട്—കൂടിച്ചേൎന്ന രാജയോഗമാണു് ഇവിടെ ഉദാഹരിക്കപ്പെട്ടതു്. ഇതുതന്നെ മനസ്സിന്നു കുറേയൊ

ക്കെ പക്വതവന്നവക്ക് ചിത്തചാഞ്ചല്യമാകുന്ന കഷായഭാവത്തെ നീക്കാൻ ഹഠയോഗത്തോടുകൂട്ടിച്ചേക്കുന്നതും നല്ലതാണ്. ചിത്തത്തിന്നു പാകതവന്നവക്ക് ചില ഹഠയോഗസാധനകളും ഇതിനോടുചേക്കുന്നതു വേഗത്തിൽ ഫലപ്രാപ്തിയുണ്ടാവാൻ നല്ലതാണെന്നു താല്പര്യം.

പരിപക്വം മനോ യേഷാം
കേവലോയം ച് സിദ്ധിദഃ
ഗുരുദൈവതഭക്താനാം
സവ്വേഷാം സുലഭോ ജവാൽ. 144

സാരം:—ചിത്തത്തിന്നു വേണ്ടത്ര പാകതവന്നവക്ക് ഈ പറയപ്പെട്ട യോഗസാധന ഇതേ നിലയിൽതന്നെ ഫലപ്രദമാണ്. ഹഠയോഗാനുഷ്ഠാനങ്ങളാവശ്യമില്ലെന്നത്ഥം. ഈശ്വരനിലും ഗുരുവിലും വേണ്ടത്ര ഭക്തിയും വിശ്വാസവുമുള്ളവക്ക് വളരെ വേഗത്തിൽതന്നെ ഫലപ്രദമാണ്.

* ശുഭം *

KOTTAYAM PUBLIC LIBRARY
**KOTTAYAM.**

*Cl. No.* M294·532 · *Acc. No.* 45415

This book should be returned on or before the date last stamped below.

2 DEC 1972
27 APR 1982
15 NOV 1982
15 MAR 1983
28 MAY 1983
22 APR 1985
25 JUN 1985
28 JUN 1989
23 JUL 1990
24 AUG 1990
29 JUN 1992
25 JAN 1993
28 OCT 1993
29 NOV 1999
30 DEC 1999
6 JAN 2002
22 DEC 2004
15 DEC 2015
16 MAR 2016
18 JUL 2021

45415

Cl. No M294.532 Acc. No 45415

AUTHOR

TITLE സ്വാമി ജ്ഞാനാനന്ദസരസ്വതി
അപരോക്ഷാനുഭൂതി.

| DATE DUE | BORROWER'S NUMBER. |
|---|---|

M294.532

Nfa-5

സ്വാമി ജ്ഞാനാനന്ദസരസ്വതി
ശ്രീശങ്കരഭഗവൽപാദകൃത
അപരോക്ഷാനുഭൂതി

KOTTAYAM PUBLIC LIBRARY

Call No. M294.532 Acc. No. 45445

Author [illegible]

Title [illegible]